
പത്രാധിപർ:
ടി. കെ. നാരായണക്കുറുപ്പ്.

മാനേജിംഗ് എഡിറ്റർ:
കടവറ കൃഷ്ണൻനായർ B. A.


# ടാഗോർ




1949 1124

TAGORE
QUILON, S. INDIA

# വിഷയവിവരം

സരോജിനി—എന്റെ സഹോദരി—
വിവർത്തകൻ—ശ്രീ: എൻ കെ പി.

ഒരു കത്ത്—
ശ്രീ: ആചാര്യ വിനോബഭാവെ

സരോജിനീദേവി—
ശ്രീ: എസ്. പുരുഷോത്തമൻനായർ

ചതുർമാനലോകം—
ശ്രീ: ജി. ശങ്കരപ്പിള്ള എം. ഏ., എൽ. റ്റി.

പുണ്യാശ്രമത്തിലെ
പുതുമണവാളൻ (കവിത)—
സാഹിത്യവിശാരദൻ,
ശ്രീ: ആർ. കെ. കൊട്ടാരത്തിൽ, ഹരിപ്പാട്.

റഷ്യയിലെ കമ്മ്യൂണിസ്റ്റ് കക്ഷി—
ശ്രീ: എം. ആർ. മാധവവാര്യർ
ബി. ഏ., എൽ എൽ. ബി.

എതിരാളി (കവിത)—
ശ്രീ: ഒ. എൻ. വി. കുറുപ്പ്, ചവറ.

"ഹാല്റേ ബായ് തകത കതാ"—
ശ്രീ: ആതിച്ചനല്ലൂർ എൻ. കേശവപിള്ള
ബി. ഏ., എൽ. റ്റി.

തൊഴാനെന്നോ! (കവിത)—
ശ്രീ: കാവാലം നാരായണപ്പണിക്കർ.

ടാഗോറിന്റെ ചെറുകഥകൾ—
ശ്രീ: പി. കെ. വാസുദേവൻനായർ, പെരുന്ന.

ഇൻഡ്യയും സയാമും—
കോന്നിയൂർ ശ്രീ: ആർ. നരേന്ദ്രനാഥ്
ബി. എസ്സി., ബി. എൽ.

സങ്കല്പദേവത—
കൈതക്കാട്ട്, ശ്രീ: എൻ. ദിവാകരക്കുറുപ്പ്.

കണ്ണാടിവ്യവസായവും തിരുവിതാംകൂറും—
ശ്രീ: കെ. പി. തമ്പി ബി. എസ്സി.,
ഗ്ലാസ്സ് ടെക്നീഷ്യൻ.

തിരുവനന്തപുരം സട്ടിഫൈഡ് സ്കൂൾ —
കലാവാ, ശ്രീ: പി. വാസുദേവൻപിള്ള
ബി. ഏ., എൽ. റ്റി.

"ഞാൻ"—
ശ്രീ: നാഗവള്ളിൽ ആർ. എസ്. കുറുപ്പ്.

മച്ചിപ്പശു—
ശ്രീ: പൊൻകുന്നം വർക്കി.

ഗ്രന്ഥവീഥി—
1. ആദർശമണ്ഡപം അഥവാ
മോഹിനീഭാസ്കരൻ
2. അഹല്യ.

ടാഗോർ


# നരേന്ദ്രാ ആർട്സ്

Specialists for—

ലേബിൽ ഡിസൈൻ
ലിത്തോ പോസ്റ്റർ
ബാനർ, കട്ടൗട്ട്
ബ്ലോക്ക് മുതലായവ

കാൺവെൻറ് റോഡ്, കൊല്ലം.



## ശ്രീധന്വന്തരിമഠം വൈദ്യശാല

പുത്തൻ ചന്ത,
തിരുവനന്തപുരം.

101 ആവിർത്തിച്ച ക്ഷീരബലാതൈലം, കസ്തൂര്യാദിഗുളിക, ദശമൂലാരിഷ്ടം, മാനസമിത്രം മുതലായ ഔഷധങ്ങൾ വി. പി. യായും അയയ്ക്കപ്പെടും.

ക്യാററ്ലാഗിന് 2 ണ സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ.



## 'കമലാ സോപ്പുകൾ'

വാഷിംഗ് & ടോയിലററ്

ശാസ്ത്രീയമായി നിർമ്മിച്ച ഏററവും ചുരുങ്ങിയവിലയ്ക്കു വിതരണംചെയ്തുവരുന്നു.

നിർമ്മാതാക്കൾ:—

സഹകരണ സെൻട്രൽ സ്റ്റോർ സോപ്പുവർക്ക്സ്

പുത്തിയിൽ ബിൽഡിംഗ്സ്,
ഹരിപ്പാട്.

സബ് ഏജൻറന്മാരെ ആവശ്യമുണ്ട്.

വിവരങ്ങൾക്ക് എഴുതുക:-

സെക്രട്ടറി,
സെൻട്രൽ കോഓപ്പറേറ്റീവ് സൊസൈററി,
No. 2413, ഹരിപ്പാട്.

# Mammoth Postage Stamp Album.

## FOR DISPOSAL.

Ancient, various special and comparatively modern issues of Postage stamps of nearly all the various countries in the world

Well cleansed and neatly preserved loose stamps in huge quantities!

Could be disposed of in parts or lot.

For detailed list and all full particulars

*Please apply to:—* X C/o. The Manager,

**'Tagore', Quilon.**

---

***Please Approach***

Hardware materials of all descriptions, Paints, Varnishes, Motor spare parts, agricultural implements etc. etc.

**പയനിയർ**

ഇൻഡസ്ട്രിയൽസ് ക്ലിപ്തം,

കൊല്ലം.

---

*For*
*Best*
*Printing*

**AZAD PRINTERS**

**QUILON.**

---

**റബ്ബർ മുദ്രകൾ**

ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി, നാഗരം എന്നീഭാഷകളിൽ ഏതുതരം റബ്ബർ മുദ്രകളും മിതമായ നിരക്കിൽ ഭംഗിയായിച്ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

സരോജിനി-എന്റെ സഹോദരി.

# സരോജിനി—എന്റെ സഹോദരി

## ശ്രീ: ഹരീന്ദ്രനാഥ ശതോപാദ്ധ്യായ

സരോജിനിദേവിയുടെ മരണത്തെ സംബന്ധിച്ച് സഹോദരൻ സകലകലാ
നിഷ്ണാതനായ ശ്രീ: ഹരീന്ദ്രനാഥശതോപാദ്ധ്യായ നിർമ്മിച്ച നിമേഷകവിത
യിലെ ചില ഭാഗങ്ങളുടെ ഏകദേശവിവർത്തനം

വിവർത്തകൻ—ശ്രീ: എൻ. കെ. പി.


ഒവപട്ടെന്ന കാഹളാഹ്വാനം നിലച്ചു! ;നീ
നഷ്ടമായ്! —എങ്കിലും ത്വൽപ്രേരണകളാൽ
ഒത്തമായ് ഉത്കൃഷ്ടമണ്ഡലം, ഉന്നത—
ചൈത്യങ്ങൾ, ശകതങ്ങൾ കെട്ടിപ്പടുക്കുവാൻ
താരമാറായി തകന്നഴിഞ്ഞുള്ളൊരീ-
"കാലസൂത്ര"ത്തിൽ കുഴഞ്ഞു കുഴങ്ങവേ
താന്താരാം ഞങ്ങൾക്കു നിന്നന്തരാത്മാവു
സാന്ത്വനം നൽകുവാൻ നിൽക്കുന്നു സർവ്വദാ!
അന്ധകാരത്തിൻകുരുക്കറുക്കാന്തരി
നിൻപള്ളിവാളുനീ ലോകരക്ഷാർത്ഥമായ്
മാനവജാതിതന്നൈക്യസംഹേതുക-
ഗാനസമ്മോഹനസുന്ദരവീചികൾ
അംബരാന്തങ്ങളെച്ചുംബിച്ചുലാവുന്നു
നിൻജീവിതാംഗുലീലീലയാലന്വഹം.
രാപകലില്ലാതെ പായും ചെറുതോണി
യായിരുന്നു നിന്റെജീവിതം പാവനം.
മൃത്യുവിന്നുംകീഴടങ്ങാതെമറ്റൊരു
യാത്രയ്ക്കുതന്നെ തിരിച്ചുകഴിഞ്ഞു, നീ
വിസ്മരിച്ചീടുവാൻ ഭാവിക്കുമാവാത്ത
വിച്ഛിത്തിയറ്റൊരസ്സംഗീതദീപ്തിയാൽ
നിത്യപ്രചോദനം നൽകിയീ ഞങ്ങളെ-
സ്സ്വാച്ഛന്ദ്യസാരത്തിലേക്കു നയിപ്പു നീ
കാണുവാനാവാത്ത ഞങ്ങൾക്കു തോന്നിടാം
ചേണലാവും നിന്റെ കർമ്മം നിലച്ചതായ്
കല്യൻ ഗുരുനാഥനൊത്തു്,മഹാശാന്തി—
അല്ല അശാന്തി!—അനുഭവിക്കുന്നു നീ!

ദേശാഭിമാനമാം പാവകജ്വാലതൻ
പാവനശക്തിയാൽ ക്ഷുബ്ധമാം നിൻമനം
കാന്തിയേറും വിശ്രമത്തിന്റെ ശീതള
ശാന്തിയിൽ സംതൃപ്തി കാണുകില്ലേതുമേ!



നിത്യതാസുന്ദരമായ നിന്നാത്മാവു
മൃത്യുവിൻകൈകൾക്കുമപ്രാപ്യമല്ലയോ?
മൃത്യുവിൻ ദുർബലധർമ്മങ്ങൾ തീണ്ടില്ല
നിത്യതാഭാസുരം നിന്നാത്മശക്തിയെ!
മൂകസംഗീതത്തിനൊപ്പം പരക്കുന്ന
ലോകാന്തരങ്ങളിൽ താവകം സുസ്വരം
"വ്യർത്ഥംതവ കൃത്യ"മെന്നോതിയസ്വരം
മൃത്യുവേയുൽബുദ്ധനാക്കുന്നു നിത്യവും!

1949.?    5/1124


ടാഗോർ ഒരു ... മാസിക-
യാണ്. ...
... അനുഗ്രഹിക്കുന്നു.
വിനോബ

# ശ്രീ ആചാര്യ വിനോബഭാവെ

ഗാന്ധിജിയുടെ അമൂല്യങ്ങളായ സേവനങ്ങളിൽ അത്യുൽകൃഷ്ടത അർഹിക്കുന്നതു്, കളിമണ്ണിൽനിന്നും മനുഷ്യരാശിയെ നിർമ്മിച്ച ആ അത്യത്ഭുത സൃഷ്ടിപരിപാടിയാണു്. ആ സർഗ്ഗവൈചിത്ര്യത്തിന്റെ അത്യനർഘഫലമായി നമുക്കു ലഭിച്ചിട്ടുള്ള കർമ്മയോഗികളിൽ ശ്രീജിത് ഭാവെ പ്രാതഃസ്മരണീയനായി നമ്മുടെ ആരാധനയെ അർഹിക്കുന്നു. ൧൯൪൦-ലെ ചരിത്രപ്രസിദ്ധമായ സത്യഗ്രഹസമരകാലത്തു് ഗാന്ധിജി വ്യക്തിപരമായ സത്യഗ്രഹം അനുഷ്ഠിക്കുന്നതിനു് ആദ്യമായി അനുമതിനല്കി അനുഗ്രഹിച്ചയച്ചതു് ഈ പരിത്യാഗൈകവ്രതനെത്തന്നെ ആയിരുന്നു. ഈ അനുഗ്രഹദാനം ശ്രീ: ഭാവെയുടെ വ്യക്തിവൈശിഷ്ട്യത്തിനു മകുടംചാർത്തുന്നതായിരുന്നു.

ഗാന്ധിജിയുടെ അപ്രതിരോധ്യമായ "ടാങ്കുക"ളിൽ ശ്രീ: ഭാവെ അനിതരസാധാരണമായ കർമ്മനൈപുണികൊണ്ടു് അപരിമിതപ്രഭാവനെന്നു പ്രകീർത്തനം ചെയ്യപ്പെടുന്നു. ബഹുഭാഷാപണ്ഡിതനെങ്കിലും 'സത്യായ മിതഭാഷിണാം' എന്ന യഥാർത്ഥസത്യഗ്രഹസിദ്ധാന്തം ത്രിവിധകരണങ്ങളാലും അനുഷ്ഠിച്ചുപോരുന്ന ഈ കർമ്മയോഗി ഇപ്പോഴും വർദ്ധായിൽ താമസിക്കുന്നു. ഗാന്ധിജിയുടെ ഈ യഥാർത്ഥ അനുയായി സർവ്വോല്ക്കർഷേണ വർത്തിക്കുമാറാകട്ടെ !

# ടാഗോർ

പുസ്തകം ൧ | മാർച്ച് | ലക്കം ൨

# സരോജിനീദേവി

എസ്. പുരുഷോത്തമൻനായർ.

കഴിഞ്ഞവർഷം ഗാന്ധിജി.....! ഈവർഷം സരോജിനീദേവി—! പുരുഷവൎഗ്ഗത്തിന്റേയും സ്ത്രീവൎഗ്ഗത്തിന്റേയും കോടീരരത്നങ്ങളാണു് പൊയ്പ്പോയതു്. ഇനി എന്നാണോ ലോകം അങ്ങനെ രണ്ടു ദിവ്യരത്നങ്ങൾ കണ്ടെത്തുന്നതു്!

രണ്ടുതവണ ഞാൻ ഗാന്ധിജിയുടെ പാവനവിഗ്രഹം കണ്ടിട്ടുണ്ടു്; രണ്ടുതവണ ആദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ടു്. എന്നാൽ സരോജിനീദേവിയെ കണ്ടതു് ഒരിക്കൽ മാത്രം! ഒരു പൊന്നുഷസ്സിൽ ആ വാനമ്പാടി വടക്കുനിന്നു പറന്നു് കൊല്ലം പീരങ്കിമൈതാനത്തിൽ എത്തി. അവിടെ ഇരമ്പിനിന്ന മനുഷ്യമഹാസമുദ്രം അതോടെ ശാന്തമായി. ആ ശാന്തസമുദ്രത്തിൽ ഈയുള്ളവനും കടുകിന്മണിയിലുംചെറിയ ഒരു തുള്ളിയായി ലയിച്ചിരുന്നു. മൂകനു് ആസ്വദിക്കാം. പക്ഷേ അവൻ ആസ്വദിച്ചതു് എന്താണെന്നു പറവാൻ ശക്തനല്ല. അന്നു് എനിക്കു് ഉണ്ടായ അനുഭൂതിയെ സംബന്ധിച്ചിടത്തോളം ഞാനും മൂകനാണു്. മധുരമധുരമായ ഒരു ശബ്ദപ്രവാഹം! ആ ശബ്ദപ്രവാഹത്തിൽ നുറുനൂറു കവനവീചികൾ ഉയൎന്നുനിന്നു നടനംചെയ്യുന്നു!!

അന്നു് എന്റെ ജീവിതത്തിലെ ഒരു മഹാസുദിനമായിരുന്നു. ആ സുദിനവും പോയി, അതിനുശേഷം കാലവിഹംഗമത്തിന്റെ ഇരുപത്തിയഞ്ചു തൂവലുകൾ പൊഴിഞ്ഞു ഭൂതത്തിലാണ്ടു.

"അങ്ങയുടെ ശാശ്വതഹസ്തങ്ങൾകൊണ്ടു തരാവുന്ന പരമാവധി ആനന്ദവും വേദനയും എനിക്കു് അനുഭവിക്കാൻതരണേ—" എന്നാണു് 'ആത്മപ്രാൎത്ഥന' എന്ന കവിതയിൽ സരോജിനീദേവി സവേശ്വരനോടു പ്രാൎത്ഥിക്കുന്നതു്. ആ പ്രാൎത്ഥന ഫലിക്കത്തക്കവണ്ണം എല്ലാ മാൎഗ്ഗങ്ങളും തുറക്കപ്പെട്ടു. കഴിഞ്ഞ ഒരു കാൽനൂററാണ്ടിനിടയിലുള്ള അവരുടെ കൎമ്മകോടികൾഎണ്ണുക! ഏതേതെല്ലാംമണ്ഡലങ്ങളിൽ എങ്ങനെയെല്ലാം? രാജ്യാന്തരങ്ങളിൽ പ്രസംഗങ്ങൾകൊണ്ടു് ദേവസംഗീതം മുഴക്കുന്നു. ഭാരതമഹാജനസഭയുടെ അഗ്രപീഠം അലങ്കരിക്കുന്നു. റൗണ്ടുടേബിൾ

കാൺഫറൻസിൽ സ്ത്രൈണശബ്ദത്തിനു വിജയം നേടിക്കൊടുക്കുന്നു. ഗാന്ധിജിയുടെ സഹനസമരത്തിലെ സേനാനികൾക്കു ആശയും പ്രകാശവും നൽകുന്ന വീരനേത്രിയായി നിലകൊള്ളുന്നു. കാരാ



നൽകുവാൻ എനിക്കു് ഇനി ഒന്നുമില്ല;

എൻെറ ആത്മാവു കറന്നെടുത്ത സംഭാവന, എൻെറ സർവ്വസ്വവും, അങ്ങയുടെ വേദിയിൽ അർപ്പിച്ചുകഴിഞ്ഞു.

ഇനി എനിക്കു വിടനൽകണേ.

എൻെറ ആത്മാവാകെ ദോഹനംചെയ്തു കഴിഞ്ഞു.

വിഷാദകരമായ എൻെറ കഴിവുകേടുകൾ പരസ്യമായി പാടിക്കഴിഞ്ഞു.

ഇനി ഞാൻ പോകട്ടെ.

എൻെറ അവശമായ അവയവങ്ങൾകൊണ്ടു് ഇഴഞ്ഞിഴഞ്ഞു്, മങ്ങിയ വല്ല നിഴലിലുമെത്തി

സ്വയം താരാട്ടുപാടി ഞാൻ ഉറങ്ങിക്കൊള്ളട്ടെ.

— സരോജിനീദേവി.

ഗാരങ്ങളിലെ ഇരുട്ടറകൾക്കു കാവ്യസൗന്ദര്യം അരുളുന്നു. ഒടുവിൽ സ്ത്രീലോകത്തിനു് അലഭ്യമായ ഗവൺമെൻ്റ്പദത്തിൽ ആരോഹണം! അങ്ങനെ ൧൮൭൯ൽ ഫെബ്രുവരി ൧൩-ാംനു ആരംഭിച്ച ആ മഹാകാവ്യം ൧൯൪൯ൽ മാർച്ചുമാസം ൨-ാംനു അവസാനിക്കുന്നു. പുളകതരംഗങ്ങൾ ഇളക്കിവിടുന്ന എഴുപതു സർഗ്ഗങ്ങൾ!

“വീരാത്മാവേ, അങ്ങയുടെ ചിതാഗ്നിയെ ചുഴന്നുനിന്നു രോദനംചെയ്യുന്ന മാനവലക്ഷങ്ങൾ അങ്ങയുടെ കയ്യിൽനിന്നു വഴുതിവീണ വിളക്കിൽനിന്നു് അന്തരാത്മാവിൻെറ തിരികൾ കൊളുത്തി മാതൃഭൂമിയെ സേവിക്കുമാറാകട്ടെ!—” എന്നാണു് ഗോപാലകൃഷ്ണഗോഖലേ ദിവംഗതനായപ്പോൾ സരോജിനീദേവി എഴുതിയ കവിത സമാപിക്കുന്നതു്. ഭാരതീയനേതാക്കളിൽ മിസ്സിസ്സ് നായിഡു ആദ്യമായി ഉററബന്ധം തുടങ്ങിയതു ഗോഖലെയോടാണു്. ഒരു വിദ്യാർത്ഥിനിയായിരുന്നപ്പൊഴേ അവരുടെ ശോഭനഭാവിയെപ്പററി ഗോഖലെ പ്രവചിച്ചിരുന്നതായി ഡാക്ടർ എം. ആർ. ജയക്കർ എഴുതിയിരിക്കുന്നു. ഗോഖലെയുടെ ദൗത്യംവഹിച്ചു് ആദ്യകാലം അവർ ചില സഭകളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. എന്നാൽ ആ വാനമ്പാടിയുടെ രാജസജീവിതത്തിനു് ഒരു സമൂലപരിവർത്തനംവരുത്തിയതു മഹാത്മജിതന്നെയാണു്. ഗാന്ധിജിക്കു പ്രിയപ്പെട്ടവരിൽ ഏററവും മുന്നണിയിലാണു് മിസ്സിസ്സ് നായിഡു നിലകൊള്ളുന്നതു്. ആ ജഗൽഗുരുവിൻെറ വത്സലശിഷ്യ!—അല്ല പ്രിയസഹോദരി!—പോരാ, അഹിംസാത്മികയായ വനിതാനളിക!! മഹാത്മജിയുടെ ലോകശ്രദ്ധയെ ആകർഷിക്കുന്ന സർവ്വകർമ്മങ്ങളിലും മർമ്മസ്പൃക്കായ അനുഭവങ്ങളിലും സരോജിനി പററിച്ചേർന്നുനിന്നിട്ടുണ്ടു്. ഉപവാസകാലങ്ങളിലെല്ലാം പരിചരണത്തിനും നിയന്ത്രണത്തിനും കൃത്യബോധംനിറഞ്ഞ ഒരു അന്തേവാസിനിയായി അവർ പരിലസിച്ചു. അഗാഖാൻപാലസ്സിലെ ബന്ധനത്തിനിടയിൽ കസ്തൂർബാ അന്തരിക്കുമ്പോൾ അവിടെ സ്നേഹമൂർത്തിയായി സരോജിനീദേവിയും ഉണ്ടു്. ഭാരതത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി ഗാന്ധിജി ഓരോ

അഗ്നിഗോപുരവും കടന്നുപോകുമ്പോൾ അദ്ദേഹത്തെ അനുഗമിച്ച ഭാരതീയസ്ത്രീത്വത്തിന്റെ വീൎയ്യചിഹ്നമായ സരോജിനീദേവിയെ അവഗണിക്കുന്ന ചരിത്രം ചരിത്രമാകയില്ല.

ജന്മഭൂമിയുടെ ആഹ്വാനം ആദരിച്ചാണു് സരോജിനീദേവി കാവ്യലോകത്തിൽനിന്നു രാഷ്ട്രരംഗത്തിലേക്കു പ്രവേശിച്ചതു്. രണ്ടു രംഗങ്ങളിലും ജൈത്രലക്ഷ്മി അവരെ കാത്തുനിന്നു. എങ്കിലും സ്ത്രീത്വം എങ്ങും അവർ ഉപേക്ഷിച്ചിരുന്നില്ല. കുടുംബത്തിന്റെയും ലോകത്തിന്റെയും പ്രതിഷേധങ്ങളോടു മല്ലിട്ടു് തന്റെ സ്വച്ഛന്ദപ്രേമത്തിനു് അധീനയായി അവർ ഡാക്ടർ ഗോവിന്ദരാജലുനായിഡുവിനെ വരിച്ചു. അവർ അന്ത്യംവരെ ഒരു മാതൃകാപത്നിയായിരുന്നു. ജയസൂൎയ്യൻ, പത്മജ, രണധീരൻ, ലീലാമണി ഇങ്ങനെ നാലു സന്താനങ്ങൾ അവൎക്കുണ്ടായിട്ടുണ്ടു്. ദേവി സരോജിനി ഒരു മാതൃകാമാതാവുമായിരുന്നു. കുഞ്ഞുങ്ങളുടെ സിദ്ധാന്തം അടക്കാൻ ആ ബഹുകാൎയ്യപരതന്ത്ര തന്റെ കൈകൊണ്ടു മധുരപലഹാരങ്ങൾ ഉണ്ടാക്കിക്കൊടുത്തുവന്ന കഥ അവരുടെ ഭ്രാതൃപത്നി കമലാദേവി ശതോപാദ്ധ്യായയുടെ ലേഖനത്തിൽനിന്നു വെളിപ്പെടുന്നു. മാതൃസഹജമായ പ്രതീക്ഷകളും മനോവികാരങ്ങളും എത്രത്തോളം അവരെ ബാധിച്ചിരുന്നുവെന്നുള്ളതിനു് ഓരോ ശിശുവിനെസംബന്ധിച്ചും അവർ എഴുതിയ കവിതകൾ സാക്ഷ്യംവഹിക്കുന്നുണ്ടു്. ഒരു മാതൃകാപത്നി, മാതൃകാമാതാവു്, മാതൃകാഗൃഹനായിക ഈ നിലകൾക്കു ഭംഗംവരാതെ ദൃഢവ്രതത്തോടും കൃത്യബോധത്തോടുംകൂടി പ്രവൎത്തിക്കുന്ന സമ്പൂൎണ്ണഭാരതീയസ്ത്രീത്വമാണു് ലോകം സരോജിനീദേവിയിൽ കാണുന്നതു്.

സരോജിനീദേവിയുടെ പിതാവു് ശാസ്ത്രപടുവായ ഡാ: അഘോരനാഥശതോപാദ്ധ്യായനായിരുന്നു. മാതാവു് കവയിത്രി വരദസുന്ദരിദേവിയും. സരോജിനിയെ ശാസ്ത്രപഠനത്തിനു നിയോഗിക്കുവാനാണു പിതാവു് അഭിലഷിച്ചതു്. പക്ഷേ പതിനൊന്നാമത്തെ വയസ്സുമുതൽ അവരിൽനിന്നു് കവിതയാണു പ്രവഹിക്കാൻതുടങ്ങിയതു്. പതിനാറാംവയസ്സിൽ വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കുതിരിക്കുമ്പോൾ ഒരുകെട്ടു കവിത അവരുടെ കൈവശം ഉണ്ടായിരുന്നു. ആ കവിതകളിൽ ചിലതു് ഇംഗ്ലണ്ടിൽവച്ചു സാഹിത്യമൎമ്മജ്ഞനായ സർ എഡ്വേർഡ്ഗോസിന്റെ ദൃഷ്ടിയിൽ പെട്ടു. ഒരു തനി ഇംഗ്ലീഷ്കവിക്കുപോലും സ്വാധീനമല്ലാത്ത മധുരനിൎമ്മലമായ ഇംഗ്ലീഷ്ശൈലി അവൎക്കു സ്വായത്തമായിരുന്നു. എന്നാൽ വെറും പാശ്ചാത്യവിഷയങ്ങളെ ആസ്പദമാക്കി പാശ്ചാത്യമായ അന്തരീക്ഷത്തിൽ എഴുതിയിരുന്ന ആ കവിതകളെ പ്രശംസിക്കാൻ ഗോസ് തയാറായില്ല. പൗരസ്ത്യാദൎശങ്ങളെ ആധാരമാക്കി കവിത എഴുതണമെന്നു് അദ്ദേഹമുപദേശിച്ചു. ആ ഉപദേശം സരോജിനിയുടെ മുമ്പിൽ വേണ്ടത്ര വെളിച്ചംവീശി. പൗരസ്ത്യവിഷയങ്ങളെ സ്വീകരിച്ചു് അവർ കവിതയെഴുത്തുതുടങ്ങി. അതോടുകൂടി ആംഗ്ലേയരായ കവിതാസ്വാദകന്മാരുടെയിടയിൽ അവരുടെ കവിതകൾക്കു് ഒരു പ്രത്യേകസ്വീകരണവും ലഭിച്ചു. റഡ്യാർഡ്കിപ്ലിംഗ് മുതലായ സമകാലീനകവികളുടെ കവനങ്ങൾ പ്രചരിക്കുമ്പോൾ സരോജിനിയുടെ കവിതയ്ക്കു പ്രത്യേകസ്വീകരണം ഇംഗ്ലണ്ടിൽ ഉണ്ടായതു് അതിലെ പൗരസ്ത്യസ്വഭാവംകൊണ്ടുകൂടിയായിരുന്നു. ഓമർഖായത്തിന്റെ റുബിയാത്തു് ഇംഗ്ലീഷിലായപ്പോൾ ഇംഗ്ലണ്ടിലുണ്ടായ സ്വീകരണം ഇവിടെ സ്മരണീയമാണു്. ആ സ്വീകരണം അത്ഭുതാവഹമായ പൗരസ്ത്യചിന്താഗതിക്കായിരുന്നു.

സരോജിനീനായിഡുവിന്റെ കവിതകളെസംബന്ധിച്ചു് ഒരു പരമാൎത്ഥം അറിഞ്ഞിരിക്കാനുണ്ടു്. അവരുടെ കവിത വാ

യിക്കുമ്പോൾ അതു് ഒരു ഇൻഡ്യാക്കാരിയുടെ കവിതയാണെന്ന തോന്നലല്ല അനുവാചകന്മാർക്കു ഉണ്ടാകുന്നതു്; ഭാരതത്തെ തൻെറ ശാന്തിഭൂവായി വരിച്ച ഒരു ആംഗ്ലേയകവയിത്രിയുടെ കവിതാപ്രവാഹമാണെന്ന ഒരു തോന്നലാണുണ്ടായിപ്പോകുന്നതു്.

ഗോൾഡൻത്രഷ്ഹോൾഡ് (The Golden Thresh hold), ബേർഡ് അഫ് ടൈം (The Bird of time), ബ്രോക്കൺ വിംഗ് (The Broken wing) ഇങ്ങനെ മൂന്നു കവനസമാഹാരങ്ങളാണു സരോജിനീദേവിയുടെ ഗ്രന്ഥങ്ങൾ. പുരാണേതിഹാസങ്ങളിലും പുരാതനചരിത്രങ്ങളിലും വ്യവഹരിക്കപ്പെട്ടിട്ടുള്ള നിത്യസൗന്ദര്യങ്ങളെ പ്രതിബിംബിപ്പിക്കുന്നവ, ആധുനികകാലത്തിലെ വസ്തുതകളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുന്നവ, ഭാവിയിലേക്കു മാർഗ്ഗദീപം തെളിക്കുന്നവ ഇങ്ങനെ വൈവിധ്യം ഇടതിങ്ങിയ കവിതകൾകൊണ്ടാണു് ഈ ഗ്രന്ഥങ്ങൾ നിറഞ്ഞിരിക്കുന്നതു്. വേദത്തിലെപ്പോലെ ഇന്ദ്രനെയും വരുണനെയും ഏററവും നവീനമായ ചിന്താഗതിക്കു് ഇണങ്ങത്തക്കവണ്ണം സ്തുതിക്കുന്ന കവിതകളുണ്ടു്. മനുഷ്യസ്വഭാവത്തിൻെറ വിവിധപ്രതിനിധികൾ കൂടിച്ചേർന്നു കാളിമാതാവിനെ പൂജിക്കുന്ന അത്ഭുതകവിതകളുണ്ടു്. പത്മാസനസ്ഥനായ ബുദ്ധൻെറമുമ്പിൽ വിഷയനിർമ്മുക്തിക്കുവേണ്ടി പ്രാർത്ഥിക്കുന്ന കവിതകളുണ്ടു്. മുസ്ലിംപള്ളിയിൽനിന്നു പുറപ്പെടുന്ന വാങ്കുവിളിയും ക്രൈസ്തവദേവാലയത്തിൽനിന്നു വരുന്ന പ്രാർത്ഥനാശബ്ദവും ജൈനക്ഷേത്രത്തിൽനിന്നുയരുന്ന സ്തോത്രവുംഹൈന്ദവക്ഷേത്രത്തിൽനിന്നു മുഴങ്ങുന്ന നാരായണമന്ത്രവും ഒരേ ചേതോവികാരത്തോടുകൂടി കൈക്കൊള്ളുന്ന മനോഹരകവിതകളുണ്ടു്. അമൃതവാഹിനി പ്രവഹിക്കുന്ന ഇന്ദ്രരാജധാനിയിലെ സുവർണ്ണപുഷ്പങ്ങൾ തിങ്ങിനിറഞ്ഞ മണിനികുഞ്ജങ്ങളിൽനിന്നായാലും അന്ധകാരവും വേദനയും ഇടതിങ്ങിയ യമലോകത്തുനിന്നായാലും വൃന്ദാവനത്തിലെ മുരളീഗായകൻെറ മധുരഗാനം കേട്ടാൽ താൻ പറന്നെത്തുമെന്നു് ഉറപ്പുപറയുന്ന കവിതകളുണ്ടു്. ഭാരതത്തിലെ ഋതുക്കളും നിശയും പ്രഭാതവും എല്ലാം എല്ലാം പരമസുന്ദരമായ കവിതകളിൽക്കൂടി സരോജിനീദേവി ലോകത്തിനു കാട്ടിക്കൊടുക്കുന്നു.

ശുദ്ധസൗന്ദര്യവും അതിൽനിന്നുണ്ടാകുന്ന ആനന്ദാനുഭൂതിയുംമാത്രമാണു സരോജിനീദേവിയുടെ കലാലക്ഷ്യമെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. കല എപ്പോഴും കലയായിരിക്കണമെന്ന ആശയം അവർ എവിടെയും സഫലമാക്കി. എന്നാൽ ചുററുപാടുകളെ മറന്നു വെള്ളിമേഘങ്ങളുടെയും മിന്നൽപിണരുകളുടെയും ഇടയിൽ മാത്രമല്ല അവർ വിഹരിച്ചതു്. ആകാശത്തിലും ഭൂമിയിലും മണിമേടയിലും പാഴ്ക്കുടിലിലും വനഹൃദയങ്ങളിലും സാഗരങ്ങളിലും എല്ലാം അവർ സഞ്ചരിച്ചു. അവർ പാടിയതെല്ലാം മനുഷ്യർക്കുവേണ്ടിയായിരുന്നു. ഗോൾക്കൊണ്ടായിലെ രാജകീയശവകുടീരത്തെയും ഡെൽഹിയേയും വിവരിച്ച സരോജിനി കിഴക്കേക്കടൽതീരത്തിലെ മുക്കുവക്കുടിലിലും ചെന്നെത്തിയിട്ടുണ്ടു്. "രാത്രി മുഴുവൻ കരഞ്ഞുതളന്ന ഒരു ഇളംപൈതലിനെപ്പോലെ പ്രഭാതത്തിൻെറ കൈത്തലത്തിൽ മാരുതൻ മയങ്ങിക്കിടക്കുമ്പോൾ തിരമാലകളിൽ ചാടിക്കിടക്കുന്ന വിഭവങ്ങൾ പിടിച്ചെടുക്കാൻ" മുക്കുവനെ വിളിച്ചുണർത്തുന്ന സരോജിനിയോ സാധാരണക്കാരനെ മറക്കുന്നതു്? വളവില്പനക്കാരൻെറയും നെയിത്തുകാരൻെറയും കൈനോക്കി നടക്കുന്ന കാക്കാലത്തിയുടെയും വിധവയുടേയും സമീപത്തിൽ സഹാനുഭൂതി നിറഞ്ഞ സരോജിനീദേവിയുണ്ടു്. എന്നാൽ വസന്തവും ശിശിരവും ഇരുട്ടും പ്രഭാതവും കാണുമ്പോൾ അവർ തിരിഞ്ഞുനിന്നു് ഒന്നു പാടിപ്പോകും. ഇതെല്ലാംകവികൾക്കും കവയിത്രികൾക്കും സ്വാഭാവികമാണു്. ഒരു

# ചതുർമാനലോകം

ജി. ശങ്കരപ്പിള്ള എം. എ., എൽ. റ്റി.

ഈ മാസികയുടെ ശാസ്ത്രവീഥിയിലെ പ്രഥമലേഖനമാണ് "ചതുർമാനലോകം". പ്രൊഫസർ എയിൻസ്റ്റിനാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ സിദ്ധാന്തം പൂർണ്ണമായി ഗ്രഹിച്ചിട്ടുള്ളവർ ഈ ലോകത്തിൽ ഒരു പന്ത്രണ്ടുപേരിലധികം കാണുകയില്ലെന്നു പറയാറുണ്ട്. കർക്കശമായ ഈ വിഷയത്തെ കഴിയുന്നിടത്തോളം ലളിതമായി പ്രതിപാദിക്കാൻ ലേഖകൻ ആവതും പ്രയത്നിച്ചിട്ടുണ്ട്. [ ടാ: പ: ]

ചതുർമാനലോകം ഗണിതശാസ്ത്രജ്ഞന്റെ ഒരു സങ്കല്പം മാത്രമാണെന്നും ജീവിതയാഥാർത്ഥ്യവുമായി അതിനു വലിയ ബന്ധമൊന്നുമില്ലെന്നുമാണ് പലരും ധരിച്ചിരിക്കുന്നത്. ഈ വിഷയത്തെസംബന്ധിച്ചു പാശ്ചാത്യശാസ്ത്രകാരന്മാർ രചിച്ചിട്ടുള്ള അതിഗഹനങ്ങളായ പ്രബന്ധങ്ങൾ വായിക്കുന്നവർക്കു ഇങ്ങനെയൊരു ധാരണയുണ്ടാകുന്നതു സാധാരണയുമാണ്. എന്നാൽ ആപേക്ഷികസിദ്ധാന്ത (Theory of Relativity)ത്തിന്റെഅത്യഗാധതയിലേക്കു കടക്കാതെതന്നെ ഈ വിഷയത്തെപ്പറ്റി ഒന്നു പരിചിന്തിക്കുവാനും, ഒരു ഭാരതീയന്റെ ദൃഷ്ടിയിൽക്കൂടി ചതുർത്ഥപരിമാണ (Fourth dimension)ത്തെ ഒന്നു പരിശോധിക്കുവാനും, മനുഷ്യജീവിതവുമായി അതിനുവല്ല ബന്ധവുമുണ്ടോ എന്നു് ആരായുവാനുമാണ് ഈ ലേഖനത്തിലെ ഉദ്യമം.

ചതുർമാനലോകമെന്നാൽഎന്ത്? നാലു 'മാന'ങ്ങൾ അല്ലെങ്കിൽ അളവുകൾ (dimensions) ഉള്ള ലോകം എന്നാണ് ഇതിന്റെ അർത്ഥം. നീളം, വീതി, പൊക്കം ഇങ്ങനെ മൂന്നളവുകളെപ്പറ്റി നമുക്കറിയാം. നീളത്തിനുലംബമായ അളവുവീതി; ഇവയ്ക്കു രണ്ടിനും—അതായത് നീളവും

---

ചട്ടക്കൂട്ടിലും ആരും അവരെ പിടിച്ചു നിറുത്താതിരുന്നെങ്കിൽ—

"ബാലേ, ജീവിതവ്യഥകളിൽനിന്നു നിനക്കു ഞാൻ രക്ഷയരുളട്ടെയോ? മറ്റൊരു ആനന്ദജീവിതം തരട്ടെയോ?" എന്നിങ്ങനെ മരണംവന്നു ചോദിക്കുന്ന ഒരു കവിത സരോജിനി എഴുതിയിട്ടുണ്ട്. "ഹാ, മരണമേ, നിന്റെ ഈ സഹതാപം എന്റെ കണ്ണുങ്ങളെ ലജ്ജിപ്പിക്കുന്നു. എന്റെ സംഗീതവും രാജ്യസേവനവും മുഴുവനാകുന്നതിനുമുമ്പു ജീവിതവ്യഥയേറ്റു പതറുന്ന ഒരു ആത്മാവാണോ എനിക്കുള്ളതു്?—" എന്നു കവയിത്രി മറുപടിയായി ചോദിക്കുന്നു. ആ വീരാത്മികയുടെ ദിവ്യസംഗീതവും ത്യാഗസമുജ്ജ്വലമായ രാജ്യസേവനവും സമ്പൂർണ്ണമായി. ആ ആത്മാവ് ഇന്നു ആർദ്രനക്ഷത്രത്തിനും ഉപരിയായി നിലകൊള്ളുന്നു. മാതാവേ, അവിടത്തെ പാവനസ്മരണ ഞങ്ങൾക്കു വഴി തെളിക്കട്ടെ!

വീതിയും ഉൾക്കൊള്ളുന്നസമതലത്തിന് — ലംബമായ അളവു് പൊക്കം. നമുക്കു പരിചിതമായ മിക്കവാറും എല്ലാ വസ്തുക്കൾക്കും ഈ അളവുകൾ മൂന്നുമുണ്ടു്. അതുകൊണ്ടാണു് പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭൂതമായ നമ്മുടെ ലോകത്തെ ത്രിമാനലോകം എന്നു വിളിച്ചുവരുന്നതു്. ത്രിമാനലോകത്തിലെ ഈ മൂന്നളവുകൾക്കുംപുറമേ, അതായതു് നീളം വീതി പൊക്കം ഇവ മൂന്നിനുംപുറമേ, നാലാമതൊരളവു കൂടി ഉൾക്കൊള്ളുന്ന പ്രപഞ്ചമാണു ചതുർമാനലോകം.

ചതുർമാനലോകത്തെപ്പററിയും ചതുർത്ഥപരിമാണത്തെപ്പററിയും പരിപൂർണ്ണമായ ജ്ഞാനം സാധാരണക്കാരായ ത്രിമാനജീവികൾക്കുണ്ടാകുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ ആ ചതുർത്ഥപരിമാണമേതെന്നു ഗ്രഹിക്കുവാനും ആ വഴിയിൽക്കൂടി ചതുർമാനലോകത്തിലേക്കു കടക്കുവാനും ഒരു വ്യക്തിക്കു കഴിഞ്ഞാൽ, ആ പുതിയ പ്രപഞ്ചത്തിന്റെ വ്യാപ്തിയും അതിൽ വ്യാപരിക്കുമ്പോഴുണ്ടാകുന്ന അത്ഭുതസിദ്ധിയും അവനു ബോദ്ധ്യപ്പെട്ടാൽ, അവൻ പിന്നെയൊരിക്കലും ഈ ത്രിമാനലോകത്തിന്റെ സങ്കുചിതവലയത്തിനുള്ളിൽ ഒതുങ്ങിനില്ക്കുവാൻ അഭിലഷിക്കുകയില്ല. ബന്ധനവിമുക്തയായ ശുകിയെപ്പോലെ അവൻ ആ പുതിയ പ്രപഞ്ചത്തിന്റെ അനന്തതയിൽ പക്ഷങ്ങളുംവിരിച്ചു വിഹരിക്കും. അവൻ അങ്ങനെ ഒരു ത്രിമാനജീവിയല്ലാതെയായിത്തീരും. യോഗിയെന്നോ സിദ്ധനെന്നോ, അമാനുഷനെന്നോ അതിമാനുഷനെന്നോ, ചിരഞ്ജീവിയെന്നോ ജീവൻമുക്തനെന്നോ ഒക്കെ അയാളെപ്പററി പറയുവാൻ കഴിയും. ഒരുകാര്യം തീർച്ചതന്നെ. സാധാരണക്കാരായ ത്രിമാനജീവികളുടെ നിലയിൽനിന്നു് അയാൾ വളരെ വളരെ അകന്നുകഴിഞ്ഞിരിക്കും. മിക്കവാറും ഒരു ചതുർമാനജീവിയായിത്തന്നെ അയാൾ രൂപാന്തരപ്പെട്ടുകഴിഞ്ഞിരിക്കും.

ഏതെങ്കിലുമൊരുജീവിക്കു് അതു അധിവസിക്കുന്ന ലോകത്തിനു അതീതമായ ഒരു പരിമാണത്തെപ്പററിയുള്ള ബോധവും ആ വഴി സഞ്ചരിക്കുന്നതിനുള്ള കഴിവും ഉണ്ടായാലുള്ള അവസ്ഥ എന്താണെന്നു ചിന്തിക്കുന്നതു് അല്പം രസാവഹമായിരിക്കും. ഏകമാനലോകത്തിന്റെ കഥതന്നെ ആദ്യമെടുക്കാം. അങ്ങനെയൊരുലോകമുണ്ടെന്നു സങ്കല്പിക്കുക. നീളം മാത്രമുള്ള ഒരു ലോകം. വീതിയോ കനമോകൂടാതെ നെട്ടുനീളത്തിൽ അനന്തമായിക്കിടക്കുന്ന ഒരു നേർവരയായിരിക്കും ഈ ലോകം. തെക്കുവടക്കായിട്ടാണു് ഈ ലോകം സ്ഥിതിചെയ്യുന്നതെന്നു വ്യവഹാരസൗകര്യത്തിനുവേണ്ടി തല്ക്കാലം സങ്കല്പിക്കാം. ചെറിയ ചെറിയ ഋജുരേഖകളായിരിക്കും ഈ ലോകത്തിലെ ജീവികൾ. ഒന്നിനുപിറകേ മറെറാന്നായി മുന്നോട്ടോ പിന്നോട്ടോ സഞ്ചരിക്കുകമാത്രമായിരിക്കും അവരുടെ ജീവിതയാത്ര. അവരുടെ സകല പ്രപഞ്ചവും ഈ നേർവരമാത്രം. അതിനു ഇടത്തും വലത്തും മുകളിലും താഴെയും ദിക്കുകളുണ്ടെന്നുള്ള യാതൊരുബോധവും ഈ ജീവികൾക്കില്ല. അവരുടെ ഗ്രഹണേന്ദ്രിയങ്ങൾ ശരീരത്തിന്റെ രണ്ടഗ്രങ്ങളിലുമായിരിക്കും സ്ഥാപിച്ചിരിക്കുന്നതു്. ശരീരത്തിന്റെ ഏററവും മുൻഭാഗത്തുള്ള ബിന്ദുവായിരിക്കും നേത്രേന്ദ്രിയം. ശരീരത്തിൽക്കൂടി നേരേ മുന്നോട്ടു വരയ്ക്കാവുന്ന നേർവരയായിരിക്കും ദൃഷ്ടിപഥം. അവയുടെ ആകാശമണ്ഡലം മുഴുവനുംകൂടി ആ നേർവര ചെന്നവസാനിക്കുന്ന ഒരു ബിന്ദു മാത്രമായിരിക്കും. ഈ നേർവരയിൽനിന്നു് അല്പം അങ്ങോട്ടോ ഇങ്ങോട്ടോ മാറി മഹാമേരുപർവ്വതംതന്നെ സ്ഥിതിചെയ്താലും അതു് ഈ ജീവികൾക്കു് ദൃഷ്ടിഗോചരമാകുന്നതല്ല. ആ പർവ്വതം ഈ രേഖയിൽ കൊണ്ടുവന്നുവച്ചാൽ അവർ കാണുന്നതു് അതിലെ ഒരു ബിന്ദുമാത്രമാണു്. നോക്കുക, മഹാമേരുപർവ്വതത്തിന്റെ അർത്ഥശൂന്യത! ഏകമാനജീ

വിക്ക് ആ മഹാപർവ്വതം ഒരു ബിന്ദുമാത്ര മാണ്! അല്ലേ പർവ്വതമേ, നിന്റെ വലി പ്പം നിന്നിലല്ല സ്ഥിതിചെയ്യുന്നത്. നിന്നെ ക്കാണുന്നവന്റെ കണ്ണിലാണ്! അക്കഥ നിൽക്കട്ടെ. ഈ പർവ്വതം രേഖയുടെ ഒരു വശത്തുനിന്ന് രേഖയെക്കടന്ന് മറുവശ ത്തേക്കു സഞ്ചരിക്കുന്നു എന്ന് വിചാരി ക്കുക. ഒരു ഏകമാനജീവിക്ക് അപ്പോൾ തോന്നുന്നതെന്തായിരിക്കും? അവന്റെ ലോകത്ത് ഒരു ബിന്ദു എങ്ങനെയോ സം ജാതമായി. ആ ബിന്ദുവിൽ പല മാററ ങ്ങളുമുണ്ടായി. ഒടുവിൽ അതു് തിരോധാ നംചെയ്തു—അഥവാ നശിച്ചു. ഇതായി രിക്കും മഹാമേരുപർവ്വതത്തിന്റെ സഞ്ചാര ത്തെപ്പററി ആ ജീവി രേഖപ്പെടുത്തുന്ന "യഥാർത്ഥചരിത്രം."

ഏകമാനജീവികൾക്ക് ഒരു പ്രത്യേക അവശതയുണ്ട്. യാതൊരു ജീവിക്കും അതി ന്റെ മുമ്പിൽ സ്ഥിതിചെയ്യുന്ന മറെറാരു ജീവിയെ കടന്നുപോകാൻ സാധ്യമല്ലെന്ന്. അങ്ങനെ കടന്നുപോകണമെങ്കിൽ ആ രേഖയിൽനിന്നു വിഭിന്നമായ മറേറതെങ്കി ലുമൊരു പന്ഥാവിൽക്കൂടി ആ ജീവി സഞ്ചരിച്ചേ മതിയാവൂ. അങ്ങനെയുള്ള പന്ഥാക്കളെല്ലാം ആ ജീവിക്ക് അജ്ഞാത ങ്ങളുമാണ്. എന്നിരുന്നാലും അവിടത്തെ ഓരോ ജീവിയും അതിനുമുമ്പേ പോകുന്ന മററുജീവികളെ കടന്നുപോകുവാൻ തീവ്ര യത്നം ചെയ്യുകയാണ്. അതാണ് അവ രുടെ ജീവിതമത്സരം! നിരാശവിളയുന്ന നിരർത്ഥപ്രയത്നം!

ഇതിൽ ഒരു ജീവിക്ക് ദ്വിതീയപരിമാ ണത്തെപ്പററി ബോധമുണ്ടാകുന്നുവെന്ന് സങ്കല്പിക്കുക. അതായതു് അവന്റെ ലോ കമാകുന്ന നേർവരയ്ക്കു കിഴക്കും പടി ഞ്ഞാറും സ്ഥലമുണ്ടെന്നും ആ ദിക്കുകളി ലേക്കും സഞ്ചരിക്കാൻ സാധ്യമാണെന്നും അവൻ മനസ്സിലാക്കിയെന്ന് വിചാരി ക്കുക. അതുവരെ തെക്കുവടക്കായിമാത്രം സഞ്ചരിച്ചിരുന്ന ആ ഋജുജീവി തന്റെ ശരീരം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ ഒന്നുതിരിച്ച് ആ പുതിയ പ്രദേശത്തി ലേക്ക് ഒന്നുകണ്ണോടിക്കുന്നു. അതുവരെ അവനു് അഗോചരമായിക്കിടന്ന അതി വിശാലമായ ഒരു പ്രപഞ്ചം—അനന്തമായ ഒരു സമതലം—അവന് പ്രത്യക്ഷീഭവി ക്കുന്നു. ലോകമെന്ന് അവൻ ധരി ച്ചിരുന്ന ആ നേർവര വെറും സങ്കല് പ്പംമാത്രമാണെന്നും ഇപ്പോൾ കണ്ടുപി ടിച്ച ലോകവുമായി തുലനം ചെയ്യു മ്പോൾ അതു് അതിനിസ്സാരവും അ ർത്ഥശൂന്യവുമാണെന്നും അവന് ബോ ധമുണ്ടാകുന്നു. മഹാമേരുപർവ്വതത്തിന്റെ സഞ്ചാരം ഒരു ബിന്ദുവിന്റെ പരിവർത്തനം മാത്രമല്ലെന്നും പ്രത്യുത ഒരു രേഖയുടെ ചലനമാണെന്നും അവൻ മനസ്സിലാക്കുന്നു. ദ്വിമാനലോകത്തു നിന്നുകൊണ്ടു് നോക്കു മ്പോൾ ആ ഏകമാനലോകത്തിന്റെ ഒര റ്റംമുതൽ മറേറ അററംവരെയുള്ള സക ലതും അവന്റെ ദൃഷ്ടിക്കു വിഷയീഭവി ക്കുന്നു. അവന്റെ മുന്നിലും പിന്നിലുമായി സ്ഥിതിചെയ്തിരുന്ന സകല ജീവജാലങ്ങ ളേയും, അവയിൽ ഓരോന്നിന്റെയും ഹൃദ യാന്തർഭാഗത്തുനടക്കുന്ന വികാരവിചാരാദി പ്രവർത്തനങ്ങളേയും, ഓരോ ജീവിയും അതി ന്റെ മുൻഗാമിയെ അതിലംഘിച്ച് മുന്നോ ട്ടുകയറുവാൻ ചെയ്യുന്ന നിഷ്ഫലശ്രമങ്ങ ളേയും, ഏകമാനജീവിതവലയത്തിനു ള്ളിൽ കുടുങ്ങിക്കിടക്കുന്ന അവയുടെ പ്രവ ർത്തനപരിമിതിയേയും, അവൻ സാനുക മ്പം വീക്ഷിക്കുന്നു. സങ്കുചിതമായ ജീവി തമത്സരത്തിൽനിന്ന്, ആ ഏകമാനപരി മിതിയിൽനിന്ന്, പുറത്തുവരുവാൻ അവൻ അവരെ ആഹ്വാനംചെയ്യുന്നു. താൻ കണ്ട പുതിയ ലോകത്തിന്റെ മാഹാത്മ്യ ങ്ങളെ അവൻ പ്രകീർത്തിക്കുന്നു. അതാരു കേൾക്കാനാണ്? കേട്ടാൽതന്നെ ആരു മനസ്സിലാക്കാനാണ്? അവന്റെ നിർദ്ദേ ശങ്ങൾ അപ്രായോഗികവും അശാസ്ത്രീയ വുമാണെന്നു അവർ വിധിയെഴുതുന്നു. ഒരു

ഭ്രാന്തന്റെ ജല്പനങ്ങൾപോലെ അസംബന്ധങ്ങൾ! ജീവിതമത്സരത്തിൽമുന്നോട്ടുപാഞ്ഞുകയറുവാൻ ഓരോരുത്തരും വ്യഗ്രത കൊള്ളുമ്പോൾ ആ ഭ്രാന്തൻ ക്ഷണിക്കുന്നു ആജ്ഞാതമായ മറേറതോ ദിക്കിലേക്കു് ചെല്ലുവാൻ! മുന്നോട്ടുപോകുവാൻ! അതുവരെ ചെയ്ത സകല ശ്രമങ്ങളും ഉപേക്ഷിക്കുവാൻ! അയാൾ ബുദ്ധിശൂന്യനാണെന്നുള്ളതിനു് ഇതിൽ കൂടുതൽ എന്തുതെളിവാണു വേണ്ടതു്? അയാൾ ഒരു മുഴുഭ്രാന്തൻ! പ്രായോഗികവിജ്ഞാനം അശേഷമില്ലാത്ത തനിഭ്രാന്തൻ!! ഇതായിരിക്കും ലോകം അയാൾക്കുചെയ്യുന്ന സംഭാവന. അജ്ഞാനാന്ധകാരത്തിൽ മുഴുകിക്കിടക്കുന്ന തന്റെ സഹജീവികളെ ബോധ്യപ്പെടുത്തുവാൻ അയാൾ ചില അത്ഭുതവിക്രിയകളെല്ലാം നിർവഹിക്കുന്നു. തന്റെ പുരോഭാഗത്തു് സഞ്ചരിച്ചിരുന്ന അനേകം വ്യക്തികളെ പിന്നിലാക്കിക്കൊണ്ടു് അയാൾ ദ്വിമാനലോകത്തുകൂടി അവരുടെ മുന്നിൽ പ്രവേശിക്കുന്നു. അവിടെനിന്നുകൊണ്ടും തന്റെ പ്രസംഗം തുടരുന്നു; ആ ജീവികളെല്ലാം അവരുടെ സങ്കുചിതപന്ഥാവിനെ ഉപേക്ഷിച്ചു് ദ്വിമാനലോകത്തേക്കു് ചെല്ലുവാൻ. അവർ അതിനു തയാറില്ല. വേണമെങ്കിൽ അവർ സമ്മതിച്ചേക്കും അയാൾ ഒരു സിദ്ധനാണെന്നു്. അത്ഭുതശക്തിയുള്ള ഒരു അതിമാനുഷനാണെന്നു്. ഒരു അവതാരപുരുഷനാണെന്നു്. അതിൽ കൂടുതൽ ഒന്നുംചെയ്വാൻ അവർ സന്നദ്ധരല്ല; അവർക്കു് സാദ്ധ്യവുമല്ല.

അടുത്തതായി ദ്വിമാനലോകത്തെപ്പററി ചിന്തിക്കാം. നീളവും വീതിയും മാത്രമുള്ള അനന്തമായ ഒരു മഹാസമതലമാണതു്. അതിനു കനമേ ഇല്ല. തറയിൽ പതിയുന്ന നിഴൽപോലെ. നിശ്ചലമായിക്കിടക്കുന്ന ഒരു ജലാശയത്തിന്റെ ഉപരിതലമാണു് ആ ദ്വിമാനലോകമെന്നു സങ്കല്പിച്ചുകൊള്ളുക. അതിലെ ജീവികൾക്കെല്ലാം നീളവും വീതിയും ഉണ്ടായിരിക്കും. വിസ്തീർണ്ണമായിരിക്കും അവയുടെ വലിപ്പത്തിന്റെ മാനദണ്ഡം. ഏകമാനജീവികളെ അപേക്ഷിച്ചു് അവയുടെ ശരീരത്തിനു് ആകൃതി വൈവിദ്ധ്യമുണ്ടു്. ത്രികോണാകൃതിയിൽ ഒന്നു്, ചതുരാകൃതിയിൽ മറെറാന്നു്, വൃത്താകൃതിയിൽ വേറൊന്നു്, ഇങ്ങനെ. ഈജീവികൾക്കെല്ലാം മുന്നോട്ടോ പിന്നോട്ടോ ഇടത്തോട്ടോ വലത്തോട്ടോ ഒക്കെ നീങ്ങുവാനും തിരിയുവാനും കഴിയും. ഏതൊരു വ്യക്തിക്കും അതിന്റെ മുമ്പിൽ സഞ്ചരിക്കുന്ന മറേറതൊരു വ്യക്തിയുടേയും മുന്നിലെത്തുന്നതിനും ചുററും പ്രദക്ഷിണം വയ്ക്കുന്നതിനും സാധിക്കും. അവരുടെ പ്രപഞ്ചമായ ആ സമതലത്തിനു മുകളിലും താഴെയും ഇടമുണ്ടെന്നുള്ള വസ്തുത അവക്കു തികച്ചും അജ്ഞാതമാണു്. ദൃഷ്ടിപഥം മുകളിലേക്കോ താഴേക്കോ തിരിക്കുവാനും അവർക്കു സാദ്ധ്യമല്ല. അവർ കാണുന്നതെല്ലാം രേഖകൾ മാത്രം. അവരുടെ ആകാശമണ്ഡലം മുഴുവൻ കൂടി ഒരു വൃത്തംമാത്രം. ഏതെങ്കിലും ഒരു രേഖയെ മറികടന്നു മുന്നോട്ടു പോകുവാൻ അവർക്കു സാദ്ധ്യമല്ല. രേഖകൾ അവക്കു് അലംഘ്യങ്ങളാണു്.

ദ്വിമാനലോകത്തിലെ ഒരു ജീവി, ഒരു മിസ്റ്റർ ത്രികോണം, ഒരു വീടുണ്ടാക്കുന്നുവെന്നുവിചാരിക്കുക. നാലു വരകൾചേർത്തു ഒരു ചതുരമുണ്ടാക്കിയാൽ അതു് ആ ഭവനത്തിലെ ഒരു മുറിയായി. വരകൾ നാലും ആ മുറിയുടെ ഭിത്തികളായി. ഒരു വരയിൽ ഏതെങ്കിലുമൊരുഭാഗം അകത്തേക്കോ പുറത്തേക്കോ മാററാൻതക്കവിധം സൃഷ്ടിച്ചാൽ അതൊരു വാതിലായി. നമ്മുടെ മി: ത്രികോണം ഈ മുറിക്കകത്തു കടന്നു വാതിലും ബന്ധിച്ചുകഴിഞ്ഞാൽ അയാളുടെ തോന്നൽ എന്തായിരിക്കും? അയാളുടെ അവിടത്തെ നില സുരക്ഷിതമെന്നാണു് ആ സാധു വിശ്വസിക്കുന്നതു്. ലോകത്തുള്ള യാതൊരു ജീവിക്കും അയാളെയോ അയാളുടെ പ്രവ

ത്തനങ്ങളെയോ കാണാൻ സാധ്യമല്ലെന്നു്. ആ മുറിക്കുള്ളിൽവച്ചു് അയാൾ കാണിക്കുന്ന സകല വിക്രിയകളും പരമരഹസ്യങ്ങളായിരിക്കുമെന്നു്. ഈ വിശ്വാസവും തോന്നലുമെല്ലാം അയഥാർത്ഥങ്ങളാണെന്നു നമുക്കറിയാം. ആ മുറിക്കുള്ളിൽ നടക്കുന്ന സകലതും ത്രിമാനജീവികളായ നമുക്കു കാണാൻ സാധിക്കുന്നു. അയാളുടെ ബാഹ്യപ്രവർത്തനങ്ങൾ മാത്രമല്ല ഹൃദയാന്തർഭാഗത്തു്—അതായതു് ആ ത്രികോണത്തിനുള്ളിൽ—നടക്കുന്ന സകല വികാരവിചാരങ്ങളും നമുക്കു കാണാൻ കഴിയുന്നു. ഭദ്രമായി ബന്ധിച്ചിരിക്കുന്ന ആ മുറിയുടെ തൃതീയപരിമാണം തുറന്നുകിടക്കുകയാണെന്നുള്ള വസ്തുത സാധുവായ മി: ത്രികോണത്തിനറിഞ്ഞുകൂടാ. മുറിക്കുള്ളിലുള്ള ഏതൊരുവസ്തുവും ഈ തൃതീയപരിമാണംവഴി വെളിയിലേക്കെടുക്കുവാനും വെളിയിൽനിന്നു ഏതുവസ്തുവും ആ മുറിക്കകത്താക്കുവാനും സാധ്യമാണെന്നുള്ളകഥയും ആ പാവത്തിനറിഞ്ഞുകൂടാ. മി: ത്രികോണം സങ്കല്പിക്കുന്ന സുരക്ഷിതത്വത്തിൽ യാതൊരർത്ഥവുമില്ലെന്നും നമുക്കു ബോധ്യമുള്ളതാണു്.

ആകട്ടെ, മി: ത്രികോണവും സ്നേഹിതന്മാരുംകൂടി ആ മുറിക്കുള്ളിൽ കയറി വാതിലും ബന്ധിച്ചു എന്തോ രഹസ്യകാര്യങ്ങളെപ്പററി ആലോചിക്കുകയാണെന്നു വിചാരിക്കുക. മററാരും അവരുടെ പ്രവർത്തനങ്ങൾ അറിയുന്നില്ലെന്നാണു് അവരുടെ വിശ്വാസം. സംഭാഷണം അതിൻെറ അത്യുച്ചാവസ്ഥയിലെത്തിയപ്പോൾ അവരുടെ മദ്ധ്യത്തിൽ A എന്ന സ്ഥലത്തു കിടന്ന മേശ നാം അവിടെനിന്നു തൃതീയപരിമാണത്തിൽകൂടി പൊക്കിയെടുത്തു മുറിക്കു വെളിയിൽ വളരെ അകലെ B എന്ന ഒരു സ്ഥലത്തു കൊണ്ടുചെന്നിടുന്നു എന്നു വിചാരിക്കുക. മി: ത്രികോണത്തിൻെറയും സ്നേഹിതന്മാരുടെയും അപ്പോഴത്തെ അവസ്ഥ എന്തെന്നു ഒന്നു ചിന്തിക്കുക. "ഞങ്ങളുടെ മുമ്പിൽ കിടന്ന ആ മേശ ഞങ്ങളെല്ലാവരും നോക്കിയിരിക്കെ പെട്ടെന്നു അപ്രത്യക്ഷമായിരിക്കുന്നു. ആരും വിശേഷാൽ ഈ മുറിയിൽ കടന്നുവന്നില്ല. എന്നുമാത്രവുമല്ല മുറിയുടെ വാതിൽ ഭദ്രമായി ബന്ധിച്ചിരിക്കയുമായിരുന്നു. ഇതൊരത്ഭുതം തന്നെ". ഇങ്ങനെയായിരിക്കും അവരുടെ ചിന്ത. കുറേക്കഴിഞ്ഞു അവർ മുറിക്കു പുറത്തുവരുമ്പോൾ B എന്ന സ്ഥലത്തു മുൻപറഞ്ഞ മേശ കിടക്കുന്നതും അവർ കാണുന്നുവെന്നിരിക്കട്ടെ. അപ്പോഴത്തെ അവരുടെ അത്ഭുതം മുൻപിലത്തേതിലും ഉപരിയായിരിക്കും. മുറിക്കുള്ളിൽ കിടന്ന മേശ വാതിൽ തുറക്കാതെതന്നെ ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. A-യിൽനിന്നു അതു അപ്രത്യക്ഷമായി. എങ്ങനെയെന്നറിഞ്ഞുകൂടാ. B-യിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഒരു യാഥാർത്ഥ്യം അവർക്കറിവുള്ളതാണു്. A-യിലിരിക്കുന്ന ഒരു വസ്തു B-യിലെത്തണമെങ്കിൽ A-യിൽനിന്നു പുറപ്പെട്ടു B-യിലവസാനിക്കുന്ന അനുസ്യൂതമായ ഒരു രേഖയിൽകൂടി അതു സഞ്ചരിക്കണം. എന്നാൽ ഇപ്പോൾ നടന്ന സംഭവം ഈ യാഥാർത്ഥ്യത്തെ പാടെ ഉലച്ചിരിക്കുന്നു. യാതൊരു ശാസ്ത്രത്തിനും യുക്തിക്കും സമാധാനം കണ്ടെത്തുവാൻ സാധിക്കാത്ത ഒരു മഹാശ്ചര്യമായി ആ സംഭവം അവരുടെ മുമ്പിൽ നിലകൊള്ളുന്നു. അവരുടെ അറിവിൽപെട്ടിടത്തോളം അനുസ്യൂതമായ യാതൊരു പന്ഥാവിലുംകൂടി ആ മേശ സഞ്ചരിച്ചില്ല. അതു ശരി, പക്ഷേ യുക്തിയുള്ളവരാണെങ്കിൽ അവർ അനുമാനിക്കണം; അവർക്കു അജ്ഞാതമായ ഏതോ മാർഗ്ഗത്തിൽകൂടെയാണു് ആ വസ്തു സഞ്ചരിച്ചതെന്നു്. അങ്ങനെ ഒരു മാർഗ്ഗം അവരുടെ ലോകത്തിലില്ലാത്തതുകൊണ്ടു്, ആ ലോകത്തിനും അതീതമായി ഇടമുണ്ടെന്നും ആ ഇടത്തിൽകൂടിയായിരിക്കും പ്രസ്തുത വസ്തു സഞ്ചരിച്ചതെന്നുമുള്ള നിഗമനത്തിൽ അവർ എത്തിച്ചേരേണ്ടതാണു്.

മി: ത്രികോണത്തിൻെറ മുറിക്കുള്ളിൽ

അയാളുടെ ലോകമായ ആ സമതലത്തിൽ നാം ഒരു പെൻസിൽമുനകൊണ്ടു സ്പർശിക്കുന്നു എന്നു വിചാരിക്കുക. തന്റെ മുറിയിൽ ബിന്ദുവിന്റെ ആകൃതിയിൽ ഒരു പുതിയ ജന്തു എങ്ങനെയോ കടന്നുകൂടി എന്നായിരിക്കും മി:ത്രികോണത്തിനു് ഇപ്പോൾ തോന്നുക. അയാൾ വാതിലിലേക്കു നോക്കുന്നു. അതു ബലമായി ബന്ധിച്ചിരിക്കയാണു്. ചുവരുകൾ നാലും പരിശോധിക്കുന്നു. യാതൊരു വിടവും ഒരിടത്തുമില്ല. പിന്നെ ഈ ജന്തു എങ്ങനെ ആ മുറിക്കുള്ളിൽ കടന്നുവെന്നു അയാൾക്കൊരത്ഭുതം. പെൻസിൽ നാം താഴോട്ടു താഴ്ത്തുന്നു എന്നു വിചാരിക്കുക. അപ്പോൾ മി: ത്രികോണത്തിനു തോന്നുന്നതെന്തു്? ബിന്ദുവായി പ്രത്യക്ഷപ്പെട്ട ആ ജന്തു പുരാണപ്രസിദ്ധനായ വാമനനെപ്പോലെ നിമിഷംപ്രതി വളർന്നു വൃത്താകൃതിയിലുള്ള ഒരു ജന്തുവായി രൂപമെടുക്കുന്നുവെന്നു്. അയാൾ ഭയവിഹ്വലനാകുന്നു. കേട്ടുകേഴ്‌വിപോലുമില്ലാത്ത ഒരു സംഭവം. ശാസ്ത്രബോധവും യുക്തിവാദവും മുനമടങ്ങി താഴെ വീഴുന്ന ഒരു മഹാശ്ചര്യം. ശൂന്യതയിൽനിന്നു ഒരു ബിന്ദുവുണ്ടാകുക! ആ ബിന്ദു വളർന്നു വളർന്നു അവനെയും അവന്റെ സർവ്വത്തെയും വിഴുങ്ങാൻ ഭാവിക്കുക! ഒന്നുകിൽ അവന്റെ ഇന്ദ്രിയങ്ങൾ അവനെ വഞ്ചിക്കുന്നു. അല്ലെങ്കിൽ അവൻ പഠിച്ച ശാസ്ത്രങ്ങൾക്കെല്ലാം അതീതമായ ഒരു സംഭവമാണു ഇതു്. അതൊരു തോന്നലല്ലെന്നു അവനു ബോദ്ധ്യമുണ്ടു്. അവൻ ആ വർത്തുളജീവിയെ ദർശിച്ചതാണു്; സ്പർശിച്ചതുമാണു്. അതൊരു തോന്നലും മറ്റുമല്ല, ശുദ്ധമായ സത്യമാണെന്നു നിശ്ചയം. പക്ഷേ ഈ സത്യം പുറത്തുപറഞ്ഞാൽ മറ്റുള്ളവർ വിശ്വസിക്കയില്ല. അതു വെളിപ്പെടുത്തിയാൽ ഒന്നുകിൽ അവനൊരു ഭ്രാന്തൻ; അല്ലെങ്കിൽ ഒരു അന്ധവിശ്വാസി! നോക്കണേ ലോകത്തിൽ സത്യത്തിനുള്ള സ്ഥാനം എത്ര ബാലിശമാണെന്നു്.

ത്രിമാനവസ്തുവായ പെൻസിൽ ദ്വിമാനജീവിയുടെ ദൃഷ്ടിയിൽ ഒരു വർത്തുളരൂപം മാത്രം. എത്ര വലിയ വസ്തുവായാലും ആ വസ്തുവും ദ്വിമാനതലവും തമ്മിൽ സന്ധിക്കുന്ന രേഖ മാത്രമായിരിക്കും അവൻ കാണുന്നതു്. മറ്റുവിധത്തിൽ പറഞ്ഞാൽ പ്രസ്തുത വസ്തു ആ തലത്തിൽ വിക്ഷേപം (Project) ചെയ്യുന്ന രൂപം മാത്രമെ അവനു ദൃശ്യമാകുകയുള്ളൂ. വസ്തു ആ തലത്തിൽകൂടി മേലോട്ടോ താഴോട്ടോ നീങ്ങുന്നതിനനുസരിച്ചു ആ രൂപത്തിലും ചില വ്യത്യാസങ്ങൾ അവൻ ദർശിച്ചുവെന്നു വരാം. ആകട്ടെ ആ ദ്വിമാനജീവി ഈ വിഷയത്തെപ്പററി ചിന്തിച്ചുചിന്തിച്ചു് എങ്ങനെയോ തൃതീയപരിമാണത്തെപ്പററി ബോധമുള്ളവനായിത്തീരുന്നു എന്നു വിചാരിക്കുക. താൻ അധിവസിക്കുന്ന സമതലം മാത്രമല്ല അതിനു മേലോട്ടും താഴോട്ടും ഇടമുണ്ടെന്നു ബോദ്ധ്യപ്പെടുകയും ആ പുതിയ ദിക്കിലേക്കൊന്നു കണ്ണോടിക്കുവാൻ അവനു ഇടയാകുകയും ചെയ്യുന്നു എന്നും സങ്കല്പിക്കുക. അപ്പോഴാണു് അവനു മനസ്സിലാകുന്നതു് അവന്റെ ലോകം യാതൊരു കനവുമില്ലാത്ത ഒരു സങ്കല്പതലം മാത്രമായിരുന്നുവെന്നു്. പ്രപഞ്ചത്തിന്റെ അനന്തതയുമായി തുലനംചെയ്യുമ്പോൾ അവന്റെ ലോകം ഒരു ശുദ്ധശൂന്യം മാത്രമാണെന്നു്. ബിന്ദുവായി ജനിച്ചു വൃത്തമായി വളർന്നുവന്നതു് യഥാർത്ഥത്തിൽ ബിന്ദുവോ വൃത്തമോ അല്ലെന്നു്; പിന്നെയോ ഒരു പെൻസിലിന്റെ വിക്ഷേപം മാത്രമായിരുന്നുവെന്നു്. അവന്റെ ലോകത്തിൽ ദൃശ്യമാകുന്ന പല രൂപങ്ങളും ചില ഘനവസ്തുക്കളുടെ ഛായകൾ മാത്രമാണെന്നു്. ഏതൊരു ഘനവസ്തുവും ആ തലത്തെ സ്പർശിക്കുമ്പോൾ ഒരു ജീവി അവിടെ ജനിക്കുന്നതായും, അതിൽക്കൂടി കടന്നുകൊണ്ടിരിക്കുമ്പോൾ അതു വളരുന്നതായും അല്ലെങ്കിൽ ജീവിക്കുന്നതായും, അതിനെയും ഭേദിച്ചു് അപ്പുറത്തെത്തുമ്പോൾ മരിക്കുന്നതായും അവിടെയുള്ള ഭോ

ഷന്മാർ ധരിക്കുന്നുവെന്നു്. ജനനമരണങ്ങളുടെ അത്ഥശൂന്യത അങ്ങനെ അവനു ബോദ്ധ്യപ്പെടുന്നു. വിശ്വരൂപം ദശിച്ച അജ്ജുനനെപ്പോലെ ലോകത്തിന്റെ അനന്തതയെ ദശിച്ച അവൻ സങ്കുചിതങ്ങളായ മൂഢവിശ്വാസങ്ങളിൽനിന്നു വിമുക്തനായി ആനന്ദപരവശനായിബ്ഭവിക്കുന്നു. മേശയുടെ ഒരുദിക്കിലെ തിരോധാനവും മറെറാരു ദിക്കിലെ ആവിർഭാവവുമെല്ലാം അവ്യാഖ്യേയങ്ങളായി അവനു തോന്നിയതു് തൃതീയപരിമാണത്തെപ്പററിയുള്ള അജ്ഞതകൊണ്ടാണെന്നു് അവനു മനസ്സിലാകുന്നു. ഉപരിപരിമാണത്തെപ്പററിയുള്ള വിജ്ഞാനമുണ്ടായാൽ ഇത്തരം ഏതു അത്ഭുതസംഭവങ്ങൾക്കും വ്യാഖ്യാനം നല്കാൻ കഴിയുമെന്നും അവൻ അനുമാനിക്കുന്നു.

ഇനിയും നമുക്കു ത്രിമാനലോകത്തെപ്പററി ചിന്തിക്കാം. നീളം, വീതി, ഘനം ഇങ്ങനെ മൂന്നളവുകൾ ഉള്ളതാണു് ഇവിടത്തെ ചരാചരങ്ങൾ. ഈ പരിമാണത്രയത്തിനു് അനുഗുണമായ ആകൃതിവൈവിദ്ധ്യവും അവയ്ക്കുണ്ടു്. പക്ഷേ നാം കാണുന്ന ആകൃതികൾ പൂണ്ണങ്ങളല്ലെന്നു നാം ധരിക്കണം. ഒരു വൃത്തമായി ദ്വിമാനജീവികൾക്കു പ്രത്യക്ഷപ്പെട്ടതു് വാസ്തവത്തിൽ ഒരു പെൻസിലായിരുന്നതുപോലെ, പലേ ആകാരങ്ങളായി നാം കാണുന്ന ഘനവസ്തുക്കൾ മറെറന്തോ മഹത്തായ സത്വങ്ങ (Entities) ളുടെ വിക്ഷേപങ്ങൾ മാത്രമല്ലേ എന്നു് ഒന്നു ചിന്തിക്കേണ്ടതുണ്ടു്. ചതുർമാനലോകത്തിലെ അനന്തതയിൽക്കൂടി കടന്നുവന്നു, ത്രിമാനലോകത്തിൽ പ്രവേശിച്ചു്, അതിനെയും ലംഘിച്ചു്, വീണ്ടും ചതുർമാനലോകത്തിലേക്കു പ്രയാണം ചെയ്യുന്ന ചില മഹാവസ്തുക്കളുടെ ത്രിമാനലോകസ്ഥിതമായ ഛായകൾ മാത്രമല്ലേ നാം വസ്തുരൂപേണ ഇവിടെ ദശിക്കുന്നതെന്നു് അവധാനപൂവ്വം പര്യാലോചിക്കേണ്ടിയിരിക്കുന്നു. ഓരോ സത്വവും ഈ ത്രിമാനലോകത്തിലേയ്ക്കു കടക്കുമ്പോൾ ഇവിടെ ഒരു വസ്തു ഉണ്ടാകുന്നതായും, ഇവിടവും കടന്നുപോകുമ്പോൾ ആ വസ്തു നശിക്കുന്നതായും നമുക്കു തോന്നുകയല്ലേ ചെയ്യുന്നതു്?

ഈ ചതുത്ഥപരിമാണമേതു്? എന്നൊരു ചോദ്യം ന്യായമായി ഇവിടെ ഉത്ഭവിക്കുന്നു. അതിന്റെ ചില ലക്ഷണങ്ങൾ മാത്രം നാം ഊഹിച്ചുവച്ചിട്ടുണ്ടു്. എവിടെയെങ്കിലും ഒരു സ്ഥലത്തുനിന്നു് ഒരു വസ്തു തിരോധാനം ചെയ്കയും അനുസ്യൂതമായ യാതൊരു മാർഗ്ഗത്തിലുംക്കൂടി സഞ്ചരിച്ചതായി നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു ഗ്രഹിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ മറെറാരിടത്തു പ്രത്യക്ഷപ്പെടുകയും ചെയ്യുന്നുവെങ്കിൽ അതിന്റെ സഞ്ചാരപഥം ഈ ചതുത്ഥപരിമാണത്തിൽ ക്കൂടിയായിരിക്കുമെന്നു നമുക്കു നിശ്ചയിക്കാം. ഭൌതികകാര്യങ്ങളിൽമാത്രം വ്യാപരിക്കുന്ന നമ്മുടെപഞ്ചേന്ദ്രിയങ്ങൾക്കു അതീതമായിരിക്കണം ആ പുതിയ ലോകം. ആ ലോകത്തിൽക്കൂടി വ്യാപരിക്കുവാൻ പ്രാപ്തിയുള്ള ഒരുവനു് പലേ അത്ഭുതസിദ്ധികളും പ്രദശിപ്പിക്കുവാൻ കഴിയണം. അവ്യാഖ്യേയങ്ങളായ പല സംഭവങ്ങൾക്കും സിദ്ധാന്തങ്ങൾക്കും ഈ പുതിയ ലോകത്തെപ്പററിയുള്ള വിജ്ഞാനം സമാധാനം നൽകുകയും വേണം. ഈ ലക്ഷണങ്ങൾ ഏറെക്കുറെയെങ്കിലും തികഞ്ഞ ഏതെങ്കിലുമുണ്ടോ എന്നു നമുക്കൊന്നാരായാം. ഒരിടത്തുനിന്നു പുറപ്പെട്ടു് അനുസ്യൂതമായ യാതൊരു മാഗ്ഗത്തെയും അവലംബിക്കാതെ മറെറാരിടത്തെത്തിച്ചേരുവാൻ പ്രാപ്തിയുള്ള ഏതെങ്കിലും സത്തയെപ്പററി നമുക്കറിയാമോ? അറിയാം. നമ്മുടെ മനസ്സു്. തിരുവനന്തപുരത്തിരിക്കുന്ന ഒരുവന്റെ മനസ്സു് ഒരു നിമിഷംകൊണ്ടു വടക്കൻ പറവൂരിലെത്തിച്ചേരും. തിരുവനന്തപുരത്തുനിന്നും തിരിച്ചു് ഇടയ്ക്കുള്ള ചിറയൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി മുതലായ യാതൊരു താലൂക്കിനെപ്പററിയും ചിന്തി

ക്കാതെയാണ് ആ മനസ്സ് വടക്കൻപറവൂരിലെത്തിയത്. ത്രിമാനലോകത്തുള്ള അനസ്യൂതമായ യാതൊരു മാർഗ്ഗത്തെയും അതു് അവലംബിച്ചില്ല. തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടു; പറവൂരിലെത്തി; ഇത്രയും മാത്രമേ നമുക്കറിയാവൂ. ചതുർത്ഥപരിമാണത്തിൽക്കൂടി, അഥവാ ചതുർമാനലോകത്തുക്കൂടിയാണ് ആ മനസ്സു സഞ്ചരിച്ചതെന്നു സ്പഷ്ടമാണ്. അങ്ങനെ മനസ്സ് സഞ്ചരിക്കുന്ന ലോകം അഥവാ മാനസികലോകമാണ് ചതുർമാനലോകമെന്നു സിദ്ധിക്കുന്നു.

പഞ്ചേന്ദ്രിയങ്ങൾക്കതീതമായിരിക്കണം ചതുർത്ഥപരിമാണം എന്നുള്ള തത്വവും ഇവിടെ യോജിക്കുന്നുണ്ട്. ആറാമത്തെ ഇന്ദ്രിയമാണ് മനസ്സ് എന്നു ചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പരിമാണത്രയത്തെപ്പററി ഗ്രഹിക്കുവാൻ പഞ്ചേന്ദ്രിയങ്ങളോടൊപ്പം ആറാമത്തെ ഇന്ദ്രിയമായ മനസ്സും ആവശ്യമാണ്. എന്നാൽ ചതുർത്ഥപരിമാണത്തെപ്പററി ഗ്രഹിക്കുവാൻ ഈ മനസ്സിനു മാത്രമേ ശക്തിയുള്ളൂ. ഈ ചതുർത്ഥപരിമാണത്തിൻെറ ദിക്കേതു് എന്നുള്ള പര്യാലോചനയും ഇവിടെ അപ്രസക്തമായിരിക്കയില്ല. മനസ്സിൻെറ അത്യുൽക്കടമായ പ്രവർത്തനം ഏതു പന്ഥാവിൽക്കൂടിയാണോ ആ പന്ഥാവിൻെറ ദിക്കായിരിക്കണം ചതുർത്ഥപരിമാണത്തിൻെറയും ദിക്ക്. മനസ്സിൻെറ അത്യുൽക്കടമായ പ്രവർത്തനം അന്തർമുഖ (Introspection) മാണ്. നീളം, വീതി, പൊക്കം ഇവയുടെ മൂന്നിനും അതീതമായി, അവയിലൊന്നിനോടും പ്രത്യേകമായ ഒരു മമതയും ചായ്‌വുംകൂടാതെ, പഞ്ചേന്ദ്രിയങ്ങൾക്ക് അഗോചരമായ ഒരു പന്ഥാവാണ് അന്തർമുഖപന്ഥാവ്. യോഗാഭ്യാസം ചെയ്യുന്ന യതീന്ദ്രന്മാർ ഉടലിനെയും തുടകൾ രണ്ടിനേയും പരസ്പരം ലംബമാക്കി വച്ചുകൊണ്ടു മനസ്സിനെ ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ച് അവിടെനിന്നും അന്തർമുഖമായി പ്രവർത്തിപ്പിക്കുകയാണ് ചെയ്യുന്നതു്. നീളവും വീതിയും പൊക്കവും പരസ്പരം ലംബമായതുപോലെ ചതുർത്ഥപരിമാണമാകുന്ന ഈ അന്തർമുഖപന്ഥാവ് ഈ മൂന്നു ദിക്കുകളോടും ലംബമായിരിക്കുമെന്നു ഊഹിക്കുന്നതിൽ പിശകുണ്ടോ എന്നും ശാസ്ത്രജ്ഞന്മാർ പര്യാലോചിക്കേണ്ടതാണ്. അന്തർമുഖപന്ഥാവ് ഭൌതികമായി രേഖപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിക്ക് ആ പന്ഥാവുമായി മററു രേഖകൾക്കുള്ള ചരിവ് അളക്കുവാൻ ഭൌതികമായ യാതൊരു ഉപകരണംകൊണ്ടും സാദ്ധ്യമല്ലെന്നുള്ള കാര്യം എടുത്തുപറയേണ്ടതായിട്ടില്ലല്ലോ.

മാനസികാഭ്യാസങ്ങളുടെ ഫലമായി അത്ഭുതകരങ്ങളായ സിദ്ധികൾ പ്രദർശിപ്പിക്കാൻ കഴിയുമോ എന്നുള്ളതും ഇവിടെ പര്യാലോചിക്കേണ്ടതുണ്ട്. ലോകചരിത്രത്തിലെ ഓരോ കാലഘട്ടങ്ങളിൽ ആത്മീയപ്രഭാവന്മാരും തേജസ്വികളുമായ സിദ്ധന്മാർ അങ്ങിങ്ങായി അവതരിച്ചിട്ടുണ്ടെന്നും അവർ പല സിദ്ധികളും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും നാം കേട്ടിട്ടുള്ളതാണ്. കൃഷ്ണൻ, ക്രിസ്തു, ശ്രീരാമകൃഷ്ണപരമഹംസൻ മുതലായവരുടെ അത്ഭുതപ്രവർത്തനങ്ങൾ ഇതിനു് ഉദാഹരണങ്ങളാണ്. ഈ അടുത്ത കാലത്തു ജീവിച്ചിരുന്ന ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരുസ്വാമികൾ തുടങ്ങിയവർ പല അത്ഭുതപ്രദർശനങ്ങളും നടത്തിയതിൻെറ ദൃക്സാക്ഷികൾ ഇന്നും ധാരാളമുണ്ട്. അതിഭയങ്കരമായ വിഷമെന്നു സർവ്വത്ര അംഗീകരിച്ചിട്ടുള്ള പൊട്ടാഷ്യം സയനൈഡ് വേണ്ടുവോളം കോരിക്കുടിച്ചു പാശ്ചാത്യശാസ്ത്രജ്ഞന്മാരെ അത്ഭുതപരതന്ത്രരാക്കിയ ഭാരതീയസിദ്ധന്മാർ ഇന്നും ജീവിച്ചിരിപ്പുണ്ട്. ദൂരദേശത്തിരിക്കുന്ന സാധനങ്ങൾ വരുത്തുക, മന്ത്രോച്ചാരണംകൊണ്ടു വിഷമിറക്കുക, മനശ്ശക്തി പ്രയോഗിച്ച് രോഗങ്ങൾ ഭേദമാക്കുക മുതലായ പല അത്ഭുതകൃത്യങ്ങൾ ഇന്നു പലരും നിർവഹിക്കുന്നുണ്ട്.

ഈ സിദ്ധികളെല്ലാം ഇവർക്ക് എങ്ങനെ ലഭിച്ചു. യോഗാഭ്യാസംകൊണ്ടോ, മന്ത്രപഠനംകൊണ്ടോ, മെസ്മരിസംകൊണ്ടോ, ചാത്തൻസേവകൊണ്ടോ ഒക്കെയാണെന്നു പലരും പറയുമായിരിക്കും. പക്ഷേ ഇവയുടെ എല്ലാം അടിയിൽ കിടക്കുന്ന തത്വമേതെന്നു ചിന്തിക്കുക. മനുഷ്യന്റെ മനസ്സിനെ ഏകാഗ്രമാക്കി ശക്തിപ്പെടുത്തി അന്തർമുഖമായി പ്രവർത്തിപ്പിച്ചു എന്നുള്ളതാണ് ഈ പ്രസ്ഥാനങ്ങളിലെല്ലാം നാം ദർശിക്കുന്നത്. മാനസികാഭ്യാസങ്ങൾകൊണ്ട് ഈദൃശങ്ങളായ പല സിദ്ധികളും സാദ്ധ്യമാണെന്നു ലോകപരിചയം കൂടുതൽ കൂടുതൽ ലഭിക്കുന്തോറും ഓരോ വ്യക്തിക്കും ബോദ്ധ്യമാകുകയും ചെയ്യും.

ചതുർമ്മാനലോകവിജ്ഞാനംകൊണ്ടു പ്രാപഞ്ചികരഹസ്യങ്ങളെ വ്യാഖ്യാനിക്കുന്നതിനു സാദ്ധ്യമാണോ എന്നുള്ള കാര്യംകൂടി മാത്രമേ നമുക്കിനി ചിന്തിക്കേണ്ടതുള്ളൂ. വിദൂരസ്ഥലങ്ങളിലും വിദൂരകാലങ്ങളിലും നടക്കുന്ന പലേ സംഭവങ്ങളും ക്രാന്തദർശികളായ മഹാസിദ്ധന്മാർ മനസ്സിലാക്കുന്നുണ്ട്. അവരുടെ കൺമുമ്പിൽ നടക്കുന്ന കാര്യങ്ങളെപ്പോലെ അവർ അതു കാണുന്നുണ്ട്. ഇതെങ്ങനെയാണു സാധിക്കുന്നത്? മനസ്സിനെ ഈ ഭൗതികപ്രപഞ്ചത്തിൽനിന്നു ചതുർത്ഥപരിമാണംവഴി ഉയർത്തിയിട്ട്, അതായതു മാനസികമായി ഒരു ഉന്നതസ്ഥാനത്തുനിന്നുകൊണ്ടു ദൂരസ്ഥമായ സ്ഥലത്തിലേക്കും കാലത്തിലേക്കും ആ മഹാസിദ്ധന്മാർ അവരുടെ മനസ്സിനെ അന്തർമുഖമായി പ്രവർത്തിപ്പിച്ചപ്പോഴാണ് ഈ സംഭവങ്ങളെല്ലാം അവരുടെ പ്രജ്ഞയ്ക്കു വിഷയീഭൂതമായത്. Thought Reading എന്ന പേരിൽ നാം സാധാരണ വ്യവഹരിക്കാറുള്ള പരേംഗിതജ്ഞാനവും ഈ രീതിയിലുള്ള ഒരു പ്രവർത്തനം മാത്രമാണ്. ഒരുവന്റെ മനസ്സു ചതുർമാനമണ്ഡലത്തിലേക്കുയർന്ന് അവിടെനിന്നുകൊണ്ടു മറ്റൊരുവന്റെ ഉള്ളിൽ നടക്കുന്ന കാര്യങ്ങൾ സൂക്ഷിച്ചുവീക്ഷിക്കുകയാണത്. ഈ ദൃശ്യപ്രപഞ്ചവും ഇതിൽകാണുന്ന സകലതും മായയാണെന്നു വേദാന്തികൾ പറയുന്നതിന്റെ അർത്ഥവും നമുക്കിപ്പോൾ ഊഹിക്കാവുന്നതാണ്. മനസ്സ് എന്ന ചതുർമാനജീവി ഈ ത്രിമാനപ്രപഞ്ചത്തിൽക്കൂടി കടന്നുപോകുമ്പോൾ ഇവിടെയുണ്ടാകുന്ന വിക്ഷേപങ്ങൾ അതായതു തോന്നലുകൾ മാത്രമാണ് ഇവിടുത്തെ ജീവജാലങ്ങൾ എന്നാണ് ഈ മായാവാദത്തിന്റെ അർത്ഥം. മനുഷ്യൻ വെറും ഭൗതികനല്ലെന്നും അവൻ ഒരു മാനസികജീവിയാണെന്നും മനസ്സാണ് ശരീരത്തെ സൃഷ്ടിക്കുന്നതെന്നുമുള്ള അഭിപ്രായങ്ങളും ഈ സിദ്ധാന്തത്തിനു കൂടുതൽ പ്രാബല്യം നൽകുന്നുണ്ട്. ഇങ്ങനെ നോക്കുന്നതായാൽ വേദാന്തികളും ചിന്തകന്മാരും പ്രാപഞ്ചികരഹസ്യങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള തത്വങ്ങൾക്കെല്ലാംതന്നെ സാമാന്യമായ വ്യാഖ്യാനം ഈ ചതുർമാനസിദ്ധാന്തത്തിൽക്കൂടി നൽകാവുന്നതാണ്.

ചതുർത്ഥപരിമാണം 'കാല'മാണെന്നുള്ള പാശ്ചാത്യസിദ്ധാന്തത്തെപ്പറ്റിയും ഒരു വാക്കു പറയാതെ ഈ ലേഖനം അവസാനിപ്പിക്കുന്നതു് ഉചിതമായിരിക്കുകയില്ല. മനസ്സും കാലവുംതമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. ഉല്ലാസമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സമയം അതിവേഗത്തിൽ പോകുന്നതായും മുഷിപ്പൻ ജോലികളിൽ ഏർപ്പെടുമ്പോൾ സമയം ഒട്ടും മുന്നോട്ടു നീങ്ങാത്തതായും നമുക്കു സാധാരണ അനുഭവമുള്ളതാണ്. സമാധിയിലും മറ്റും ഇരിക്കുന്ന യോഗിമാർക്കു സമയം പോകുന്നതിനെപ്പറ്റി യാതൊരു അറിവുമില്ല. അവരുടെ മനസ്സിനെ സംബന്ധിച്ചിടത്തോളം കാലം മുന്നോട്ടു പോകുന്നില്ല. അതുകൊണ്ടായിരിക്കണം അവർ വളരെ വളരെ വർഷങ്ങൾ ജീവിച്ചിരിക്കുന്നതും. പുരാണപ്രസിദ്ധനായ മാർക്കണ്ഡേയൻ എന്നും പതിനാറുവയസ്സുകാരനായിത്തീർന്നു എന്നുള്ള കഥയുടെ ആന്തരാർത്ഥം മാർക്കണ്ഡേയനെ സംബന്ധിച്ചിട

# പുണ്യാശ്രമത്തിലെ പുതുമണവാളൻ

സാഹിത്യവിശാരദൻ ആർ. കെ. കൊട്ടാരത്തിൽ, ഹരിപ്പാട്.

**വി**ശ്വസൗന്ദര്യാരാമവേദിയിലാദ്ധ്യാത്മിക-
വിശ്വാസവൃക്ഷത്തിന്മേൽ വിടൎന്ന കുസുമങ്ങൾ
വിശ്രുതൻ 'രവി'കാവ്യതന്തുവിൽ കോൎത്തുപ്പിച്ച
വിശ്വഭാരതിയിതാ പുളകംപൂണ്ടീടുന്നു.

പണ്ടത്തെഗ്ഗുരുകുലം, ശ്രീപതികുചേലനെ
പ്പൂണ്ടു നിൎവൃതിയാൎന്ന നിൎമ്മലനിലയനം,
ഭൂതകാലത്തിൻ മറനീക്കി നില്ക്കുന്നു, ദിവ്യ-
ഗീതകാകളിതൂവുമശ്ശാന്തിനികേതനം

അവിടേയ്ക്കുവിടേയ്ക്കു ബാപ്പുജിശിഷ്യന്മാരാ-
മനുയായികളോടൊത്തണയുന്നല്ലോ മന്ദം.

അത്തിരുനെററിച്ചുളുവല്പാല്പം വളഞ്ഞുള്ളിൽ
തത്തുമസ്വാതന്ത്ര്യതാക്ലേശത്തെത്തെളിയിച്ചും,

സത്യവുമഹിംസയും വഴിയും നേത്രങ്ങളാ-
ലത്ഭുതാനന്ദാമൃതം എമ്പാടും വിതറിയും,

വേഷ്ടികൊണ്ടുടൽമൂടി, മുട്ടോളമെത്തുംകൊച്ചു
ദോത്തിയൊന്നുടുത്തങ്ങും പുഞ്ചിരിപ്പൂതൂകിയും

ദണ്ഡിയാത്രയ്ക്കു കൂട്ടായേന്തിയ നീളൻമുളം-
ദണ്ഡൂന്നിക്കൂടെക്കൂടെ രാമനാമവുമോതി,

നടന്നുവന്നീടുന്നു, ഖാദിത്തുണ്ടിനാൽവെന്നി-
ക്കൊടിപാറിച്ച നിരായുധനാം പടയാളി.

വിചിത്രശില്പങ്ങളാൽ — വിലതീരാത്ത നാടൻ
വിരിപ്പുകളാൽ — അതിസുന്ദരസുമങ്ങളാൽ
അമരോദ്യാനപ്രഭാഹാരിയാം വിദ്യാലയം
വിമലം പ്രകാശിച്ചു, നിസ്തുലപ്രതീക്ഷയാൽ.

'ഗുരുദേവ'ഴുന്നള്ളീ ദരിദ്രനാരായണ-
പ്പെരുമാളിനെക്കൂപ്പിയാശ്ലേഷിച്ചെതിരേല്ക്കാൻ

ശാന്തിയും അഹിംസയും സത്യമത്ഭുതത്യാഗ-
കാന്തിയും കളിക്കുന്ന കാരുണ്യക്കടലുകൾ,

ഗാന്ധിയും രവീന്ദ്രനും, സമ്മേളിപ്പതുകണ്ടു
ശാന്തിദേ,നിത്യം, വിശ്വഭാരതീ,ജയിച്ചാലും

മോടികളേറെക്കണ്ടു ഫക്കീറക്കവിപ്രൗഢ-
നോടിളംചിരിതൂകിച്ചോദിച്ചു നിസ്സങ്കോചം:-

"കല്യാണരംഗത്തേക്കുകൊണ്ടുപോവുകയാവാ-
മല്ലേയിപ്പല്ലില്ലാത്ത മണവാളനെബ്ഭവാൻ?"

കവിയും പ്രത്യുത്തരം വദിച്ചാനുടൻ "രാഗം
കവിയും കലാവിദ്യാലയമാം വധൂരത്നം

എത്രനാളായിട്ടങ്ങേക്കാത്തുകാത്തിരിക്കുന്നു
സത്രപം ഖാദിമാല്യംചാൎത്തുവാനിക്കണ്ഠത്തിൽ"

"ആശയ്ക്കു വകയുണ്ടീവ്യസനമെന്നാൽ" — ചൊ (ന്നാൻ
ആശയെ നശിപ്പിച്ചോരൎദ്ധനഗ്നനാം ഫക്കീർ.

ആ ശമസമ്പന്നന്മാരൊന്നിച്ചു നേടിത്തന്ന
ശാശ്വതപ്രമത്തിന്നു സഹസ്രം നമസ്കാരം!

—:0:—

ത്തോളം കാലം മുന്നോട്ടു നീങ്ങിയിട്ടില്ല എന്നുള്ളതുമാത്രമാണ്. ശീലാവതി സൂര്യനെ സ്തംഭിപ്പിച്ചുനിൎത്തിയ കഥയും സാവിത്രി കാലനെ ജയിച്ചു സ്വഭൎത്താവിനു ദീൎഘായുസ്സുണ്ടാക്കിയ കഥയും കാലത്തെ ജയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മനസ്സിനുള്ള അജയ്യമായ ശക്തിയെയാണു വെളിപ്പെടുത്തുന്നതു്. കാലം മനഃസൃഷ്ടമാണെന്നാണ് ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടതു്. മനസ്സിന്റെ ഒരു പ്രവൎത്തനഫലം മാത്രമാണു കാലം. ആ സ്ഥിതിക്കു മാനസികപ്രവൎത്തനമാണു ചതുൎത്ഥപരിമാണമെന്ന സിദ്ധാന്തത്തിന്റെ ഒരുവശം മാത്രമാണു പാശ്ചാത്യരുടെ 'കാലസിദ്ധാന്തം' എന്നു വന്നുകൂടുന്നു. മനുഷ്യന്റെ ആത്മീയസത്തയെപ്പററിയും മാനസികവ്യാപ്തിയെപ്പററിയും ഭാരതീയരെപ്പോലെയുള്ള വിജ്ഞാനം ലഭിച്ചിട്ടില്ലാത്തവരും, ഭൗതികകാൎയ്യങ്ങളിൽത്തന്നെ അധികവും മുഴുകിയിരിക്കുന്നവരുമായ പാശ്ചാത്യർ ഇപ്രകാരം അൎദ്ധസത്യമെന്നു തോന്നുന്ന ഒരു നിഗമനത്തിൽ എത്തിച്ചേൎന്നതിൽ അത്ഭുതപ്പെടുവാനുമില്ല.

# റഷ്യയിലെ കമ്മ്യൂണിസ്റ്റ്കക്ഷി

എം. ആർ. മാധവവാര്യർ ബി. എ., എൽ എൽ. ബി.

റഷ്യയുടെ രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ ജീവിതത്തെ നയിക്കുന്നതു് അവിടുത്തെ കമ്മ്യൂണിസ്റ്റ്കക്ഷിയാകുന്നു. കമ്മ്യൂണിസ്റ്റ്കക്ഷി കാറൽമാർക്സിന്റെ ഗ്രന്ഥങ്ങളെ വേദഗ്രന്ഥങ്ങളെപ്പോലെ സമാദരിക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ പ്രചരിപ്പിക്കുന്നതിനും തദനുസരണം ജനങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്നതിനും ആ കക്ഷിയിലെ ഓരോ അംഗവും മിഷ്യനറിയെപ്പോലെ പ്രവർത്തിക്കുകയുംചെയ്യുന്നു. ഈ കക്ഷി സോഷ്യൽ ഡെമോക്രാറ്റിക്ക്പാർട്ടി എന്ന പേരിൽ റഷ്യയിൽ വലുതായ ഒരു വിപ്ലവമുണ്ടാക്കി അധികാരം കവർന്നെടുത്തു. ഇപ്പോൾ ഈ കക്ഷിയുടെ പ്രധാനകർത്തവ്യം വ്യവസായശാലയിലും കൃഷിത്തോട്ടത്തിലും തിരഞ്ഞെടുപ്പുകളിലും ഗവമ്മെൻറിലും ജനങ്ങൾക്കു ബുദ്ധിപരമായ നേതൃത്വം നല്കുകയാകുന്നു. ഈ കക്ഷിയുടെ ഉദ്ദേശം ഭൂരിപക്ഷം ജനങ്ങളെ അതിൽ ചേർക്കണമെന്നല്ല. മാർക്സിന്റേയും ലെനിന്റേയും സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവരും ഒരാദർശവും കാര്യപരിപാടിയും നടപ്പിൽവരുത്തുവാൻ സന്നദ്ധതയുള്ളവരും ശിക്ഷണബോധത്തോടുകൂടി പ്രവർത്തിക്കാവുന്നവരുമായ ഒരു മിഷ്യനറി സംഘത്തെ സൃഷ്ടിക്കണമെന്നാണു് ഈ കക്ഷിയുടെ ഉദ്ദേശം. ൧൯൨൬-ാമാണ്ടു് ഈ കക്ഷിയിൽ ൧൦ ലക്ഷത്തോളം അംഗങ്ങളുണ്ടായിരുന്നു.

ഈ കക്ഷിയിൽ ചേരണമെന്നുദ്ദേശിക്കുന്ന ഓരോ ആളും മാർക്സ് പ്രഖ്യാപിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ്സിദ്ധാന്തങ്ങളും ലെനിനും സ്റ്റാലിനും അവയ്ക്കു നൽകിയിട്ടുള്ള ഭാഷ്യങ്ങളും പരിപൂർണ്ണമായി സ്വീകരിക്കേണ്ടതാണു്. മാർക്സിയൻ സിദ്ധാന്തത്തിനു വിരുദ്ധമായി യാതൊരു മതത്തിലും കമ്മ്യൂണിസ്റ്റ്കക്ഷിയിലെ അംഗങ്ങൾ വിശ്വസിക്കുവാൻ തയാറില്ല. പുരോഹിതനൊ വൻകൃഷിക്കാരനൊ കച്ചവടക്കാരനൊ മുതലാളിക്കൊ ഈ സംഘടനയിൽ സ്ഥാനമില്ല. ജോലിചെയ്യാതെ ജീവിക്കണമെന്നോ, ധാരാളം സമ്പാദ്യംവേണമെന്നോ, സ്വകാര്യവസ്തുവുടമ വേണമെന്നോ ആശിക്കുന്നവർ കമ്മ്യൂണിസ്റ്റ്കക്ഷിയുടെ ശത്രുക്കളാണു്. ഒരാളെ മെമ്പറായി അംഗീകരിക്കണമെങ്കിൽതന്നെ ഒന്നുരണ്ടുകൊല്ലം മററംഗങ്ങളുടെ മേൽനോട്ടത്തിൽ നിശ്ചിതകർമ്മങ്ങളനുഷ്ഠിക്കേണ്ടതാകുന്നു. അയാളുടെ സ്വഭാവവും പ്രവൃത്തിയും മററംഗങ്ങൾ മുറയ്ക്കു പരിശോധിച്ചു തൃപ്തികരമായ റിപ്പോർട്ടുകളയച്ചല്ലാതെ അയാളെ പാർട്ടിയംഗമായി സ്വീകരിക്കുകയില്ല. വേലക്കാർ, ചെറുതരം കൃഷിക്കാർ, പട്ടാളക്കാർ ഇവരിൽനിന്നാണു് ഈ കക്ഷിയിൽ അധികമാളുകൾ ചേർന്നിട്ടുള്ളതു്.

കമ്മ്യൂണിസ്റ്റ്കക്ഷി ചെയ്യുന്ന തീരുമാനത്തെ ചോദ്യംചെയ്യുവാൻ അതിലെ യാതൊരംഗത്തിനും അവകാശമില്ല. ഏതെങ്കിലും സംഗതി പാർട്ടി നിശ്ചയിക്കുന്നതുവരെ സ്വതന്ത്രമായ വാദപ്രതിവാദം അനുവദനീയമാണു്. പാർട്ടിയുടെ നിർദ്ദേശമനുസരിച്ചു് ഏതംഗവും പ്രവർത്തിക്കേണ്ടതാകുന്നു. റോമൻകത്തോലിക്കാസഭയിലെ പോപ്പിന്റെ ഉത്തരവുകൾ എങ്ങനെ

മിഷ്യനറിമാർ സ്വീകരിക്കണമോ അതു പോലെ പാർട്ടിയിലെ അംഗങ്ങൾ പാർട്ടിയുടെ ആജ്ഞകളെ ശിരസാ വഹിക്കേണ്ടതാണ്. പാർട്ടിയിലെ ഒരംഗം ഒരു വേലക്കാരൻെറ ശമ്പളത്തിൽ കൂടുതലായി പററരുതെന്നു പ്രതിജ്ഞചെയ്യേണ്ടതാകുന്നു. അതിൽകൂടുതലായ ആദായംകിട്ടുന്നവർ ആദായത്തിൻെറ ൫൦ ശതമാനംവരെ പാർട്ടിക്കു സംഭാവന ചെയ്യേണ്ടതായിവരും. വേലക്കാരുടെ ആധിപത്യം സ്ഥാപിക്കുവാനും സോഷ്യലിസത്തെ പ്രചരിപ്പിക്കുന്നതിനും ആവശ്യമുള്ള കാര്യങ്ങൾ ഓരോ പാർട്ടിഅംഗവും ചെയ്യണമെന്നു നിർബ്ബന്ധമുണ്ട്. പാർട്ടിഅംഗങ്ങളിൽ പകുതിയും ഫാക്ടറിയിലും ഖനിയിലും റയിൽവേയിലും പോസ്റ്റാഫീസിലും കൃഷിത്തോട്ടത്തിലും യന്ത്രശാലകളിലും മററും വേലചെയ്യുന്നവരാണ്. അവർ സ്വന്തജോലി ചെയ്യുന്നതിനുപുറമെ കക്ഷിയിൽ ചേരാത്ത സാമാന്യജനങ്ങളുടെ ഇടയിൽ കമ്മ്യൂണിസ്റ്റാദർശങ്ങൾ പ്രചരിപ്പിക്കേണ്ടതാകുന്നു. ജോലിയുടെ സമയംകഴിഞ്ഞാൽ ഓരോ അംഗവും യാതൊരു പ്രതിഫലവുംപററാതെ പാർട്ടി നിർദ്ദേശിക്കുന്ന പരോപകാരപ്രദമായ പ്രവൃത്തികൾ ചെയ്തുവരുന്നു. ഈ അംഗങ്ങളാണു റഷ്യയിൽ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതും നയിക്കുന്നതും. ഈ കക്ഷിയിൽ ഏകദേശം ൪൦ ശതമാനം അംഗങ്ങൾ ട്രേഡ്യൂണിയൻ സഹകരണസംഘം മുതലായവയിൽ ശമ്പളക്കാരായി വേലയെടുക്കുന്നു. എന്നാൽ ഈ കക്ഷിയിൽ ചേരാത്തവർക്കും ധാരാളം ഉദ്യോഗങ്ങൾ നൽകപ്പെടുന്നു.

കമ്മ്യൂണിസ്ററുകക്ഷിയിലെ അംഗങ്ങൾ ചേർന്നിട്ടുള്ള ഏതു സംഘടനയിലും ആ അംഗങ്ങൾ യോജിച്ചു രഹസ്യമായി ഒരു പ്രത്യേകഗ്രൂപ്പ് ഉണ്ടാക്കുകയും ഓരോ വിഷയത്തെപ്പററിയും കക്ഷിയുടെ നയം എന്തായിരിക്കണമെന്നു തീരുമാനിക്കുകയുംചെയ്യും. ഭൂരിപക്ഷനിശ്ചയമനുസരിച്ച് ഓരോ അംഗവും പ്രവർത്തിക്കുവാനു നിർബ്ബന്ധിതനാണ്. സകല കേന്ദ്രസംഘടനകളിലേയും ഭൂരിപക്ഷം ഇപ്പോൾ കമ്മ്യൂണിസ്ററുകക്ഷിയിലെ അംഗങ്ങൾക്കാകുന്നു. ഈ പാർട്ടിയിൽ ഉൾപ്പെടാത്ത ആരുംതന്നെ റഷ്യൻ ഫെഡറേഷനിലോ റിപ്പബ്ളിക്കുകളിലോ മന്ത്രിമാരാകുകയില്ല. സൈന്യത്തിലെ നേതാക്കന്മാരെല്ലാം പാർട്ടിഅംഗങ്ങളാകുന്നു. ജീവിതത്തിൻെറ ഏതുതുറയിലും സകല പ്രധാനസ്ഥാപനങ്ങളിലും നേതൃത്വം പാർട്ടിഅംഗങ്ങളിൽ സ്ഥിതിചെയ്യുന്നു. പാർട്ടി അംഗങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെല്ലാം ഒരു സെൽ അല്ലെങ്കിൽ പ്രാദേശികസഭയുണ്ടായിരിക്കും. ഒരു ഗ്രാമത്തിലോ സ്ഥാപനത്തിലോ ഉള്ള പാർട്ടിഅംഗങ്ങൾ ഒരു സെൽ രൂപവല്ക്കരിക്കണമെന്നുള്ളതു നിർബ്ബന്ധവിഷയമാണ്. ഈ സെൽ കമ്മ്യൂണിസ്റ്റാദർശം ജനങ്ങളെ മനസ്സിലാക്കുകയും തദനുസരണം പ്രവൃത്തികൾ നടത്തുവാൻ പ്രേരണനൽകുകയും ചെയ്യുന്നു. ൧൯൨൮-ൽ ഒരുലക്ഷത്തിമുപ്പതിനായിരം സെല്ലുകളും അവയിൽ മുപ്പതുലക്ഷം അംഗങ്ങളും ഉണ്ടായിരുന്നു.

പാർട്ടിയുടെ കേന്ദ്രസമിതിയിൽ ൭൧ അംഗങ്ങളുണ്ട്. എന്നാൽ ആ സമിതി ഒരാണ്ടിൽ അഞ്ചാറുപ്രാവശ്യത്തിലധികം കൂടുകയില്ല. പ്രസിഡൻറും ജനറൽസെക്രട്ടറിയും അസിസ്റ്റൻറുസെക്രട്ടറിമാരും രണ്ടു കമ്മിററികളുംകൂടിയാണ് ദൈനംദിനഭരണം നടത്തുന്നതു്. രണ്ടു കമ്മിററികളിൽ പോളിററ്ബ്യൂറോയിൽ ൧൦ അംഗങ്ങളും ഓർഗ്ബ്യൂറോയിൽ ൧൦ അംഗങ്ങളുമുണ്ട്. ഈ കമ്മിററികൾകൂടാതെ കൺട്രോൾകമ്മിഷൻ, ആഡിററിങ്ങ്കമ്മിഷൻ എന്നു രണ്ടു കമ്മിഷനും തെരഞ്ഞെടുക്കപ്പെടുന്നു. കൺട്രോൾകമ്മിഷനിലെ അംഗങ്ങൾക്കു കമ്മ്യൂണിസ്ററുപാർട്ടിയിലെ എല്ലാവരുടേയും ചരിത്രം അറിയാം. പാർട്ടിനിബ

സ്ഥനകൾക്കു വിപരീതമായി പ്രവൎത്തിക്കു ന്ന അംഗങ്ങളെ നീക്കംചെയ്യുവാൻ ഈ കമ്മീഷനധികാരമുണ്ട്. റഷ്യയിലെ നായകന്മാരും മന്ത്രിമാരുമായിരിക്കും പോളിററു ബ്യൂറോയിലെ അംഗങ്ങൾ. പോളിററു ബ്യൂറോയുടെ അഭിപ്രായങ്ങൾ സെൻട്രൽ കമ്മിററി അംഗീകരിച്ചുകഴിഞ്ഞാൽ ഗവമ്മെൻറുത്തരവുകളായി പുറത്തുവരുന്നു. കമ്മ്യൂണിസ്ററുപാൎട്ടിയുടെ ഏകാധിപത്യമാണു റഷ്യയിൽ കളിയാടുന്നതു്. റഷ്യയിലെ കൃഷിത്തോട്ടങ്ങളുടെ പ്രവൎത്തനം തൃപ്തികരമല്ലെന്നുകണ്ടപ്പോൾ ൨൫൦൦൦ പാൎട്ടിഅംഗങ്ങളാണു് തോട്ടങ്ങളിൽചെന്നു അവിടത്തെ അഴിമതികൾ നീക്കംചെയ്തതു്. അതുപോലെതന്നെ റയിൽവേയുടെ പ്രവൎത്തനം കുഴപ്പത്തിലാണെന്നു വെളിപ്പെട്ടപ്പോൾ അനവധി പാൎട്ടിഅംഗങ്ങൾ റയിൽവേജോലിയിൽ ഏൎപ്പെട്ടു് ആ ഡിപ്പാൎട്ടുമെൻററിൽ ആദായമുണ്ടാക്കി.

കമ്മ്യൂണിസ്ററുധമ്മത്തിനു വിരുദ്ധമായി പ്രവൎത്തിക്കുന്നവരെ കക്ഷിയിൽനിന്നും നിൎദ്ദയം നീക്കുന്നതിനു് നേതാക്കന്മാൎക്കു മടിയില്ല. പതിവായി മദ്യപാനംചെയ്തു മത്തനാകുക, അപമാനകരമായവിധത്തിൽ വ്യഭിചരിക്കുക, പണം അപഹരിക്കുക, അശ്രദ്ധയോടുകൂടി പ്രവൎത്തിച്ചു് നഷ്ടമുണ്ടാക്കുക, ആഡംബരങ്ങളിൽ ഭ്രമിക്കുകമുതലായവ കമ്മ്യൂണിസ്ററുകളുടെ ദൃഷ്ടിയിൽ അധമ്മങ്ങളാണു്. ആണ്ടുതോറും പാൎട്ടി അംഗങ്ങളുടെ ചരിത്രങ്ങൾ പരിശോധിച്ചു് അവരെ പാൎട്ടിയിൽനിന്നും ബഹിഷ്കരിക്കുന്നതു റഷ്യയിൽ സാധാരണമാണു്. ൧൯൩൩-ാമാണ്ടു് രണ്ടുലക്ഷത്തിഅമ്പതിനായിരം അംഗങ്ങൾ കക്ഷിയിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു. ൧൯൨൪-ലും ൧൯൨൯-ലും ൧൯൨൦-ലും ഇതുപോലെ പല അംഗങ്ങളേയും പാൎട്ടിയിൽനിന്നു മാററിയിട്ടുണ്ടു്. ൧൯൩൪-ാമാണ്ടു് പാൎട്ടിയുടെ ചട്ടങ്ങളിൽ പല പരിഷ്കാരങ്ങൾ വരുത്തി. ഇപ്പോൾ ഗവൎമ്മെൻറുഡിപ്പാൎട്ടുമെൻറുകളേപ്പോലെ പാൎട്ടിക്കു പല ഡിപ്പാൎട്ടുമെൻറുകളുണ്ടു്. ഗവമ്മെൻറുഡിപ്പാൎട്ടുമെൻറുകൾ ഗവമ്മെൻറിൻെറ ആജ്ഞാനുസരണം പ്രവൎത്തിക്കുന്നു. എന്നാൽ പാൎട്ടിയുടെ ഡിപ്പാൎട്ടുമെൻറുകൾ നിയമപരമായ യാതൊരധികാരവുംകൂടാതെ ജനങ്ങളേയും ഗവമ്മെൻറിനേയും നിയന്ത്രിക്കുന്നു.

കമ്മ്യൂണിസ്ററുപാൎട്ടിയോടനുബന്ധിച്ചു് 'കംസോമാൾ' എന്ന പേരിൽ യുവാക്കന്മാരുടെ ഒരു സംഘടനയുണ്ടു്. ഈ സംഘടനയിൽ ൧൪-നും ൨൩-നും വയസ്സിനിടയ്ക്കുള്ള അൻപതുലക്ഷം യുവാക്കന്മാർ പ്രവൎത്തിക്കുന്നു. ഇവരിൽ മൂന്നിലൊന്നുഭാഗം വ്യവസായശാലകളിലും മൂന്നിൽരണ്ടു് ഗ്രാമങ്ങളിലും തൊഴിലുകളിൽ ഏൎപ്പെട്ടിട്ടുള്ളവരാണു്. ഈ സംഘടനയിൽപ്പെട്ടവരും പ്രത്യേകം 'സെല്ലു'കൾ ഉണ്ടാക്കിയിട്ടുണ്ടു്. ഈ സംഘടനയുടെ മുഖ്യോദ്ദേശം യുവാക്കന്മാരുടെ ഇടയിലും അവർ താമസിക്കുന്നതിനു ചുററും വിദ്യാഭ്യാസം പ്രചരിപ്പിക്കുകയാകുന്നു. ഉല്പാദനം വൎദ്ധിപ്പിക്കുന്നതിനോ കമ്മ്യൂണിസ്റ്റ്പാൎട്ടിയുടെ നയം രൂപവൽക്കരിക്കുന്നതിനോ കംസോമാളിനധികാരമില്ല. മാൎക്സ്, എൻജൽസ്, ലെനിൻ, സ്റ്റാലിൻ മുതലായവരുടെ ഗ്രന്ഥങ്ങൾ പഠിക്കുക, സാങ്കേതികപരിജ്ഞാനം സമ്പാദിക്കുക, ട്രേഡ്‌യൂണിയനിൽ പ്രവൎത്തനം നടത്തുക, ഗ്രാമോദ്ധാരണത്തിനു് പരിശ്രമിക്കുക, തൊഴിലാളികളേയും കൃഷിക്കാരേയും സംഘടിപ്പിക്കുക, സൈനികപരിശീലനത്തിലേൎപ്പെടുക മുതലായവയാണു് ഈ സംഘടനയിൽപ്പെട്ടവരുടെ ചുമതലകൾ. യുവാക്കന്മാരുടെ സംഘടനകൾക്കു് പ്രത്യേകം വൎത്തമാനപ്പത്രങ്ങളുണ്ടു്. കമ്മ്യൂണിസ്ററുധമ്മത്തിനു് വിപരീതമായി പ്രവൎത്തിക്കുന്നവരെ സംഘടനയിൽനിന്നും ബഹിഷ്കരിക്കുന്നതു് സാധാരണമാകുന്നു. ലെനിനിസം പഠിക്കുകയും സാമുദായി

കശ്രൂഷയിൽ താല്പയ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നവക്കുമാത്രമേ കംസോമാൾ സംഘടനയിൽ പ്രവേശനമുള്ളൂ.

പത്തുമുതൽ പതിനാറുവയസ്സുവരെയുള്ള കുട്ടികൾക്കു ബായിസ്കൗട്ടിന്റെ മാതിരിയിൽ "പയനിയേഴ്സ്" എന്ന പേരിൽ ഒരു സംഘടനയുണ്ടു്. ൧൯൩൦-ൽ ഈ സംഘടനയിൽ ൩൦-ലക്ഷം അംഗങ്ങളുണ്ടായിരുന്നു. ഇവർ ബ്രിഗേഡുകളായി തിരിക്കപ്പെട്ടിരിക്കുന്നു. സോഷ്യലിസത്തിന്റെ ആദർശങ്ങൾ കുട്ടികൾ നേരത്തെ പഠിക്കണമെന്നും അവക്കു് ലോകസേവയിൽ താല്പയ്യംജനിക്കണമെന്നുമുദ്ദേശിച്ചാണു് ഈ സംഘടനയുണ്ടാക്കിയിട്ടുള്ളതു്. ഒരു പയനിയക്കു ൫-പ്രതിജ്ഞകളും ൫-ശീലങ്ങളുമുണ്ടു്. ൧. ഒരു പയനിയർ വേലക്കാക്കുവേണ്ടി ജീവിക്കുകയും ലെനിന്റെ ഉപദേശങ്ങളെ സ്വീകരിക്കുകയും, ൨. കമ്യൂണിസ്റ്റിന്റെ സഹോദരനും സഹായിയുമാണെന്നുവിചാരിക്കുകയും, ൩.മററുകുട്ടികളെ സംഘടിപ്പിച്ചു് അവരുടെ ജീവിതത്തിൽ പങ്കുകൊള്ളുകയും മററുകുട്ടികൾക്കു ദൃഷ്ടാന്തമായിരിക്കുകയും, ൪. ലോകത്തിലുള്ള വേലക്കാരുടേയും കർഷകരുടേയും കുട്ടികളുടേയും സഖാവായിരിക്കുകയും, ൫. വേലക്കാരുടെ ഉന്നമനത്തിനുവേണ്ടി ജ്ഞാനം സമ്പാദിക്കുകയും ചെയ്യണമെന്നാണു് പയനിയരുടെ അഞ്ചുപ്രതിജ്ഞകൾ. ൧. പയനിയർ തന്റെയും മററുള്ളവരുടേയും ആരോഗ്യം രക്ഷിക്കുകയും രാവിലെ ഉണന്നു വ്യായാമം ചെയ്യുകയും, ൨. എല്ലാ കാര്യങ്ങളും കണിശമായും വേഗത്തിലും ചെയ്യുകയും, ൩. കൂട്ടായി നിഷ്കർഷാപൂർവ്വം കമ്മങ്ങളനുഷ്ഠിക്കുവാൻ ശീലിക്കുകയും ൪. തന്റേയും മററുള്ളവരുടേയും സാമാനങ്ങളും പുസ്തകങ്ങളും വസ്ത്രങ്ങളും സൂക്ഷിക്കുകയും, ൫. ആണയിടുകയും പുകവലിക്കുകയും മദ്യപിക്കുകയും ചെയ്യാതിരിക്കുകയുമാണു് പയനിയരുടെ പഞ്ചശീലങ്ങൾ. പത്തംഗങ്ങൾ ചേന്നാൽ ഒരു ലിങ്കും നാലഞ്ചുപേർചേന്നാൽ ഒരു ബ്രിഗേഡുമാകും. ഒരു കംസോമാൾസെല്ലിലെ അംഗമായിരിക്കും ബ്രിഗേഡിന്റെ നായകൻ. പത്തുവയസ്സിൽ താഴെപ്രായമുള്ളവക്കു "ലിററിൽ ഒക്ടോബ്രിസ്റ്റ്" എന്ന പേരിൽ മേൽപ്പറഞ്ഞപ്രകാരം വേറൊരു സംഘടനയുണ്ടു്. ഇങ്ങനെ ൧൮-മുതൽ ൨൩-വരെ വയസ്സുപ്രായമുള്ളവക്കു പ്രത്യേകം. സംഘടനകളും നേതൃത്വവും കമ്യൂണിസ്റ്റ്പാർട്ടിയുടെ പിന്തുണയുമുണ്ടു്.

കാമിന്റേൺ എന്ന പേരിൽ ലോകത്തിലെ വേലക്കാരെ എല്ലാം കൂട്ടിച്ചേക്കുന്നതിനുവേണ്ടി അവരുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരു സ്ഥാപനം റഷ്യയിൽ സ്ഥാപിതമായിരിക്കുന്നു. ഇതിനു തേഡ് ഇന്റർനാഷനൽ എന്ന അപരാഭിധാനവുമുണ്ടു്. ലോകമാസകലം സോഷ്യലിസം പ്രചരിച്ചു് വേലക്കാരുടെ പ്രഭുത്വം സ്ഥാപിക്കണമെന്നാണു് ഈ സംഘടനയുടെ ഉദ്ദേശം. ഈയിടെ എല്ലായിടത്തും കമ്യൂണിസം പ്രചരിപ്പിക്കുന്നതിനുള്ള റഷ്യയുടെ ഉത്സാഹം കുറഞ്ഞിരിക്കുകയാണു്. റഷ്യൻകമ്യൂണിസ്ററുപാർട്ടി മതസംഘടനയുടെ രീതിയിൽ സംഘടിതമാണെന്നും അതിനു നിയമദൃഷ്ട്യാ റഷ്യൻ ഗവമ്മെൻറുമായി ബന്ധമില്ലെന്നും അതു അഖിലദേശീയസംഘടനയാണെന്നും മേൽവിവരിച്ച സംഗതികളിൽനിന്നും വ്യക്തമാകുന്നതാണു്.

കമ്യൂണിസ്ററുപാർട്ടി റഷ്യയിലുള്ള സകലരേയും നയിക്കുന്നതിനുള്ള സംഘടനകളുണ്ടാക്കിയിട്ടുണ്ടു്. റഷ്യയിൽ സമാധാനം പാലിക്കുകയല്ല സോഷ്യലിസം പ്രയോഗത്തിൽവരുത്തുകയാണു് അവിടുത്തെ ഗവമ്മെൻറിന്റെ ഉദ്ദേശം. സ്വകാര്യഉടമ നിശ്ശേഷം ഇല്ലാതാക്കി പൊതുവുടമ സ്ഥാപിക്കാതെ ജനങ്ങളെ അധഃകൃതാവസ്ഥയിൽനിന്നും ഉദ്ധരിക്കുവാൻ നിവൃത്തിയില്ലെന്നു കമ്യൂണിസ്റ്റ്പാർട്ടിക്കു ബോദ്ധ്യപ്പെട്ടു. കൃഷിയും വ്യവസായവും യന്ത്രസഹായംകൊ

# എതിരാളി

ഒ. എൻ. വി. കുറുപ്പ്, ചവറ.

സൗന്ദര്യസാമ്രാജ്യത്തിൻ റാണിയാണവളെന്നു
പൊന്നുഷസ്സന്ധ്യയ്ക്കുള്ളിൽ ഗർവ്വുകൾനിറയവെ,
എന്തിതേ മയൂരങ്ങൾ നർത്തനമാടുന്നു, മൂ-
വന്തിയാളണയുമപ്പടിഞ്ഞാറിനെ നോക്കി?
അഴകിൻപര്യായംപോലവിടെത്തെളിഞ്ഞൊരു
മഴവില്ലതുകണ്ടുമദിച്ചു മയൂരങ്ങൾ!
അക്കാണുംമഴവില്ലും മയിലാട്ടവുംതന്നെ-
ധിക്കരിക്കുകയല്ലേ?- ഉഷസ്സിന്നുള്ളം നൊന്തു. ..

* * *

സിന്ദൂരപ്പൊടിതൊട്ടുതൊട്ടെടുക്കുവാൻതോന്നു-
മന്തിതൻകപോലങ്ങൾ മേൽക്കുമേൽതുടുക്കവേ,
അവളെക്കളിയാക്കാനല്ലല്ലീ, മഴവില്ല-
ങ്ങവിടെക്കിഴക്കത്തെവിൺമലക്കാവിൽ-
പോയീ? ......

* * *

ഉഷസ്സുംമൂവന്തിയുംപോയാലോ കാണ്മാനില്ല
നഭസ്സിൽ, മഴവില്ലിൻ 'പൊടിച്ചപൊടി'
പോലും!......

---

ണ്ടു് വിപുലപ്പെടുത്തുകയും വസ്തുവകകളേയും സമ്പത്തുകളേയും നീതിപൂർവ്വം വിതരണംചെയ്യുകയും ചെയ്യുന്നതിനു സുശക്തവും സുസംഘടിതവുമായ ഒരു പാർട്ടിയുടെ ആവശ്യമുണ്ടു്. ഒരു രാജ്യത്തുള്ള സകല കുടുംബങ്ങളുടേയും സഹകരണംകൂടാതെ ഈ ഗംഭീരോദ്യമം വിജയപ്രദമാക്കാൻ സാദ്ധ്യമല്ല. സാർവ്വത്രികമായ വിദ്യാഭ്യാസവും ഇടവിടാതുള്ള പ്രചരണവുംകൊണ്ടല്ലാതെ ഈ നവീനാദർശം ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കുവാൻ വിഷമമാണു്. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഓരോ അംഗത്തിന്റേയും നിരന്തരമായ പ്രയത്നവും ത്യാഗപൂർവ്വമായ സഹകരണവുംകൊണ്ടാണു് ൨൦ കൊല്ലംകൊണ്ടു നികൃഷ്ടാവസ്ഥയിൽകിടന്ന റഷ്യ ഇന്നു അമേരിക്കയുടെ സമത്വം വഹിക്കുവാനിടയായിട്ടുള്ളതു്.

റഷ്യയിലെ ജനസംഖ്യ നോക്കിയാൽ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ അംഗങ്ങൾ കുറവാണു്. ക്രിസ്ത്യൻപള്ളികളിൽ പുരോഹിതന്മാരും അയ്മേനികളും എന്നു രണ്ടു വിഭാഗങ്ങളുള്ളതുപോലെ കമ്മ്യൂണിസ്റ്റ്കക്ഷിയിൽ അംഗങ്ങളെന്നും അനുഭാവികളെന്നും രണ്ടു കൂട്ടരുണ്ടു്. നായകത്വം മുഴുവൻ അംഗങ്ങളിലാണു സ്ഥിതിചെയ്യുന്നതു്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനങ്ങളെ എല്ലാവരും സ്വീകരിക്കത്തക്ക ഒരു പരിതഃസ്ഥിതിയാണു് റഷ്യയിലുള്ളതു്. ഏകകക്ഷിമേധാവിത്വം റഷ്യയിൽ നടമാടുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു രാഷ്ട്രീയകക്ഷിയാണെന്നുപറയുവാൻ നിവൃത്തിയില്ല. കമ്മ്യൂണിസ്റ്റ്പാർട്ടിക്കെതിരായി ഒരു പാർട്ടിയുണ്ടാകുന്നതു രാജ്യദ്രോഹകരമായിട്ടാണു് വിചാരിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ അവിടുത്തെ ഭരണം എല്ലാജനങ്ങളുടെയും ഗുണത്തിനാണെന്നും ഗവമ്മെൻറു്അവിടെല്ലാക്കാര്യങ്ങളുംനടത്തുന്നതു് ജനങ്ങൾക്കു ആലോചനയ്ക്കും വാദപ്രതിവാദത്തിനും അവസരം കൊടുത്തശേഷമാണെന്നും അവിടുത്തെ ഭരണഘടനകൊണ്ടു വ്യക്തമാകുന്നു. മതഭ്രാന്തിനു് സദൃശമായ വീറോടുകൂടി റഷ്യയിൽ സോഷ്യലിസം പ്രചരിപ്പിക്കുന്നതിനു് മേൽപ്പറഞ്ഞതരത്തിലുള്ള ഒരു കക്ഷിയുടെ ആവിർഭാവം ആവശ്യമാണെന്നു് ചരിത്രം തെളിയിക്കുന്നു. ഇതരരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റു കക്ഷികൾ റഷ്യാക്കാരെ അനുകരിച്ചും അവരുടെ നേതൃത്വം സ്വീകരിച്ചും അവർ സ്വീകരിച്ച മാർഗ്ഗത്തെ സ്വാഗതംചെയ്തും സോഷ്യലിസം സ്ഥാപിക്കുവാൻ വെമ്പൽ കൊള്ളുന്നു.

# “ഹാല്‌റേ ബായ്‌ തകഃതകതാ”

ആതിച്ചനല്ലൂർ എൻ കേശവപിള്ള, ബി. ഏ., എൽ. ററി.

അല്പം നടക്കാമെന്നുകരുതി ഞാൻ റോഡിലേക്കിറങ്ങി. വിചാരലഹരിയിൽ മുഴുകിനടന്നിരുന്ന എന്റെ ശ്രദ്ധ ആസ്പത്രിമുക്കിൽ എത്തിയപ്പോൾ പെട്ടെന്നു മേൽക്കാണിച്ച ശബ്ദത്താൽ ആകൎഷിക്കപ്പെട്ടു.

വിചിത്രരീതിയിൽ വസ്ത്രധാരണംചെയ്തിരുന്ന ഒരു താടിക്കാരനായ തൈക്കിഴവന്റെ മീശക്കാട്ടിൽനിന്നാണു് ആ ശബ്ദം പുറപ്പെട്ടതു്. ചുററും കൂടിനിന്നിരുന്ന ആളുകളിൽനിന്നു ഒരു തലനീളംപൊക്കം കൂടുതലുള്ള ആ ദീർഘകായന്റെ കണ്ണുകൾ പ്രഥമവീക്ഷണത്തിൽതന്നെ എന്നെ ആകൎഷിച്ചുകഴിഞ്ഞു. ആ കണ്ണുകളുടെ വൈശിഷ്ട്യം എന്താണെന്നു ഖണ്ഡിച്ചുപറവാൻ എനിക്കു ഇന്നും കഴികയില്ല. അവ തീക്ഷ്ണങ്ങളല്ല; അതിവിശാലമോ ദീർഘമോഅല്ല; തുളച്ചുകയറുന്ന ഒരു നോട്ടം ആ കണ്ണുകളിൽ കാണാനേയില്ല. കോപകാരുണ്യവീര്യങ്ങൾ അവയിൽ നിഴലിട്ടുന്നുമില്ല; അവ ശാന്തമാണു്; ദ്രുതചലനമില്ല; മിക്കവാറും നിശ്ചലവും അഗാധവുമാണു്, ആഴംകൂടിയ കയംപോലെ; ഉദാസീനഭാവത്തിൽ ഇരയെ വിഴുങ്ങുന്ന പെരുമ്പാമ്പിന്റെ കണ്ണുകൾപോലെ അപരിഭ്രാന്തങ്ങളും ഭയങ്കരങ്ങളുംആണു്. ആ കണ്ണുകളിൽനോക്കിയാൽ വളരെദ്ദൂരം ഉള്ളിലേക്കു കാണാമെന്നുതോന്നും. ഉള്ളിൽ കാണുന്നതു അതിപ്രശാന്തമായ ഒരു ഏകാന്തതയാണു്. ആദരവും ഭീതിയുമാണു പ്രേക്ഷകനു തോന്നുന്ന വികാരം. ആ കണ്ണുകളുടെ പ്രവൎത്തനപരിധിയിൽ അകപ്പെട്ടവനോടു “കീഴടങ്ങിക്കോ” എന്നു നിശ്ശബ്ദമായ ഒരു ഉഗ്രശാസന അവ നല്കുന്നതായിത്തോന്നും. നെററിത്തടം വിശാലമാണു്. നെടുനീളത്തിൽ ഏതാനും സമാന്തരരേഖകൾ കാണാം. പുരികസ്ഥാനത്തു കക്ശരോമങ്ങൾ ഇടഞ്ഞെരുങ്ങിനിന്നു കലഹിക്കുന്നു. നീണ്ടുനിവൎന്നു ഉന്നതാഗ്രമായ നാസിക, പാറപ്പുറത്തിരിക്കുന്ന ഒരു കഴുകനെപ്പോലെ ആ മുഖത്തെ അടക്കിബ്ഭരിക്കുന്നു. അതിനു താഴെയെല്ലാം ഏകമയം—ഒരു മീശക്കാടു തന്നെ.

കുററിച്ചെടികളുടെ ഇടയിൽ നില്ക്കുന്ന ഒരു കരിമ്പനപോലെ, അയാളുടെ വദനരന്ധ്രം ഉണ്ടായിരിക്കേണ്ട സ്ഥാനത്തുനിന്നുന്തിനിൽക്കുന്ന പുകയിലച്ചുരുട്ടു കടിച്ചുപിടിച്ചുകൊണ്ടു അയാൾ വിളിച്ചുപറഞ്ഞു:—“കുട്ടപ്പാ തീ കൊണ്ടുവാ”. ഇതിനകം, അയാളെ വലയംചെയ്തിരുന്ന ആൾക്കൂട്ടത്തിൽ എത്തി സ്ഥാനംപിടിച്ചിരുന്ന ഞാൻ, കുട്ടപ്പനാരായിരിക്കുമെന്നു കാണാൻ അയാളുടെ ചുററും നോക്കി. ആരെയും കണ്ടില്ല. അയാളുടെ മുഖത്തിരുന്ന ചുരുട്ടിന്റെ അററത്തു്, സ്പിച്ചിടുമ്പോൾ കത്തുന്ന വിദ്യുദ്ദീപംപോലെ അഗ്നി തിളങ്ങുന്നതായിക്കണ്ടു. “കുട്ടിച്ചാത്തൻ, കുട്ടിച്ചാത്തൻ” എന്നു എന്റെ ചുററും നിന്നിരുന്ന പ്രാകൃതന്മാർ അങ്ങിങ്ങായി മന്ത്രിച്ചുതുടങ്ങി. ‘ചാത്തനിസ’ത്തെ എതിൎക്കാനും അതിനു കീഴടങ്ങാനും കഴിയാത്ത ഒരു ത്രൈശങ്കവസ്ഥിതിയിലേക്കു ഞാൻ പതറി വീണു. “കടന്നുകളയരുതു്. വിളിക്കുമ്പോൾ കാണണം, കേട്ടോ കുട്ടപ്പാ” എന്നു ഒരു

അനുരഞ്ജനസ്വരത്തിൽ അദൃശ്യനായ ഭൃത്യനോടു ആജ്ഞാപിച്ചശേഷം തുടച്ച്യായി പുകവലിച്ചുകൊണ്ടുനിന്നു. ഏതാനും നിമിഷങ്ങൾകഴിഞ്ഞു്, മീശക്കാട്ടിനു തീ പിടിക്കുമെന്ന ഘട്ടമായപ്പോൾ, സംതൃപ്ത ഭാവത്തിൽ ചുരുട്ടുകുററി ദൂരത്തെറിഞ്ഞു ആരെയും നോക്കാതെ എല്ലാവരോടും എന്നഭാവത്തിൽ ഇങ്ങനെ പറഞ്ഞുതുടങ്ങി:-

"മഹാജനങ്ങളെ, നിങ്ങൾ ഇന്ദ്രജാലം, മഹേന്ദ്രജാലം മുതലായ എത്രയോ എത്രയോ അൽഭുതവിദ്യകൾ കണ്ടിരിക്കുന്നു! മഹാത്മാക്കളായ എത്രയോ ജാലവിദ്യക്കാർ അനേകമനേകം കൺകെട്ടുകൾ കാണിച്ചു നിങ്ങളെ രസിപ്പിച്ചിട്ടുണ്ടു്. ഇന്നു ഞാൻ എന്താണു കാണിക്കേണ്ടതു്. കുട്ടപ്പാ, എങ്ങനെയാണു ഒരുതകുന്ത വിദ്യകാണിച്ചു് ഈ മഹാജനങ്ങളുടെ ആശീർവാദം വാങ്ങേണ്ടതു്? കുട്ടപ്പൻ എന്തുപറയുന്നു? എന്തു്? ഉറച്ചുപറയൂ! എന്തു്? ഒരു? ഒരു ചഞ്ചാപുരുഷനോ? ശരി ശരി. അങ്ങനെതന്നെ ഹഹഹ—സബാഷ്—ഒരു ചഞ്ചാപുരുഷൻ—ശരിയായ അഭിപ്രായം. മഹാജനങ്ങളേ! ഈ സന്ധ്യാസമയത്തു ഒരു ചഞ്ചാപുരുഷനെ നിങ്ങൾക്കു സമ്മാനിക്കണമെന്നു കുട്ടപ്പൻ പറയുന്നു. അദ്ദേഹത്തെ, ചഞ്ചാപുരുഷനെ,കണ്ടു മാന്യമഹാജനങ്ങൾ എന്നെ അനുഗ്രഹിച്ചു ആശീർവദിച്ചു സന്തോഷമടഞ്ഞുപോകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു."

അയാൾ കൈകൾ ആകാശത്തിലേക്കുയർത്തി തൊഴുതുകൊണ്ടു ധ്യാനലീനനെന്നഭാവത്തിൽ നിന്നു. അതിനുശേഷം സമാധിബന്ധം അഴിച്ചു പരിസരങ്ങളിലേക്കു ഉണന്നു്—"ഹാല്റേബായ്തകതകതാ—തകതകതാ—തകതകതാ"— എന്നുറക്കെ വിളിച്ചുകൊണ്ടു തറയിൽ ചമ്പ്രംപടിഞ്ഞിരുന്നു. അടുത്തിരുന്ന ഒരു വീഞ്ഞപ്പെട്ടി തുറന്നു് അതിൽനിന്നു ചില വിചിത്രസാധനങ്ങൾ പുറത്തേക്കെടുത്തു ചഞ്ചാപുരുഷനിർമ്മാണത്തിനു ആരംഭിച്ചു.

ആദ്യമായി പുറത്തേക്കുവന്നതു ഒരു പഴയ കുടയുടെ മുളംകാലാണു്. അതിൻെറ കൈപിടി ഒടിഞ്ഞുപോയിരുന്നു. അതു ചഞ്ചാപുരുഷൻെറ നട്ടെല്ലായി സ്ഥാപിച്ചു. ഒരു പഴയചിത്രത്തിൻെറ ചട്ടക്കൂട്ടിൻെറ രണ്ടു നെടിയപടികൾ കൈകളുടെ എല്ലുകളായി നട്ടെല്ലിനോടുയഥായോഗ്യംബന്ധിക്കപ്പെട്ടു. വലത്തുവശത്തു സ്ഥാപിച്ച നെടിയപടി കൈമുട്ടിൻെറസ്ഥാനത്തു ഒടിഞ്ഞുവളഞ്ഞിരുന്നു. ഇടത്തുകൈ കൈമുട്ടില്ലാതെ തന്നെ തൂങ്ങിനിന്നു. ഒരു പഴയ ചൂരൽകസേരയിൽനിന്നു സമ്പാദിച്ചിരുന്ന രണ്ടു കാലുകൾ ചഞ്ചാപുരുഷൻെറ കാലുകളുടെ സ്ഥാനത്തു ഉറപ്പിച്ചു. ഇടത്തുകാലിനു് അല്പം നീളം കുറവായിരുന്നതിനാൽ ഒരു ഇടക്കാലനയമായി അതു ഒരു ഉരുളൻകല്ലിന്മേൽ താങ്ങിനിറുത്തി. ഉദരം, ശ്വാസകോശം, കുടൽമാല മുതലായവയെല്ലാം കൂടി ചകിരിനിറച്ച ഒരു പഴയ സഞ്ചി നട്ടെല്ലിനുചുററും പററിക്കൂടി. ഒരു വാടിയ തണ്ണിമത്തനെടുത്തു കണ്ണുകളുടെ സ്ഥാനത്തു രണ്ടു കുഴികൾ തുരന്നു് അവയിൽ രണ്ടു നെല്ലിക്കാ ഉറപ്പിച്ചു. ഒരു റബ്ബർസ്റ്റാമ്പിൻെറ കൈപിടി നാസികാസ്ഥാനം സ്വത്വാർഹമാംവണ്ണം അലങ്കരിച്ചു. അതിനു താഴെ വിലങ്ങനെ കീറിയ ഒരു നെടുംചാൽ വദനദ്വാരമായി. അങ്ങനെ പുരുഷൻെറ ഒരു വിദൂരച്ഛായ ആ ചഞ്ചാപുരുഷനും ലഭിച്ചു.

"ഇവനെക്കാൾ മോശക്കാരായ എത്രയോ മാന്യന്മാർ ഈ പട്ടണത്തിൽത്തന്നെയുണ്ടു്." നിർമ്മാണപരിപാടിയിൽ ബദ്ധശ്രദ്ധനായ താടിക്കാരൻ ഇങ്ങനെ ഉച്ചത്തിൽ ആത്മഗതം തുടങ്ങി:— "മത്തങ്ങാത്തലയന്മാർ ബ്രഹ്മസൃഷ്ടിയിൽത്തന്നെ ധാരാളമാണു്. പക്ഷേ വസ്ത്രാലങ്കാരമാണു് ഇന്നത്തെ മനുഷ്യനെ നാഗരിക

നാക്കുന്നതു്. രജകക്ഷുരകഹസ്തങ്ങളുടെ സഹകരണത്തോടുകൂടി അയാൾ ബഹുമാന്യനാകുന്നു. വസ്ത്രം മുഖ്യമലങ്കാരമെന്നു വിദ്വാംസാൾതന്നെ പറയാറുണ്ടല്ലോ. “ഉടുപ്പുകൊണ്ടാണൊരുവന്റെ തത്വം പലപ്പോഴും ലോകർ ഗണിപ്പതോർക്ക” എന്നാണു് ഇന്നത്തെ വേദവാക്യം.” ഇങ്ങനെ തന്നിയെ പുലമ്പിക്കൊണ്ടു വീഞ്ഞപ്പെട്ടിയിൽ വളരെ ശ്രദ്ധയോടുകൂടി തെരഞ്ഞു പല ജന്നാലുകളും വാതിലുകളുമുള്ള ഒരു പഴയ ബ്ളൗസ് പുറത്തെടുത്തു് വാത്സല്യപൂർവ്വം സ്വസന്താനത്തെ അണിയിച്ചു. അടുത്തതായി പഴകി നിറംമങ്ങിയ ഒരു ജൂബാ പുറത്തുവന്നു. ആ ജൂബാഭൂപടത്തിലെ ഓരോ സംസ്ഥാനത്തിനും പ്രത്യേകം പ്രത്യേകം നിറം തെളിഞ്ഞിരുന്നു. കൈമുട്ടുകൾ രണ്ടിലും ചിതല്പുററുകൾപോലെ തയ്യലുകൾ പററിപ്പിടിച്ചിരുന്നു. കൈയുറകളുടെ അവസാനം താമരയല്ലിപോലെ നൂലിളകി നിന്നിരുന്നു. ബ്ളൗസിനുമേൽ അണിയിച്ചതു ഈ ജൂബ ആയിരുന്നു.

പട്ടണത്തിൽ വളരെക്കാലം യൂക്കാലിപ്ട്സു വിററിരുന്ന ഒരു വൃദ്ധൻ ധരിച്ചിരുന്ന ഒരുജോടി കാലുറകളും തോട്ടികളിൽ ആരോ ഉപേക്ഷിച്ചിട്ടുപോയ രണ്ടു മുതലവായൻ ബൂട്ട്സും ധരിച്ചുകഴിഞ്ഞപ്പോൾ നമ്മുടെ ചഞ്ചാപുരുഷൻ സാധാരണ പുരുഷന്മാരുടെ നിരപ്പിൽനിന്നു ഒരു പരിഷ്കൃതപൗരന്റെ മാന്യതയിലേക്കു ഉയന്നു. കഴിഞ്ഞ ഒരു രാഷ്ട്രീയപ്രക്ഷോഭണകാലത്തെ ലാത്തിച്ചാജ്ജറവു്, ധീരനായ ഒരു ദേശാഭിമാനിയുടെ ഉത്തമാംഗസേവനത്തിൽനിന്നു പട്ടണത്തെരുവിലെ ഓടയിലേക്കു അധഃപതിച്ചു്, നാഥനില്ലാതെ വളരെക്കാലം ശീതാതപാദികൾ സഹിച്ചു കിടന്നിരുന്ന ഒരു ഗാന്ധിത്തൊപ്പി ആ മത്തൻതലയെ അലങ്കരിച്ചതോടുകൂടി ചഞ്ചാപുരുഷന്റെ വേഷവിധാനം ഏതാണ്ടു് പൂർത്തിയായി.

താടിക്കാരൻ സ്വസന്താനത്തെ ഉറപ്പിച്ചുനിർത്തിയിട്ടു തന്റെ സൃഷ്ടിചാതുര്യ്യത്തിന്റെ വിജയത്തെ അഭിനന്ദിക്കാനെന്നപോലെ അല്പം പുറകോട്ടു നീങ്ങിനിന്നു പരിശോധന തുടങ്ങി. ശബ്ദമയമായ ആത്മഗതം അയാൾ വീണ്ടും തുടങ്ങി.

“കൊള്ളാം. സബാഷ്, ആളൊരു സുന്ദരൻതന്നെ. ഒരു “സുഭഗനഹം” എന്ന ഭാവമാണു മുഖത്തു്. ഒരു ഊറിയ പുഞ്ചിരി മുഖത്തു കാണുന്നുണ്ടു്. സന്തോഷത്തിന്റെയും പരിഹാസത്തിന്റെയും ഇടയ്ക്കു ഊഞ്ഞാലാടുന്ന ഒരു പുഞ്ചിരി. അപ്പൂ! നീ എന്താണു് ചിരിക്കുന്നതു്? നിന്റെ പുഞ്ചിരിയുടെ പൊരുളെന്താണു്? നിനക്കറിയാമോ നീ മനുഷ്യന്റെ ഒരു പരിഹാസച്ഛായയാണെന്നു്!”

സൂക്ഷിച്ചുനോക്കുംതോറും താടിക്കാരനു സ്വസൃഷ്ടികൗശലത്തിലുള്ള സംതൃപ്തി വർദ്ധിച്ചുവന്നു. ഒളിവിൽ കിടന്നിരുന്ന പല ചാതുര്യങ്ങളും സന്ധ്യാനക്ഷത്രങ്ങളെപ്പോലെ തെളിഞ്ഞു തെളിഞ്ഞുവരുന്നതായി അയാൾ കണ്ടു. ആ സംതൃപ്തിയെ ധൂമസേവകൊണ്ടു ആഘോഷിപ്പാനെന്നപോലെ അയാളുടെ അഗാധമായ കുപ്പായക്കീശയിൽനിന്നു നീണ്ട ഒരു പുകയിലച്ചുരുൾ എടുത്തു വദനസ്ഥാനത്തു തിരുകിനിർത്തി, “കുട്ടപ്പാ, തീയ്, തീ” എന്നു ഒരു ആജ്ഞ കൊടുത്തു. ചുരുട്ടിന്റെ അഗ്രം തീപിടിച്ചുതുടങ്ങി. മൂടൽമഞ്ഞു പൊതിഞ്ഞ കുററിക്കാടുപോലെ, അയാളുടെ മുഖം പുകകൊണ്ടു അവ്യക്തമായി. ഒന്നുരണ്ടു പുക വലിച്ചശേഷം അതു കയ്യിലെടുത്തു ചഞ്ചാപുരുഷന്റെ വായിലേക്കു തിരുകിക്കൊടുത്തു.

“അപ്പൂ, പുകവലിക്കൂ. നിന്റെ ജീവൻ പുകവലിയെ ആശ്രയിച്ചിരിക്കുന്നു. നീതന്നെ ഒരു പുകയാണു്. പുരുഷനാണു് വലിക്കൂ പുക.” ഞാൻ ശ്വാസമടക്കി അപ്പുവിനെ, ചഞ്ചാപുരുഷനെ, നോക്കിക്കൊ

ണ്ടുനിന്നു, എന്തു സംഭവിക്കുമെന്ന് അറിയാനായി. ആദ്യം ചുരുട്ടിന്റെ പുറത്തെ അഗ്രംമാത്രം പുകഞ്ഞുകൊണ്ടിരുന്നു. ഇതിൽ കഥയൊന്നുമില്ലെന്നു കരുതി ഞാൻ ദൃഷ്ടി പിൻവലിക്കാൻ തുടങ്ങിയപ്പോൾ അപ്പുവിന്റെ വായ്ക്കുള്ളിൽനിന്നുതന്നെ ഒരു നേരിയ ധൂമശകലം പുറത്തേക്കു വന്നു. അതും യാദൃശ്ചികമായിത്തോന്നി. ഉടൻതന്നെ വായ്ക്കകത്തുനിന്നു പുക തുടരെത്തുടരെ പുറത്തേക്കുവന്നു. താടിക്കാരൻ തുടർന്നു—"അങ്ങനെ, അങ്ങനെ, പുകവലിയാണ് നിന്റെ ജീവിതം. ച്ഛീ ലജ്ജിക്കാതെ; നീയും ഒരു പുരുഷനാണ്. നിന്നെപ്പോലെയുള്ള മത്തങ്ങാത്തലയന്മാർ ലോകത്തിൽ, ഈ പട്ടണത്തിൽ, എന്തിന്, ഈ തെരുവിൽതന്നെ ധാരാളമുണ്ട്. നിന്റെ സഹോദരന്മാരിൽ ഏറിയക്രൂറും ഇന്നത്തെ സാഹിത്യഗ്രന്ഥങ്ങളിലാണ് അഭയംനേടിയിരിക്കുന്നത്. അവിടെ അവരെ കഥാപാത്രങ്ങളെന്നു വിളിക്കും. നീയാരാണ്? ഒരുവൻ ഉപയോഗിച്ച കുടക്കാൽ, മറെറാരുവൻ ഉപേക്ഷിച്ച പടത്തിന്റെ ചട്ടക്കൂട്ട്, മൂന്നാമതൊരുവന്റെ ചകരിക്കെട്ട് ഇങ്ങനെ പല പല പഴംചരക്കുകളുടെ ഒരു വിചിത്രസങ്കരമാണ് നീ. എന്നാലും നീയൊരു പുരുഷൻ. പല കഥാപാത്രങ്ങളേയുംപോലെ നീയും ഒരു മാന്യൻ; ഒരു കഥാനായകൻ. നിന്റെ അന്തർഘടന ഒന്നും മാററാതെ ഒരു ബ്ലൗസും സാരിയും അണിയിച്ചു പേരു് 'അമ്മു' എന്നു മാററിയാൽ നീയൊരു കഥാനായിക ആവും. ഉടുപ്പും പേരും മാത്രം മാററി മാററി ഇട്ടാൽ നീയൊരു മുതലാളിയോ, തൊഴിലാളിയോ പിഴയാളിയോ ആയി മാറും. നിന്റെ ഉള്ളിരുപ്പൊന്നും മാറുകയേ വേണ്ട. അതുകൊണ്ടു് ഇന്നത്തെ ചുററുപാടിൽ നിനക്കു ലജ്ജിക്കാനൊന്നുമില്ല. അപ്പൂ, എന്റെ ഓമനേ, എന്റെ തങ്കക്കുടം ഒന്നു നടന്നു നോക്കൂ. ഫാല്‌റേബായ്—" എന്നുപറയേണ്ടു. അപ്പു തത്തിത്തത്തി നടന്നുതുടങ്ങി. ഒരു കാലിന് അല്പം നീളം കുറവാകയാൽ നടക്കുമ്പോൾ ഒരു മുടവു്; ഒരു കൈ വേണ്ടവണ്ണം അയഞ്ഞാടുന്നില്ല. നടക്കുമ്പോൾ കിടുകിടാ ഒരു ശബ്ദം. ഇങ്ങനെ ഏതാണ്ടു ചില ചില്ലറക്കുറവുകൾ മാത്രം. പക്ഷേ, കുറവും കുറവും തീർന്നവർ ആരാണ്. താടിക്കാരൻ വീണ്ടും തുടങ്ങി. "മതി മതി അപ്പൂ, തിരിച്ചുവാ. അല്പമൊന്നു സംസാരിക്കൂ, വേഗം വേഗം. ഒരു പ്രണയരംഗംതന്നെ ആകട്ടെ." അപ്പു അല്പം നാണിച്ചപോലെ ഒന്നു പരുങ്ങിനിന്നു. താടിക്കാരന്റെ ഭാവം മാറി. "എന്തു് സംസാരിച്ചേക്കൂ, നിനക്കു ജീവൻ വേണമെങ്കിൽ സംസാരിച്ചുകൊള്ളുക"—അപ്പുവിന്റെ മുഖത്തു്,

"കാമരസങ്ങളരങ്ങേറി മിഴി
താമരസങ്ങളിൽ"

എന്നു പറഞ്ഞാൽ മതി. അപ്പു ആ മത്തങ്ങാച്ചുണ്ടു് ഒന്നു നക്കി നനച്ചു. ഉള്ളിൽനിന്നു ഒരു "കരകര"ശബ്ദം; ചില ഗ്രാമഫോൺപെട്ടികൾ പാടാൻ തുടങ്ങുമ്പോൾ പുറപ്പെടുവിക്കുന്നതുപോലെ. ഒടുവിൽ തെളിഞ്ഞ പ്രണയധ്വനിയിൽ ഇങ്ങനെ ആരംഭിച്ചു—"പ്രിയേ, ജീവനായികേ, മദ്വക്ഷോമണിമാലികേ, പ്രേമം, പ്രണയം, അനുരാഗം. ഞാനൊരു പ്രണയഭിക്ഷുവാണേ—"

"മതിയെടാമതി—" താടിക്കാരൻ അലറി. "എടാ, നായേ, ഇതെവിടുന്നെല്ലാം പെറുക്കിയെടുത്തതാണ്? എടാ മലയാളത്തിൽ പ്രണയം എന്നൊന്നില്ലേ. നിന്റെ പുറപ്പാടു തനി സംസ്കൃതത്തിലാണല്ലോ. ഏതായാലും ഇംഗ്ലീഷിലായില്ലല്ലോ. അതുകൊണ്ടു ഞാൻ തൽക്കാലം ക്ഷമിക്കുന്നു. ആട്ടെ അല്പം ദേശാഭിമാനംകൂടി കേൾക്കട്ടെ." അയാൾ ആജ്ഞാപിച്ചു. അപ്പു ഉടൻതന്നെ ആരംഭിച്ചു—"ഹാ, അംബേ, ഭാരതാംബേ, എന്റെ ചുടുരക്തം തിളയ്ക്കുന്നു. ഭവതിയുടെ സിരകളിൽ പ്രവഹി

# * തൊഴാനെന്നോ!

കാവാലം നാരായണപ്പണിക്കർ

[ ഗീതകം ]

ക്രൂരിരുൾ കൂടിയിരു-
ന്നീടുമീ നാലമ്പല-
ക്രൂരയെ നോക്കിക്കൊണ്ടു-
ക്രൂപ്പുകയ്യുപ്പിക്കയോ!
യുക്തിവാദത്തെപ്പിന്നി-
ലാക്കിക്കൊണ്ടണയുമീ-
ബ്ഭക്തി നമ്മുടെ രക്തം
തന്നിലുൾച്ചേർന്നു ഗാഢം
എങ്കിലുമതിനുള്ളി-
ലാരുമില്ലെന്നാണെങ്കി-
ലെന്തിനീ ജപങ്ങളും,
ഭസ്മലേപനങ്ങളും?
വഴിവക്കത്തെ ദീന-
രംഗങ്ങ,ളങ്ങേപ്പുറ-
ത്തഴകിൽക്കളിക്കുന്ന
നാകീയസുഖങ്ങളും!

അസമത്വത്തിൽ,ത്തീവ്ര-
ദാരിദ്ര്യക്കണ്ണീർക്കുണ്ടി-
ലവശപ്പെട്ടും ലോകം-
ദീനമായ് വിലപിക്കെ,
ഈശ്വരനുണ്ടെങ്കി,ലീ
ക്കൂററാക്കൂററിരുട്ടത്തു
ശാശ്വതാന്ധതപുൽകി-
ക്കണ്ണടച്ചിരിക്കുമോ!
രോഗിയെ,പ്പാവപ്പെട്ട
തെണ്ടിയെ,ക്കരുതാതെ
യോഗിയെത്താലോലിക്കും
ദൈവത്തെത്തൊഴാനെന്നോ!!

* ഗുരുദേവന്റെ ഒരു മഹത്തായ ആശയത്തിൽ നിന്നു പ്രചോദനം

---

കുന്ന ചെംചോരയുടെ അവസാനത്തുള്ളി ഊററിക്കുടിക്കുന്നതുവരെ എന്റെ ദേശാഭിമാനം അടങ്ങുകയില്ല. എന്റെ ഹൃദയം വെമ്പുന്നു, വെമ്പുന്തു, വെമ്പുന്നു, ജനനി, ജനയിത്രി, ഹാ, വന്ദേമാതരം—"

"സബാഷ്; ബസ്, ബസ്—" താടിക്കാരൻ അഭിനന്ദിച്ചു. "അപ്പൂ! നീയൊരു വീരൻ; വീരവീരൻ. ഒരു ലോകപൗരൻ, ദേശാഭിമാനത്തിന്റെ പൊരുള് നിന്നെപ്പോലെ വ്യാഖ്യാനിച്ചിട്ടുള്ളവർ ആരുമില്ല. ഭാരതാംബയുടെ അവസാനരക്തം ഊററിക്കുടിക്കുന്നതുവരെ അന്തർദ്ദാഹമടങ്ങാത്ത ദേശാഭിമാനി! ശരി. നിനക്കു് എവിടെയും സഞ്ചരിക്കാം. ഇന്നു രാത്രി മുഴുവൻ നിനക്കു് എവിടെയും ജീവിക്കാം. എന്നാൽ വിദ്യുദ്ദീപത്തിന്റെ വെളിച്ചത്തിൽ മാത്രമേ സഞ്ചരിക്കാവൂ. പഴയ നിലവിളക്കിന്റെ വെളിച്ചത്തിലോ ആദിത്യപ്രഭയിലോ അകപ്പെട്ടാൽ നിന്റെ കഥ തീർന്നു. പ്രഭാതം വരേ നിനക്കു ജീവിക്കാം. പുകവലിച്ചു കൊള്ളുക. അതു മുടങ്ങിയാൽ നീ നിർജ്ജീവൻ. ധൂമപരീതനായ നീ ഒരു യഥാർത്ഥ മനുഷ്യൻ. ആദിത്യരശ്മിയിൽ നീ ചപ്പുചവറുകളുടെ ഒരു കൂട്ടം. അപ്പൂ, ഉണ്ണീ, പ്രഭാതംവരെ നീ ദീർഘായുഷ്മാനായി വാഴുക! "ഹാല്‍റേ ബായ്" തകതകതാ."

* പ്രചോദനം ഇംഗ്ലീഷിൽനിന്നു്.

# ടാഗോറിന്റെ ചെറുകഥകൾ

പി. കെ. വാസുദേവൻനായർ, പെരുന്ന.

ചരിത്രാതീതകാലംമുതൽ ജനസാമാന്യം കഥാശ്രവണത്തിൽ അഭിരുചി പ്രദർശിപ്പിച്ചിട്ടുണ്ട്. അസഹ്യമായ ആത്മദുഃഖത്തെപ്പോലും അടിയോടെവിസ്മരിപ്പിക്കുന്നതിനും ആശ്വാസപൂർണ്ണങ്ങളും അഭിലഷണീയങ്ങളുമായ ചിന്താഗതികളെ ഉദ്ദീപിപ്പിക്കുന്നതിനും ജീവിതത്തെ ഉല്ക്കർഷോന്മുഖവും പ്രബുദ്ധവുമാക്കിത്തീർക്കുവാനും കഥകൾക്കു പ്രേരണചെലുത്തുവാൻകഴിയും. വിശിഷ്യ, കഥകളുടെ സ്വാധീനതയെയും ധാർമ്മികശക്തിയേയുംകാലദേശാവസ്ഥകൾ ബാധിക്കുന്നതല്ല. കഥകൾക്കുജീവിതത്തോടുള്ളഅഭേദ്യവും അനശ്വരവുമായ ആത്മബന്ധവും അനിഷേദ്ധ്യമാണ്. കാലത്തിന്റെ പുരോഗതിയിൽ ജീവിതരീതികൾക്കും ആചാരസമ്പ്രദായങ്ങൾക്കും അന്തരം സംഭവിക്കുന്നതിനാൽ കഥാപ്രസ്ഥാനത്തിലും സഹജമായ പരിവർത്തനങ്ങളുണ്ടാകുന്നു. ജീവിതമത്സരം വർദ്ധിച്ചതോടുകൂടി മനുഷ്യനു ബൃഹത്തായ ഗ്രന്ഥങ്ങൾ വായിച്ചു രസിക്കുന്നതിനുള്ള സൗകര്യവും വിരളമായിത്തീർന്നിട്ടുണ്ട്. ചുരുങ്ങിയ സമയംകൊണ്ടു കഥാപ്രേമികളെ ആനന്ദിപ്പിക്കേണ്ട ആവശ്യത്തിലേക്കു സാഹിത്യത്തിൽ ആവിർഭവിച്ചിട്ടുള്ള നവ്യസരണിയാണു ചെറുകഥാപ്രസ്ഥാനം. ചെറുകഥാരചനയിൽ മഹാകവി ടാഗോറിന്റെ നേട്ടങ്ങളെക്കുറിച്ച് ഒരു ഉപരിപ്ലവവീക്ഷണംചെയ്യുന്നതിനാണ് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നത്.

അനുഗൃഹീതമഹാകവിയായിരുന്ന ടാഗോറിന്റെ തൂലിക ചലിച്ചിട്ടില്ലാത്ത യാതൊരു സാഹിത്യപ്രസ്ഥാനവുമില്ല. ഒരു ചെറുകഥാകൃത്ത് എന്ന നിലയിലും അദ്ദേഹം ഉന്നതസ്ഥാനം ആർജ്ജിച്ചിട്ടുണ്ട്. ടാഗോർകഥകൾക്കു സ്വന്തമായ ഒരാകർഷണീയതയും അന്യാദൃശമായ ആസ്വാദ്യമാധുര്യവുമുണ്ട്. ഭാരതസംസ്കാരത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള ഒരു പ്രചരണമാർഗ്ഗമായി അദ്ദേഹത്തിന്റെ കഥകളെ വ്യാഖ്യാനിക്കാം. സാമൂഹ്യമായ അന്ധതയേയും അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ആട്ടിയോടിച്ച് ഒരു ശുദ്ധീകരണത്തിനുള്ള നിർദ്ദേശങ്ങളാണ് അദ്ദേഹത്തിന്റെ ചെറുകഥകളുടെ പശ്ചാത്തലം. സ്ത്രീധനം, അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള കലഹം, ശൈശവവിവാഹം, നിർബന്ധിതവിവാഹം, പുനർവിവാഹം, ബഹുഭാര്യാത്വം തുടങ്ങിയ സാമൂഹ്യവൈകല്യങ്ങളെ വിമർശിച്ചു ടാഗോർ നിർവ്വഹിച്ചിട്ടുള്ള സാഹിത്യസേവനങ്ങൾ വംഗദേശത്തിൽമാത്രമല്ല ഭാരതത്തിൽ പൊതുവേ വിപ്ലവപരമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ടാഗോർകഥകൾ ഉത്തമങ്ങളായ ചില ആദർശങ്ങളേയും ഉൽകൃഷ്ടങ്ങളായ ചിന്താഗതികളേയും സാക്ഷാല്ക്കരിക്കുന്നു. സുഭഗസുന്ദരമായ തത്വചിന്താരത്നങ്ങൾ അവയ്ക്കു കൂടുതൽ കാന്തിയും മൂല്യവും നല്കുന്നു. അതിഗഹനങ്ങളായ തത്വചിന്തകൾപോലും ടാഗോറിന്റെ തൂലികാപ്രയോഗത്തിൽ ലളിതങ്ങളും സരളങ്ങളുമായിത്തീരാറുണ്ട്. വികാരത്തിന്റെ വിഭിന്നഭാവങ്ങൾ ഫലപ്രദമായി രേഖപ്പെടുത്തുന്നതിൽ ടാഗോർ വിസ്മയാവഹമായവിധം വിജയംവരിച്ചിട്ടുണ്ട്. കടന്ന വിഷാദാത്മ

കത്വത്തിൽകിടന്നു നട്ടംതിരിയുന്നതിനോ പ്രസാദാത്മകത്വത്തിന്റെ മുന്തിരിച്ചാറിൽ മുങ്ങിക്കുളിച്ചു മദോന്മത്തനാകുന്നതിനോ ടാഗോർ മുതിർന്നിട്ടില്ല.

ഭാരതീയസമുദായത്തിന്റെ കളങ്കങ്ങളെ കഴുകിക്കളയണമെന്നതായിരുന്നു ടാഗോറിന്റെ ഉദ്ദേശ്യവും ലക്ഷ്യവും. "ഹിപ്പ് ഹിപ്പ് ഹുറേ" "ദിവാൻബഹദൂർ" തുടങ്ങിയ കഥകൾ ആത്മാഭിമാനം ബലികഴിച്ച് ആംഗ്ലേയരുടെ വാലിൽതൂങ്ങിക്കഴിഞ്ഞിരുന്ന ഇന്ത്യാക്കാരുടെനേരേയുള്ള ഒരു വെല്ലുവിളിയായിരുന്നു. "സ്മാർത്തവിചാരം" എന്ന കഥയിൽ പരിഷ്കാരത്തിന്റെ പുറംമോടിയിൽ മതിമയങ്ങി പൂർവ്വാർജ്ജിതമായ പരിശുദ്ധാദർശങ്ങളും സംസ്കാരങ്ങളും വിസ്മൃതകോടിയിൽ വിഗണിച്ച് ബംഗാളിയുവാക്കൾ മദാമ്മമാരെ വിവാഹംകഴിക്കുന്ന സമ്പ്രദായത്തോടുള്ള പ്രകടമായ പ്രതിഷേധമായിരുന്നു പ്രത്യക്ഷപ്പെടുത്തിയിരുന്നതു്. ഭാരതീയത്വത്തെ ഉദ്ധരിച്ചു തേച്ചുമിനുക്കി പ്രകാശിപ്പിക്കേണ്ടതു് ഭാരതീയന്റെ കർമ്മവും ധർമ്മവുമാണെന്നു് അദ്ദേഹം ഉൽബോധിപ്പിച്ചു.

ശൈശവവിവാഹത്തിന്റെ ഭീകരവും ദാരുണവുമായ വശങ്ങളെ ഹൃദയസ്പൃക്കായി ടാഗോർ ഒന്നിലധികംകഥകളിൽ പ്രതിപാദിച്ചിട്ടുണ്ടു്. "അന്നപ്രാശം" എന്ന ചെറുകഥയിൽ മണി എന്ന ശിശുവിനെ —മന്മഥകഥാഗന്ധമേൽക്കാത്ത ചെറുബാലികയെ—ദാമ്പത്യജീവിതത്തിലേക്കു പ്രവേശിപ്പിക്കുന്നു. വിധിയുടെ കരാളഹസ്തങ്ങൾ അവളുടെ ഭർത്താവിനെ അവളിൽനിന്നു് അപ്രതീക്ഷിതമായി അപഹരിക്കുന്നു ആ ബാലിക ഭർത്തൃനഷ്ടത്തിൽ ദുഃഖിക്കുന്നില്ല. പ്രത്യുത അവളുടെ സഹോദരിയുടെ അന്നപ്രാശാടിയന്തിരത്തെക്കുറിച്ചുള്ള സ്മരണയിൽ ആത്തുല്ലസിക്കുന്നു. വിചിത്രമായ ആ പരിതഃസ്ഥിതിയിൽ മണിയെ പഴിക്കുന്നതിനു നിർവ്വാഹമുണ്ടോ? അഥവാ എട്ടുംപൊട്ടുംതിരിയാത്ത പിഞ്ചുപൈതലിനെക്കൊണ്ടു വിവാഹംകഴിപ്പിച്ചു സമുദായത്തെ അപലപിക്കുന്നതിനുതോന്നുമോ? "സുഭാഷിണി" എന്ന മറെറാരു മൂകബാലികയെ ചെറുപ്രായത്തിൽതന്നെ വിവാഹംകഴിപ്പിച്ചു വീട്ടിൽനിന്നും പറഞ്ഞയച്ചു് ചുമതലയൊഴിക്കുന്നു. മൂകയായ ബാലിക ഭർത്താവിനു ഒരു ഭാരമായിത്തീർന്നേക്കാമെന്ന വിചാരമില്ലാതെ പ്രായം കവിഞ്ഞ പെണ്ണു് വീട്ടിലിരുന്നാൽ കുലീനതയ്ക്കും ആഭിജാത്യത്തിനും ക്ഷതം സംഭവിച്ചേക്കുമെന്ന ആശങ്കയാണു ആ ബാലികയെ ഒരുവന്റെ തലയിൽവച്ചുകെട്ടുന്ന കൊടിയ സാഹസം പ്രവർത്തിക്കുന്നതിനു സുഭാഷിണിയുടെ രക്ഷകർത്താക്കളെ പ്രേരിപ്പിച്ചതു്. ആ ദാമ്പത്യം പരാജയമടഞ്ഞാൽ അതിനുള്ള യഥാർത്ഥ ഉത്തരവാദികൾ ആരാണു ? "സുരബാല" എന്ന യുവതി ആത്മാർത്ഥമായും അകമഴിഞ്ഞും പ്രേമിക്കുന്ന അവളുടെ ഹൃദയേശ്വരനെ വരിക്കുന്നതിനു രക്ഷകർത്താക്കൾ വിലങ്ങുതടിയായി വർത്തിക്കുന്നു. അവളിൽ യാതൊരു അഭിനിവേശമോ അനുരാഗമോ പ്രകടിപ്പിക്കാതിരുന്ന "രാമലോചനൻ" എന്നയാൾക്കു് അവളെ നിർബ്ബന്ധപൂർവ്വം വിവാഹംചെയ്തുകൊടുക്കുന്നു. "ക്രസം" എന്ന വേറൊരുബാലിക വിവാഹത്തിന്റെ ആവശ്യത്തേയും പ്രയോജനത്തേയുംകുറിച്ചു ഗ്രഹിക്കുന്നതിനുമുമ്പുതന്നെ വിവാഹിതയായിത്തീർന്നിരുന്നു. അവളുടെ താരുണ്യവും ലാവണ്യവും വികസിച്ചു മാദകസുഖങ്ങളിൽ മനമുഴറാൻ ആരംഭിച്ചപ്പോൾ ഭർത്താവു സന്യാസജീവിതത്തിലേക്കു പ്രവേശിക്കുന്നു. പുനർവിവാഹംപോലും നിഷേധിച്ചിട്ടുള്ള ആ യുവതിയുടെ ഇരുണ്ട ഭാവിയെക്കുറിച്ചു വിഭാവനചെയ്തുനോക്കുക. അന്ധവും ജഡിലവുമായ ആചാരങ്ങളും വിശ്വാസങ്ങളും ജീവിതത്തെ എണ്ണമററ ദുരന്തങ്ങളിലേക്കും യാതനകളിലേക്കുമല്ലേ വലിച്ചിഴയ്ക്കുന്നതു്? ഉത്തരമില്ലാത്ത എത്രയെത്ര ചോദ്യചിഹ്ന

ങ്ങളാണ് ടാഗോർ കഥകളിൽ തല ഉയർത്തിക്കൊണ്ടു നില്ക്കുന്നതു്?

ടാഗോർ ക്രാന്തദർശിയായ ഒരു കവിയായിരുന്നതിനാൽ കഥകളിൽ ഹൃദയത്തിന്റെ വിചാരങ്ങളേയും വികാരങ്ങളുടെ സ്ഥായീഭാവങ്ങളേയും ആവിഷ്കരിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. വികാരപ്രധാനങ്ങളായ അദ്ദേഹത്തിന്റെ കഥകൾ ജീവചൈതന്യത്തോടുകൂടി നമ്മെ ആകർഷിക്കുകയും നമ്മുടെ വിവിധങ്ങളായ വികാരങ്ങളെ വിജൃംഭിപ്പിക്കുന്നതിനു പ്രേരകമായി ഭവിക്കുകയുംചെയ്യുന്നു. മഹാകവികളുടെ എല്ലാ ചിന്തകളിലും പ്രപഞ്ചത്തിന്റെ ഭാസുരഭാവങ്ങൾ അമന്നിരിക്കുന്നതിനാൽ കഥകളെ ഹൃദയദ്രവീകരണമായവിധത്തിൽ രചിക്കുന്നതിനു അവക്കു പ്രത്യേകമായ ശ്രമം ആവശ്യമില്ലല്ലോ. വികാരത്തിന്റെ വിഭിന്നഭാവങ്ങളെല്ലാം ഫലപ്രദമായി രേഖപ്പെടുത്തുന്നതിൽ ടാഗോറിന്റെ തൂലിക വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിട്ടുമുണ്ട്.

കഥാഘടനയെക്കാൾ രചനാശില്പത്തിനാണ് ടാഗോർ പ്രാമാണ്യംനൽകിയിരിക്കുന്നതു്. പ്ലോട്ടു് ഒന്നുമില്ലെങ്കിൽതന്നെ കലാചാതുര്യത്തോടുകൂടി ചെറുകഥകൾ രചിക്കുവാൻ കഴിയുമെന്നു അദ്ദേഹം നമ്മെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. സംഭാഷണങ്ങളിലും വർണ്ണനകളിലുമാണ് ടാഗോർ കൂടുതൽ ഔചിത്യം ദീക്ഷിച്ചുകാണുന്നതു്. വ്യക്തികളുടെ ആശയഗതികളെ തന്മയത്വമായി ചിത്രീകരിക്കുന്നതിലും അദ്ദേഹത്തിനു കഴിവും കരുത്തുമുണ്ട്. "പോസ്റ്റുമാസ്റ്റർ" എന്ന കഥയെക്കുറിച്ചു ചിന്തിച്ചുനോക്കുക. ആ കഥയിലെ പ്രധാന കഥാപാത്രമായ പോസ്റ്റുമാസ്റ്ററുടെ സംഭവബഹുലമായ ജീവിതത്തെയല്ല അതിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഒരു അനാഥയും അശരണയുമായ യുവതിയുമായുണ്ടായ സമ്പക്കത്താൽ പോസ്റ്റുമാസ്റ്ററുടെ ഹൃദയത്തിൽ മാനസികമായ ഒരു സമരമുണ്ടാകുകയും അയാൾ ചിന്താധീനനായി അല്പദിവസങ്ങൾ അലസനായി കഴിച്ചുകൂട്ടിയിട്ടു ഒടുവിൽ ഉദ്യോഗവും രാജികൊടുത്തു വീട്ടിൽ തിരിച്ചുപോരുകയുംചെയ്യുന്നതാണു കഥാബീജം. കഥയുടെ രചനാസൗകമായ്യത്താൽ ആ പോസ്റ്റുമാസ്റ്ററുടെ ഛായ അനുവാചകരുടെ ഹൃദയദപ്പണത്തിൽനിന്നു മങ്ങുകയോ മറയുകയോ ചെയ്യുകയില്ല.

പദസൗന്ദര്യവും ആശയഗാംഭീര്യവും രചനാലാഘവം എന്നിവയത്രെ ടാഗോർകഥകളുടെ പ്രത്യേകതകൾ. ചിലപ്പോൾ ഏതാനും പദങ്ങളെക്കൊണ്ടോ അഥവാ ഒന്നോ രണ്ടോ വാചകങ്ങളാലോ കഥാപാത്രങ്ങളുടെ വ്യക്തിത്വത്തെ തികച്ചും വ്യക്തമായി പ്രകാശിപ്പിക്കുന്നതിനു ടാഗോറിനു പാടവമുണ്ട്. ചുരുങ്ങിയ പദപ്രയോഗങ്ങളാൽ കൂടുതൽ ആശയങ്ങളെ പ്രകടിപ്പിക്കേണ്ട ആവശ്യങ്ങൾ ചെറുകഥകളിൽ സംഭവിക്കാറുണ്ട്. ഈ പ്രയോഗവൈശിഷ്ട്യം ടാഗോറിന്റെ ചെറുകഥകളിൽ സവ്വത്ര ദർശിക്കാവുന്നതാണ്. "അസ്ഥിപഞ്ജരം" "മാഷി" "സുപ്രീംനൈററ്" എന്നീ കഥകളിലെ പദപ്രയോഗങ്ങൾ പ്രത്യേകം പ്രശംസാർഹങ്ങളുമാണ്. ഫലിതപ്രയോഗങ്ങൾ ടാഗോർകഥകളിൽ വിരളങ്ങളാണ്. ചെറുകഥകൾ പാരായണംചെയ്യുന്നതു് വിനോദാസ്പാദനത്തിനുകൂടിയാകയാൽ ഫലിതത്തെ അവഗണിക്കുന്നതു അഭിലഷണീയവുമല്ല. പക്ഷേ ടാഗോറിന്റെ കഥകളെ രസാവഹമാക്കിത്തീക്കുന്നതു് കല്പനാശക്തി, വർണ്ണനാസാമത്ഥ്യം ഉല്ലേഖനവൈചിത്ര്യം എന്നിവയാണ്.

പ്രകൃതിസുഷമയുടെ സുന്ദരഭാവങ്ങളെ അദ്ദേഹം തന്റെ കഥകളിൽ സജീവമായി ചിത്രീകരിച്ചിട്ടുണ്ട്. പ്രകൃതിയുടെ അകൃത്രിമസൗന്ദര്യത്തിൽ അദ്ദേഹത്തിനുണ്ടായ ആനന്ദാനുഭൂതികളെ അനുഭവരസം ചോന്നുപോകാതെ വർണ്ണിച്ചു ഫലിപ്പിക്കുന്നതിനുള്ള കലാവാസന അദ്ദേഹത്തിൽ നിസ്സർഗ്ഗ

# ഇൻഡ്യയും സയാമും

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്സ്സി. ബി. എൽ.

ഭാരതത്തിലെമാത്രം സംഭവവികാസങ്ങളെയും സംഗതികളെയും ആസ്പദമാക്കി ഭാരതീയസംസ്കാരത്തെപ്പററി പഠിക്കുവാൻ ശ്രമിക്കുന്നപക്ഷം ആവിധത്തിലുള്ള ഒരു പഠനം ഒരിക്കലും സമ്പൂർണ്ണമായിരിക്കുന്നതല്ല എന്നു ഒരു പണ്ഡിതൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ഭാരതീയസംസ്കാരസാമ്രാജ്യത്തിൻെറ വിശാലതയെപ്പററി സ്മരിക്കുന്നപക്ഷം ഈ പ്രസ്താവനയിൽ അതിശയോക്തി ലേശംപോലും അന്തർല്ലീനമായിട്ടില്ലെന്നു വ്യക്തമാണു്. അതിപുരാതനകാലംമുതൽ മുന്നണിയിൽ നില്ക്കുവാൻസാധിച്ച ഭാരതത്തിൻെറ ഏതെങ്കിലുംതരത്തിലുള്ള ശക്തിവിശേഷം ബാധിച്ചിട്ടില്ലാത്ത ഒരു പുരാതന സംസ്കാരവും രാജ്യവും ലോകത്തിലില്ലെന്നു പറഞ്ഞാൽ അതു ഒരുപരമാൎത്ഥംമാത്രമായിരിക്കും. കഴിഞ്ഞകാലങ്ങളിലെ കഥകളെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ ഗവേഷകന്മാരുടെ ശ്രമംമൂലം കൂടുതൽ കൂടുതൽ വെളിച്ചത്തു വരുന്നതോടുകൂടി മേൽപറഞ്ഞ പരമാൎത്ഥം ശരിവയ്ക്കപ്പെടുകയുമാണു ചെയ്യുന്നതു്. ഭാരതത്തേയും ഭാരതീയസംസ്കാരത്തെയുംപററി നിലവിലിരിക്കുന്ന അജ്ഞതയും തെററിദ്ധാരണയും അതിവേഗ

---

സുന്ദരമായി പ്രശോഭിക്കുന്നുണ്ടു്. പച്ചപിടിച്ച നദീതീരങ്ങൾ, പതറിപ്പായുന്ന കുടിലതടിനികൾ, പൂത്തുപൂമണംപരത്തുന്ന മാവിൻതോപ്പുകൾ, കിളികളുടെ കളകൂജനം, പൂക്കളും പൂമ്പാററകളുംകൊണ്ടു് പ്രശോഭിക്കുന്ന ഗ്രാമീണപ്രദേശങ്ങൾ, ചോലവക്കിൽ വെള്ളം മുക്കുവാൻ ചെല്ലുന്ന ബാലികകൾ എന്നിങ്ങനെയുള്ള ദൈനംദിനസംഭവങ്ങൾ നിറഞ്ഞഭാരതീയമായ ചുററുപാടുകളാണു് അദ്ദേഹത്തിൻെറ ഭാവനയിൽ അധികവും രൂപംപ്രാപിച്ചുകാണുന്നതു്. പ്രകൃതിയുമായുള്ള പ്രണയബന്ധമാണു് ആ കലാഹൃദയത്തിനു് പലപ്പോഴും പ്രചോദനം അരുളുന്നതും.

ജീവിതത്തിൻെറ സകലഭാവങ്ങളേയും അദ്ദേഹം തൻെറ കഥകളിൽ സ്പർശിച്ചിട്ടുണ്ടു്. വിലയേറിയ വസ്ത്രാഭരണങ്ങളണിഞ്ഞു് ഭൌതികഭോഗങ്ങളിൽ ഭ്രമിച്ചുകഴിയുന്ന രാജ്ജുവിനേയും പട്ടിണിയിൽ എരിപൊരിക്കൊണ്ടു് അലഞ്ഞുതിരിയുന്ന കാബൂളിവാലയേയും ടാഗോർ ചിത്രീകരിച്ചിട്ടുണ്ടു്. സുഭഗസുന്ദരമായ ജീവിതാനന്ദത്തോടുകൂടിയ യുവതികളെ ശുഷ്കങ്ങളായ ജീവിതചര്യകളുമായി ബന്ധിച്ചു് കഷ്ടപ്പെടുത്തി ഒടുവിൽ ആത്മഹത്യചെയ്യിക്കുന്നതിനു് ടാഗോർ ഒരിക്കലും ഒരുമ്പെട്ടിട്ടില്ല. ടാഗോർകഥകളിൽ ഘടിപ്പിച്ചിട്ടുള്ള നിസ്സാരസംഭങ്ങൾപോലും സാമാന്യദൃഷ്ടിക്കു അതീതമായ പ്രയോജനമുണ്ടാക്കുന്നുണ്ടെന്നുള്ളതാണു് മറെറാരു വൈശിഷ്ട്യം. ടാഗോർ നിത്യപരിചയത്തിൽപ്പെട്ട വസ്തുക്കളേയും സംഭവങ്ങളേയും എടുത്തു കഥാരൂപത്തിൽ ഘടിപ്പിക്കുകയും അവ ലോകത്തെ പ്രകാശിപ്പിക്കുന്ന മുക്തകങ്ങളാക്കിത്തീർക്കുകയുംചെയ്തിട്ടുണ്ടു്. ടാഗോർ ചെറുകഥകളിൽക്കൂടി ഇന്ത്യയിലെ ജനങ്ങൾക്കുണ്ടാക്കിയിട്ടുള്ള പ്രബുദ്ധത വാചാമഗോചരമാണു്. ചുരുക്കത്തിൽ ടാഗോറിൻെറ കഥകൾ അന്യൂനമായ കലാശില്പങ്ങൾതന്നെയാണു്.

ത്തിൽ മാറേണ്ടതും മാററേണ്ടതുംആണ്. അതുപോലെതന്നെ ഭാരതീയസംസ്കാരത്തിന് അന്യനാടുകളിൽ പതിപ്പിക്കുവാൻ സാധിച്ചിട്ടുള്ള മായാത്ത മുദ്രകളെപ്പററിയും ഭാരതീയരോരോരുത്തരും ശരിക്കു ധരിച്ചിരിക്കേണ്ടതാണ്. അതിമഹത്തായ ഒരു പാരമ്പയ്യമാണു നമുക്കുള്ളതെന്നും അതിനനുസരണമായ ഒരു ജീവിതമാണ് ഭാരതം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതെന്നും ഉള്ള സംഗതി നമ്മുടെ സ്മരണയിൽനിന്നു മായാൻ പാടില്ല. പഴയകാലത്തെ പരമാൎത്ഥങ്ങൾ പഠിക്കാതെ നമുക്കിതു സാധിക്കുകയില്ല.

തെക്കുകിഴക്കെ ഏഷ്യയിലെ എല്ലാ പ്രധാനരാജ്യങ്ങളും അതിപുരാതനകാലംമുതൽ ഭാരതസംസ്കാരപ്രകാശത്തിനു വിധേയമായി വളൎന്നിട്ടുള്ളതാണ്. ബൎമ്മാ, മലയാ, ഇൻഡോചൈനാ, സയാം, ഇൻഡോനേഷ്യാ, ഫിലിപ്പൈൻസ് മുതലായ രാജ്യങ്ങളുടെ ചരിത്രങ്ങൾ ഇതിന് സാക്ഷ്യംവഹിക്കുന്നു. ഇവിടങ്ങളിൽ വളൎന്നുവിളഞ്ഞ ഭാരതീയസംസ്കാരത്തിൻെറ വിത്തുകൾ അവിടെനിന്നും ചൈനാ ജപ്പാൻ എന്നീ നാടുകളിൽമാത്രമല്ല അമേരിക്കൻവൻകരയിലും ബീജാവാപം ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള പരമാൎത്ഥം ഇന്ന് വ്യക്തമായിവരികയാണ്. തെക്കുകിഴക്കെ ഏഷ്യയിലെ എല്ലാ പ്രധാനപ്രദേശങ്ങളിലും മായാനാവാത്ത മട്ടിൽ പതിഞ്ഞിട്ടുള്ള ഹിന്ദുസംസ്കാരത്തിൻെറ മുദ്രകൾ നൂററാണ്ടുകളെ അതിലംഘിച്ച് ഇന്നും വിജയിച്ചുവാഴുന്നുണ്ട് എന്നു അറിയുന്നതു് ഏതൊരു ഭാരതീയനും അഭിമാനിക്കത്തക്ക ഒന്നാണ്. പീരങ്കികളുടെ പിൻതുണയോടുക്രൂടി കുത്തിവയ്ക്കപ്പെട്ട പരിവൎത്തനംനിമിത്തം ഉണ്ടായിട്ടുള്ളതല്ല ഈ വിശാലസാമ്രാജ്യം. നിർദ്ദയമായ മർദ്ദനപരിപാടികളോടുക്രൂടിയ അക്രമാസക്തമായകുടിയേററം അവിടങ്ങളിൽനടന്നിട്ടില്ല. മഹത്തായമററു മഹാസംസ്കാരങ്ങളാകുന്ന മഹാസൗധങ്ങളിടിച്ചുനിരത്തിയിട്ടല്ല അവിടങ്ങളിലെങ്ങും ഭാരതീയരും ഭാരതീയസംസ്കാരവും പ്രാബല്യമുറപ്പിച്ചതും വളൎന്നതും. ഭാരതസംസ്കാരത്തിൻെറ വളൎച്ചയും വികസനവും പഠിക്കുമ്പോൾ ഈ പരമാൎത്ഥങ്ങൾ എപ്പോഴും ഓൎമ്മയിലിരിക്കണംതാനും.

പുരാതനഭാരതീയർ, പ്രത്യേകിച്ച് ദക്ഷിണേന്ത്യർ അതിവിദഗ്ദ്ധന്മാരായിരുന്ന നാവികന്മാരായിരുന്നു. മിക്കവാറും എല്ലാ രാജ്യങ്ങളുമായി അക്കാലത്തു് അവർ വാണിജ്യബന്ധത്തിൽ ഏൎപ്പെട്ടു. ഋഗ്വേദകാലത്തിനു വളരെമുമ്പുതന്നെ ഈ നിലയിൽ അവർ വളരെ പുരോഗമിച്ചിരുന്നെന്നുള്ളതു് വ്യക്തമാണ്. ഋഗ്വേദത്തിൽതന്നെ ഇപ്രകാരമുള്ള കപ്പൽസഞ്ചാരത്തെപ്പററിയും വിദേശങ്ങളെപ്പററിയും പറഞ്ഞിട്ടുമുണ്ട്. ഈ സാഹസികന്മാരായ സമുദ്രസഞ്ചാരികൾ പ്രധാനമായി വാണിജ്യത്തിലേൎപ്പെട്ടിരുന്നവരായിരുന്നെങ്കിലും അവർ ചെന്നെത്തിയിരുന്ന എല്ലാ നാടുകളിലും ദൂരവ്യാപകങ്ങളായ പരിവൎത്തനങ്ങൾ വരുത്തത്തക്കവിധം അവരുടെ സംസ്കാരം വിതയ്ക്കാനും വളൎത്താനും അവർ ശ്രദ്ധിച്ചിരുന്നിരിക്കാനും ഇടയുണ്ട്. വിദേശങ്ങളിൽ വളൎന്നുവിളഞ്ഞ ഭാരതീയസംസ്കാരത്തിൻെറ പ്രചരണകാൎയ്യത്തിൽ ഇങ്ങനെ ഇവൎക്ക് അതിപ്രധാനമായ സ്ഥാനം ലഭ്യമായി. പരപ്രേരണയോ, അക്രമപരമായ പരിവൎത്തനശ്രമമോ അല്പംപോലും ഇക്കാൎയ്യത്തിലുണ്ടായിട്ടില്ല. വാണിജ്യത്തിനും മററുമായി അന്യനാടുകളിൽ എത്തിയ ഇന്ത്യാക്കാർ അവിടങ്ങളിൽ അവിടവിടെ കുടിയുറപ്പിക്കുകയും അവരുടെ ജീവിതരീതിയും സംസ്കാരവും അന്നാട്ടുകാൎക്ക് മാൎഗ്ഗദൎശകമായിത്തീരുകയുമാണുണ്ടായതു്. ഇന്ത്യാക്കാർ കുടിയുറപ്പിച്ച കേന്ദ്രങ്ങളിൽ ക്ഷേത്രങ്ങൾ പണികഴിച്ചും അവിടെ അവരുടെ ദൈവങ്ങളെ പ്രതിഷ്ഠിച്ചുംമററും ഇന്ത്യയിലെ അന്തരീക്ഷം അവിടെ അവർ സൃഷ്ടിക്കുകയുണ്ടായി. ഭാരതീയരുടെ ജീവിതരീതി ഈവിധം അവിടങ്ങളിൽ ഉറയ്ക്കുക

യും അതിന്റെ മഹിമാവിശേഷംമൂലം അവിടുത്തുകാർ അതിനെ മാതൃകയായി സ്വീകരിച്ചു് പിൻതുടരുകയും ചെയ്തു.

സയാമിലെ ആദിമനിവാസികൾ വളരെ അപരിഷ്കൃതമായ ഒരുനിലയിൽ കഴിഞ്ഞുകൂടിയിരുന്ന കാലത്താണു് ദക്ഷിണേന്ത്യയിലെ ശ്യാമളവർണ്ണത്തോടുകൂടിയ ഒരുകൂട്ടം ജനങ്ങൾ അവിടെ ആദ്യമായി കുടിയേറിപ്പാർത്തതു്. ഇവരുടെ വരവും കുടിയുറപ്പിക്കലും ഒരു സുപ്രധാനസംഭവമാണു്. ശ്യാമദേശമെന്നു പേരുണ്ടായതിന്റെ കാരണവും ഈ കുടിയേററംതന്നെ. ശ്യാമദേശമെന്നുള്ളതാണു് 'സയാം'ആയി പരിണമിച്ചതു്. സയാമിന്റെ ചരിത്രം തുടങ്ങുന്നതുതന്നെ ഈ കുടിയേററത്തോടുകൂടിയാണു്. അതിനുമുമ്പു അവിടെ രേഖപ്പെടുത്തത്തക്ക സംഗതികളോ സംഭവവികാസങ്ങളോ വളർച്ചയോ ഉണ്ടായിട്ടില്ല. സയാമിൽ പരിഷ്കാരത്തിന്റെ ഉദയം ദക്ഷിണഭാരതീയരുടെ വരവോടുകൂടിയാണു ഉണ്ടായതു്. ഈ കുടിയേററത്തിനുമുമ്പു ചീനയിൽനിന്നു ഒരു കുടിയേററം അവിടെ ഉണ്ടായിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്നുണ്ടെങ്കിലും അതു അത്ര പ്രാധാന്യമർഹിക്കുന്ന ഒന്നല്ല. ചീനസംസ്കാരത്തിന്റെ ഈ വേലിയേററം സയാമിന്റെ പുരോഗതിക്കു ഇന്ത്യാക്കാരുടെ വരവിനെപ്പോലെ സഹായകമായി ഭവിച്ചില്ലെന്നുള്ളതു ഒരു പരമാർത്ഥമത്രെ. വാസ്തവത്തിൽ സയാമിന്റെ ചരിത്രം തുടങ്ങുന്നതുതന്നെ ഒരു ഭാരതീയരാജവംശം അവിടെ സംസ്ഥാപിതമായതോടുകൂടിയാണു്. ഇക്കാലത്തുപോലും സയാമിലെ ആചാരോപചാരങ്ങളിലും മററും നിഴലിച്ചുകാണുന്ന "ഭാരതീയത്വം" ഭാരതീയസംസ്കാരത്തിനു അവിടുത്തെ ജനങ്ങളുടെമേൽ ലഭ്യമായിട്ടുള്ള പ്രാബല്യത്തിന്റെ തെളിവാണു്.

പ്രാരംഭദശയിൽ കംബോഡിയാരാജ്യത്തിന്റെ ഒരു സംസ്ഥാനമായിരുന്നു സയാം. ഇൻഡോചൈനാവർഗ്ഗത്തിൽപെട്ട 'തായ്സ്' എന്ന വിഭാഗമാണു അവിടുത്തെ ഇന്നത്തെ ജനങ്ങളുടെ മുൻഗാമികൾ. കംബോഡിയായുടെ അധഃപതനത്തോടുകൂടി കരുത്തും പെരുമയും സമ്പാദിച്ചു എ. ഡി. ൧൩൫൦-ൽ സയാം സ്വതന്ത്രയായി. ഭാരതീയസംസ്കാരം അത്യധികം പ്രകാശമാനമായി കംബോഡിയായിൽ നിലനിന്നിരുന്നു. അവരുടെ സംസ്കാരത്തിൽനിന്നു ലഭ്യമായ ഊർജ്ജസ്വലതയാണു സയാമീസ് ജനതയ്ക്കു പുരോഗതിക്കു് ആയംഇട്ടതു്. കംബോഡിയായിലെ ഭാരതീയസംസ്കാരത്തെക്കുറിച്ചു വേറൊരുലേഖനത്തിൽ വിശദമായി പ്രതിപാദിക്കാമെന്നു കരുതുന്നു.

സയാമിന്റെ ചരിത്രത്തെ പ്രധാനപ്പെട്ട മൂന്നു വിഭാഗങ്ങളായി ഭാഗിക്കാവുന്നതാണു്; അതായതു്, പുരാതനകാലം, മദ്ധ്യകാലം, ആധുനികകാലം. ആ കാലങ്ങളിലെ തലസ്ഥാനങ്ങൾ യഥാപ്രകാരം സുഖോദയാ, അയോദ്ധ്യാ, ബാങ്കോക്കു് എന്നിവയുമായിരുന്നു. ഇന്നത്തെ തലസ്ഥാനവും ബാങ്കോക്കുതന്നെ. ഈ തലസ്ഥാനനഗരികളുടെ നാമധേയത്തിൽനിന്നുതന്നെ അവയ്ക്കു ഭാരതത്തോടുള്ള കടപ്പാടു അനുമാനിക്കാവുന്നതാണു്.

സയാമിലെ ആദ്യത്തെ പരിഷ്കാരം ചീനസംസ്കാരത്തിന്റെ അവിടേക്കുള്ള വേലിയേററംമൂലം ഉണ്ടായതാണെന്നു വിചാരിക്കപ്പെടുന്നു. ചീനയിൽനിന്നു ഒളിച്ചോടാൻ ഇടവന്ന ഏതോ ഒരു രാജകുമാരൻആണു ചീനയിൽനിന്നുണ്ടായ ഈ ആദ്യത്തെ കുടിയേററത്തിനുത്തരവാദിയെന്നും ചില പണ്ഡിതന്മാർ അനുമാനിക്കുന്നുണ്ടു്. ഇതൊക്കെ തക്കതായ തെളിവുകളൊന്നുമില്ലാതെ ചെയ്യുന്ന ചില അഭ്യൂഹങ്ങൾമാത്രമാണുതാനും. ഗവേഷണപടുക്കളുടെ നിരന്തരമായ പ്രയത്നത്തിനും അതിപുരാതനമായ ആ കാലഘട്ടത്തിലെ അന്ധകാരത്തെ അടിയറപറയിക്കാൻ കഴിഞ്ഞിട്ടില്ലതന്നെ.

ഒരു ഭാരതീയരാജാവു അവിടെ രാജ്യം വെട്ടിപ്പിടിച്ചശേഷംആണു യഥാൎത്ഥത്തിൽ സയാമിന്റെ ചരിത്രം തുടങ്ങുന്നതു്. ആ നാടിന്റെ ചരിത്രത്തിലെ ഒന്നാമത്തെ രാജാവാണു ശ്രീഇന്ദ്രാദിത്യൻ. അദ്ദേഹം ജന്മനാൽ ഒരു ഭാരതീയൻ ആയിരുന്നിരിക്കാൻ ഇടയില്ല. ഭാരതത്തിൽനിന്നു അക്കാലത്തു അവിടെ കുടിയേറിപ്പാൎത്ത കൂട്ടരുടെ സന്തതിആയിരുന്നിരിക്കുമെന്നുള്ളതു തീൎച്ചയുമാണു്. ശ്രീരാമന്റെ ജന്മംകൊണ്ടു പവിത്രമാക്കപ്പെട്ട സൂൎയ്യവംശവുമായി ഈ രാജാവിനു ബന്ധമുണ്ടായിരുന്നതായി ചിലർ വിശ്വസിച്ചുവരുന്നു. ഏതായാലും ഈ മഹാരാജാവിന്റെ നാമധേയത്തിൽനിന്നുപോലും ഭാരതീയസംസ്കാരവുമായി അദ്ദേഹത്തിനും അദ്ദേഹത്തിന്റെ വംശത്തിനും ഉണ്ടായിരുന്ന ബന്ധം എത്രമാത്രമാണെന്നു ഊഹിക്കാവുന്നതാണു്. സയാമിലെ ആധുനികകാലത്തെ രാജാക്കന്മാരെല്ലാം ഇന്ത്യയിൽനിന്നു കുടിയേറിയവരുടെ സന്താനങ്ങളാണുതാനും. ഇക്കാൎയ്യത്തിൽ അവൎക്കെല്ലാം വളരെ അഭിമാനവുമുണ്ടു്.

സുഖോദയാനഗരം രാജധാനിയാക്കിവാണ ഒന്നാമത്തെ രാജാവായിരുന്നു മുമ്പുപറഞ്ഞ ശ്രീഇന്ദ്രാദിത്യൻ. അദ്ദേഹം സിംഹാസനാരോഹണം ചെയ്തതു് എ. ഡി. ൧൨൧൮-ൽ ആണു്. അദ്ദേഹത്തിന്റെ പുത്രനും ആ രാജവംശത്തിലെ മൂന്നാമത്തെ രാജാവും ആയിരുന്ന രാമരാജാആണു ആധുനികരീതിയിൽ പരിഷ്കരിക്കപ്പെട്ട സയാമീസ്ഭാഷാലിപികളുടെ നിൎമ്മാതാവു്. സംസ്കൃതഭാഷാലിപികളുമായി വളരെയടുത്തബന്ധമുള്ള കമ്പോടിയൻലിപികളെ അനുകരിച്ചാണു അദ്ദേഹം അതു സാധിച്ചിട്ടുള്ളതു്. സംസ്കൃതഭാഷയിൽനിന്നു അനവധിവാക്കുകൾ സയാമീസ്ഭാഷയിൽ സ്വീകരിച്ചിരിക്കുന്നു. അവരുടെ ദിവസങ്ങളുടെയും മാസങ്ങളുടെയും പേരുകൾ ഭാരതീയരുടേതുപോലെതന്നെയാണു്.

സാഹിത്യശാഖയിൽ നോക്കിയാൽ സയാമിനു ഭാരതത്തോടും ഭാരതീയസംസ്കാരത്തോടും ഉള്ള കടപ്പാടും ബന്ധവും വളരെ എളുപ്പം വ്യക്തമാകുന്നതാണു്. ഹിന്ദുമതസംബന്ധമായുള്ള സാഹിത്യഗ്രന്ഥങ്ങൾ, ബുദ്ധമതഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെങ്കിലും, വളരെ വമ്പിച്ച ഒന്നാണെന്നു തെളിയുന്നതാണു്. രാമായണം ആ ഭാഷയിൽ ഉണ്ടു്. മഹാഭാരതകഥകളെ ആസ്പദമാക്കി നിൎമ്മിക്കപ്പെട്ടിട്ടുള്ള അനവധി ഗ്രന്ഥങ്ങൾ അവിടെ വളരെ പ്രചാരത്തിലുണ്ടു്. കലാപരമായും സാഹിത്യപരമായും ഒരു സമ്പൂൎണ്ണകൃതിയായി ഗണിക്കപ്പെട്ടിട്ടുള്ള സയാമീസ് നാടകം അനിരുദ്ധന്റെ ജീവിതത്തെ ആസ്പദമാക്കി രചിക്കപ്പെട്ടിട്ടുള്ള ഒന്നാണു്. ഭാരതീയരുടെ അനവധി ഇതിഹാസകഥകൾ സയാമിൽ പ്രചാരത്തിലിരിക്കുന്നു. അവിടുത്തെ നിയമശാസ്ത്രം മനുവിന്റെയും മററു ധൎമ്മശാസ്ത്രപണ്ഡിതന്മാരുടെയും അനവധി ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. അവിടുത്തെ വൈദ്യശാസ്ത്രത്തിനും നമ്മുടെ ആയുൎവേദത്തിനും തമ്മിലുള്ള ബന്ധം സുപ്രസിദ്ധവുമാണു്. ആയുൎവേദശാസ്ത്രഗ്രന്ഥങ്ങൾ സയാമീസ്ഭാഷയിൽ തൎജ്ജമചെയ്തിട്ടുണ്ടെന്നുള്ളതും പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല.

സയാമിന്റെ പല ഭാഗങ്ങളിലും ഹിന്ദുദേവന്മാരെ പ്രതിഷ്ഠിച്ചിട്ടുള്ള അനവധി ക്ഷേത്രങ്ങൾ ഉണ്ടെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. ഈ ക്ഷേത്രങ്ങളെല്ലാംതന്നെ ദക്ഷിണഭാരതത്തിലെ ക്ഷേത്രങ്ങളുടെ മാതൃകയിലാണു് പണിചെയ്തിട്ടുള്ളതു്. അവയിൽ ഉപയോഗിച്ചിരിക്കുന്ന ശില്പിശാസ്ത്രവും കൊത്തുപണികളുമെല്ലാം ദക്ഷിണേന്ത്യൻക്ഷേത്രങ്ങളെ അനുസ്മരിപ്പിക്കും. ഇതിന്റെ കാരണം മറെറാന്നുമല്ല. സയാമിൽ കുടിയേറിയിട്ടുള്ളവരിൽ ഭൂരിഭാഗവും ഉത്സാഹികളും ഉന്മേഷവാന്മാരുമായിരുന്ന ദക്ഷി

ണേന്ത്യന്മാർ ആയിരുന്നു. ഇന്നും മറുനാട്ടുകളിൽ കുടിയേറിത്താമസിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അവർതന്നെ. പുരാതനകാലങ്ങളിലെ കഥയും ഇതുതന്നെയായിരുന്നു. എന്നാൽ ഒരു കാര്യം ഇവിടെ പ്രത്യേകിച്ചു പറയേണ്ടതായിട്ടുണ്ട്. തെക്കുകിഴക്കെ ഏഷ്യയിലെ നാട്ടുകളിൽ കാണപ്പെടുന്ന ചില ക്ഷേത്രങ്ങൾ തെക്കെ ഇന്ത്യൻ ക്ഷേത്രങ്ങളെക്കാൾ വളരെ മികച്ചു നില്ക്കുന്നവയാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനും തക്കതായ കാരണമുണ്ട്. ഭാരതീയശില്പികലയും കൊത്തുപണിയും അന്നാട്ടുകളിലെത്തിയശേഷം അവിടുത്തുകാരുടെ ആശയങ്ങൾ സ്വീകരിച്ചു വളരുകയാണു് ചെയ്തിട്ടുള്ളതു്. ഭാരതീയകലയ്ക്കു് അവിടെ ഉണ്ടായിട്ടുള്ള ഊർജ്ജസ്വലതയ്ക്കും മഹനീയതയ്ക്കും ഉള്ള കാരണവും ഇതാണു്.

പിൽക്കാലത്തു ബുദ്ധമതത്തിനു് സയാമിലുണ്ടായ പ്രാമാണ്യമാണു് ആ നാട്ടിൽ നിലനിന്നുപോന്ന ഹിന്ദുമതത്തിന്റെ വിലയിടിവിനുണ്ടായ കാരണം. ആധുനിക സായാമിലെ ഔദ്യോഗികമതം ബുദ്ധമതമാണു്. ഇന്നത്തെ സയാമിൽ ഇരുപതിനായിരം ബുദ്ധമതവിഹാരങ്ങളിലായി ഏതാണ്ടു് ഒരുലക്ഷത്തോളം ബുദ്ധമത സന്യാസികളുണ്ടു്. സയാമീസ് സംസ്കാരത്തിന്റെ സംരക്ഷകന്മാരാണിവർ. ബുദ്ധമതത്തിന്റെ കാട്ടുതീപോലുള്ള പുരോഗതിയിൽ അനവധി ഹിന്ദുക്ഷേത്രങ്ങൾ ബുദ്ധമതവിഹാരങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു. എങ്കിലും ഇന്നും ഹിന്ദുദേവന്മാരുടെ അവിടങ്ങളിലെ പ്രാബല്യം അസ്തമിച്ചിട്ടില്ല. വിഷ്ണു, ശിവൻ, ലക്ഷ്മി, ഗണപതി മുതലായി പല വിഗ്രഹങ്ങളും സയാമിൽ ഇക്കാലത്തു കണ്ടെത്തിയിട്ടുണ്ടു്. ബുദ്ധമതക്ഷേത്രങ്ങളുടെ ഭിത്തികളിലും മററും ഇന്നും ഹിന്ദുദേവന്മാരുടെ രൂപങ്ങൾ കൊത്തിവച്ചിട്ടുണ്ടു്. ബാങ്കോക്കിലുള്ള രാജകീയ ബുദ്ധക്ഷേത്രത്തിന്റെ ഭിത്തിയിൽ രാമായണകഥയിലെ മിക്കവാറും ഭാഗങ്ങൾ ചിത്രീകരിച്ചിട്ടുണ്ടു്. ഇന്നും സയാമിലെ കൊത്തുപണിക്കാർ ഹിന്ദുദേവന്മാരുടെ വിഗ്രഹങ്ങൾ അതിവിദഗ്ദ്ധമായി ചെയ്യാറുണ്ടു്.

സയാമിലെ പല ഉത്സവങ്ങളും ആഘോഷങ്ങളും ഭാരതത്തിലേതുമായി സാമ്യമുള്ളവയാണു്. ആചാരോപചാരമര്യാദകളുടെ കാര്യത്തിലും ഈ ബന്ധം ദൃശ്യമാണു്. ഭാരതീയർക്കു് രാജാവിനോടും രാജസ്ഥാനത്തോടുമുള്ള ബഹുമാനവും പ്രീതിയുംതന്നെ സയാമിലും കാണപ്പെടുന്നു. സിംഹാസനാരോഹണകർമ്മങ്ങൾ അവിടെ ഇന്നും നിർവ്വഹിക്കുന്നതു് ബ്രാഹ്മണാചാര്യന്മാരാണു്. രാജചിഹ്നങ്ങളും രാജസഭയിലെ സ്ഥാനപ്പേരുകളും ഭാരതത്തിലേതുപോലെതന്നെ. രാജാവിന്റെ ദൈനംദിന ആചാരപരിപാടികൾ കൗടില്യനേയും മനുവിനേയും അനുസ്മരിപ്പിക്കും. ഇങ്ങനെ പറയാൻ തുടങ്ങിയാൽ പലതും ഉണ്ടു്.

ഇന്നത്തെ സയാമിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംസ്കൃതഭാഷയ്ക്കു മാന്യമായ ഒരു സ്ഥാനം നൽകിയിട്ടുണ്ടെന്നുള്ള സംഗതിയും പ്രത്യേകം പ്രസ്താവ്യമത്രേ.

# സ്വതന്ത്ര ഫാർമസി

**Regd. H. O. ചാലക്കുടി (Cochin State)**

**Chief Branches:–കോഴിക്കോട്ട് Y. M. C. A. റോഡ് & വക്കല, തിരുവിതാംകൂർ.**

വാവുതോറും വളഞ്ഞുകുനിഞ്ഞിരുന്ന പ്രാവിൻകൂട്ടിന്റെ പ്രതീതി ജനിപ്പിക്കുന്ന "ഫ്ലർഫ്ലർ" ശബ്ദത്തോടുകൂടി മേല്പോട്ടു വലിക്കുന്ന വലി കാണികളുടെ മനസ്സലിയിക്കും. വലിയും ചുമയുംകൊണ്ടു വലയുന്നവർക്ക് ഒരു ബന്ധുവുണ്ട്. ഞങ്ങളുടെ

## കരിംകുരങ്ങുരസായനം

റാത്തൽ 1–ന് ക. 5. പാക്കിംഗ് പോസ്റ്റേജ് വേറെ.

അകാരണമായ ക്ഷീണം, തളർച്ച, പാരവശ്യം, ദാഹം, കത്തിഎരിച്ചിൽ എന്നീ ലക്ഷണങ്ങളും ഒരു സ്ത്രീയിൽ കാണുമ്പോൾ, ലജ്ജകൊണ്ടു മൂടിവെച്ചിരിക്കുന്ന ഗുഹ്യരോഗത്തിന്റെ പ്രതിഫലനമാണെന്നു മനസ്സിലാക്കണം. സ്ത്രീക്കായാലും പുരുഷനായാലും ഗുഹ്യരോഗങ്ങൾ ബാധിച്ചാൽ

## ഹിമാംശുപ്രാശം

സേവിച്ചു പരിപൂർണ്ണസുഖം പ്രാപിക്കാം. റാത്തൽ 1–ന് ക: 5. പാക്കിംഗ് പോസ്റ്റേജ് വേറെ.

പൂർണ്ണ ശാസ്ത്രീയനിഷ്കർഷയോടുകൂടി തയാർചെയ്തിട്ടുള്ള എല്ലാ ഔഷധങ്ങളും തയാറുണ്ട്.

പ്രൊപ്രൈറ്റർ, വി. ഗംഗാധരൻവൈദ്യർ, വൈദ്യകലാനിധി.

# കേരളവർമ്മസ്മാരകം – ഉപഹാരമാല

കേരളവർമ്മദേവന്റെ ശതവർഷാഘോഷക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയ കൈരളിയുടെ ഒരു അമൂല്യസമ്പത്ത്.

കേരളത്തിലെ കേൾവികേട്ട ലേഖകന്മാരുടെ സ്മൃത്യപുരുഷനെപ്പറ്റിയുള്ള ഉപന്യാസങ്ങളും, അനവധി ഹാഫ്ടോൺചിത്രങ്ങളും, മുഖചിത്രമായി ചേർത്തിരിക്കുന്ന ത്രിവർണ്ണാങ്കിതമായ മയൂരസന്ദേശചിത്രവും ഏറ്റവും ഹൃദ്യതരം. ഡിമ്മി ¼ വലിപ്പത്തിൽ 160–ൽപരം പേജുകൾ!

വില ക: 2 ണ: 8.

## ലേഖനമാല

ഗ്രന്ഥകർത്താ, സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ.

അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഭിന്നവിഷയങ്ങളെ അധികരിച്ച് പലപ്പോഴായി രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂർണ്ണ സമാഹാരം! കൈരളിയുടെ ഒരു അമൂല്യസമ്പത്ത്!! സഹൃദയന്മാർക്ക് ഒരു അനശ്വരമായ സംഭാവന!!! വില ക: ൨ ണ: ൪.

രാമായണം, ഭാഗവതം, ഭാരതം, ഭഗവദ്ഗീത, ദേവീഭാഗവതം, ഉപനിഷത്തുകൾ എന്നിങ്ങനെയുള്ള ആദ്ധ്യാത്മികഗ്രന്ഥങ്ങളും അനവധി നോവലുകളും, പ്രചാരമുള്ള എല്ലാ ഹിന്ദീപുസ്തകങ്ങളും എപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്.

മാനേജർ,

**ശ്രീരാമവിലാസംപ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.**

# "VANCHI ADVERTISER"

Is a Monthly Journal containing articles of Commercial Value for Manufacturers and Business Men.

*The rates of subscription as follows:—*

Inland Rs. 5-8-0 Foreign 12 $

Single Copy As. 8.

"Vanchi Advertiser" is published in the fourth week of every month. Subscription money is always payable in advance or by V. P. P.

## NOTICE TO ADVERTISERS.

All charges for Advertisement from old and new parties are strictly payable in advance and no request for realisation by V. P. P is entertained unless substantial deposit is previously made.

Contract especially as regards position is not valid unless confirmed by us in writing and accompanied by cash in sufficient time. Advertisement when published in other places than ordered for, is payable at the rate schedule for that position.

Ordinarily Advertisement forms close on 20th of the month and all copies and remittances must reach this Office at least 2 days before that date.

For rates and other particulars write to:—

Manager,

**"Vanchi Advertiser" Office,**

**Karamanai, TRIVANDRUM.**

Wanted Agents throughout India on Liberal terms.
For securing orders for Vanchi Advertiser.

*For terms apply to:—*

Manager,

"Vanchi Advertiser "Office,

**Karamanai, TRIVANDRUM.**

# സങ്കല്പദേവത

കൈതക്കോട്ട് എൻ. ദിവാകരക്കുറുപ്പ്.

(ഉപസർപ്പിണി)

കദനഭാരവിവശനായ് നിത്യവും
ഹൃദയഹാരിണീ! തേടുന്നു നിന്നെ ഞാൻ
തരികദർശനം തപസ്സ്വരൂപിണീ!
ചിരവിരഹം സഹിപ്പാനസാദ്ധ്യമാം.

ശിഥിലചിന്തയിൽ വെന്തെരിഞ്ഞീടുമെൻ
വ്യഥിതമാനസമല്പം തണുക്കുവാൻ
അരനിമിഷമണയുകെന്നന്തികേ
നിഖിലസൗന്ദര്യകേദാരചന്ദ്രികേ!

പരമനിർമ്മലേ! നിന്നെത്തിരഞ്ഞു ഞാ-
നരമനയില്പ,മാരാമഭൂവിലും
കരകവിഞ്ഞൊഴുകുന്ന നദിയിലും
സ്ഥിരമഹിതമാം കാനനഹൃത്തിലും.

വിരിയുമോമനപ്പൂവിലും, തേനില്പ-
മുലയുമോരോ തളിരിലും, തൊത്തിലും
അനഘരൂപിണീ! നിന്റെ വിലാസങ്ങൾ
അനവരതമായുണ്ടെന്നറിവു ഞാൻ.

അഴകൊഴുകുന്ന വാർമഴവില്ലിലും
മുഴമതിയിലും താരാഗണത്തിലും
തരളമോഹനേ! തേടി ഞാൻ നിന്നെയ-
ങ്ങരുണിമചേരുമംബരാന്തത്തിലും.
ഒളിവിലാണു നീ,യെങ്കിലാ വെൺമതി-
ത്തളികതന്നിലൊളിചേർത്തു മിന്നിടും
അരിയസാരംഗസന്താനസന്നിധൗ
സരസലീലകളാടിക്കളിക്കയാം.

അവിടെയല്ലെങ്കി,ലാഴിയിലാളുന്ന
നവതരംഗവിലാസലഹരിയിൽ
അധികമാറാടി, നന്മുത്തു വാരുവാൻ
കുതുകമാർന്നു നീ മുങ്ങിക്കളിക്കയോ?

പ്രകൃതിതന്റെ സുമോഹനവായ്പുകൾ
സുകൃതപൂരകമാണെന്നറികയാൽ
കുതുകവീക്ഷണലോലമതികളായ്
ക്ഷിതിതലമെത്തിയന്നത്തരുണികൾ.

സുരുചിരകാന്തിയോലുമവയുടെ
ഗമനമോടിയിലാകൃഷ്ടചിത്തയായ്
ചരണവിന്യാസരീതിപഠിക്കുവാ-
നവയൊടൊത്തു നീ 'മാനസം'ചേർന്നതാം?

ഹരിതസാരമാം പുൽത്തുമ്പിലാട്ടമൊ-
രരിയനേരിയ നീഹാരബിന്ദുവിൽ
അവികലം ചേർന്നിതെങ്കിലും, ഭാസ്കര-
കിരണതാപാലലിഞ്ഞു മറഞ്ഞിതോ?

ശുകകുലമണിശാരികപ്പൈതലിൻ
മികവുപൊങ്ങിയ മഞ്ജുളശിഞ്ജിതം
പ്രമദഗന്ധർവ്വഗാനമെന്നോർത്തു നീ
വിമലനാദസ്വരൂപമായ് മാറിയോ?

പുരുസുഖങ്ങളരുളിയിളകുമ-
ത്തരുണമാരുതവീജനവേളയിൽ
സുമതതിതന്നിലൂറിപ്പരന്നിടു-
ന്നമലമാദകത്തുമണമായി നീ.

മദനനെയ്തു കുസുമശരത്തിനാൽ
മദതരളയായ് വാഴും പ്രമദതൻ
കുവലയദളലോചനാന്തങ്ങളിൽ
കവിതചേർത്തു ലസിക്കുന്നു നീ സദാ.

കിളിമൊഴിയേറെ ഹൃദ്യമായ് നിർമ്മിച്ച
കവികുലമണി തുഞ്ചൻ മഹാമതി
കവനലീലയിലാശീർവ്വദിക്കുവാൻ
കിളിമൊഴിചൊല്ലിയാദരിച്ചില്ലയോ.

അവിടെയെല്ലാമുഴന്നുതെരഞ്ഞതിൽ
വിഫലമായ് മമ നിത്യപ്രതീക്ഷകൾ
അരുതു കാണുവാൻ ജ്യോതിസ്സ്വരൂപമേ!
സ്ഥിരതയററ നീയെങ്ങുവാ,നെങ്ങുവാൻ?

മതിമതിയെന്റെ നിഷ്ഫലഭാഷിത-
മിതുവരെയുമലഞ്ഞു തളർന്നു ഞാൻ
തരിക നിൻസ്വപ്നദർശനമെങ്കിലും
നിഖിലസൗന്ദര്യകേദാരചന്ദ്രികേ!

# കണ്ണാടിവ്യവസായവും തിരുവിതാംകൂറും

കെ. പി. തമ്പി.

വളരെ പ്രാചീനമായ ഒരു വ്യവസായം ആണെന്നുവരികിലും ഗ്ലാസ്നിർമ്മാണം ഒരു കലാരൂപത്തിൽമാത്രമാണു നടന്നിരുന്നതു്. കഴിഞ്ഞ നൂററാണ്ടിലാണു അതു് ഒരു വ്യവസായമായി രംഗപ്രവേശം ചെയ്തതു്. അതിനു് വ്യവസായരംഗത്തിലേക്കു് മാർഗ്ഗദർശനം നൽകിയതുതന്നെ മററു വ്യവസായങ്ങളുടെ വളർച്ച ആയിരുന്നു. ഇന്നു് ഗ്ലാസ് ജനസാമാന്യത്തിനു്—കുടിൽതൊട്ടു കൊട്ടാരംവരെ—അത്യന്താപേക്ഷിതമായ ഒരു സാധനമായി രൂപം പ്രാപിച്ചിരിക്കുന്നു. കുപ്പി, തംബ്ളേർ, ഫ്ളാസ്കു്, പ്രതിമകൾ, ഫോട്ടോകൾ, വൈദ്യുതദീപോപകരണങ്ങൾ, മൂക്കുകണ്ണാടകൾ, വളകൾ, ബട്ടൺസ്, ആഭരണങ്ങൾ എന്നിങ്ങനെ നിരവധി സാധനസാമഗ്രികൾ ഗ്ലാസുകൊണ്ടു നിർമ്മിക്കപ്പെടുന്നുണ്ടല്ലോ. ഇതിൽ ഒരെണ്ണമെങ്കിലും കൈകാര്യംചെയ്യാത്ത വ്യക്തിയോ വീടോ കാണുകയില്ലഎന്നു് തീർത്തുപറയുന്നതു് ഒരതിശയോക്തിയല്ല.

ഫീൽഡ് ബൈനോക്കുലേഴ്സ് (Field binoculars) Army & Navy Telescopes, Range-finders മുതലായി ഒട്ടനവധി യുദ്ധോപകരണങ്ങൾ കണ്ടുപിടിച്ചതു് ഒന്നാം ലോകമഹായുദ്ധത്തിന്റെ സംഹാരശക്തിയെ വളരെ സഹായിക്കുകയുണ്ടായി. ഇതിനുപുറമേ, രസതന്ത്രജ്ഞന്മാർ, ഡാക്ടർമാർ, എൻജിനീയർമാർ എന്നിവർക്കെല്ലാം ഗ്ലാസുകൊണ്ടുള്ള ഉപകരണങ്ങൾ അവശ്യാവശ്യമായിത്തീർന്നിരിക്കുന്നു. ഇങ്ങനെ അഭിവൃദ്ധിപ്പെട്ടുവന്ന പ്രസ്തുത വ്യവസായം രണ്ടാംലോകമഹായുദ്ധത്തോടുകൂടി ലോഹനിർമ്മിതങ്ങളായ യന്ത്രസാമഗ്രികളുടെ അംശങ്ങളായി സ്ഥലംപിടിച്ചു പുരോഗമിക്കാൻ ആരംഭിച്ചു. വളയ്ക്കുകയോ, ഒടിക്കുകയോ, തുന്നുകയോ, അടിച്ചുനീട്ടുകയോ ചെയ്യാവുന്ന വിധത്തിൽ ഗ്ലാസ് ഉപയോഗിക്കാമെന്ന നിലവരെ വന്നുചേർന്നിരിക്കുന്നു.

ആഹാരപദാർത്ഥങ്ങൾ, മരുന്നുകൾ, ദ്രാവകങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായി വളരെ വളരെ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതിനു് ഗ്ലാസ്ഭരണികൾ, കുപ്പികൾ മുതലായവ അത്യാവശ്യമാണു്. പുരോഗമനം ആഗ്രഹിക്കുന്ന ഏതൊരു രാജ്യത്തിനും ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു വ്യവസായമാണിതു്. ഇതിനുവേണ്ടി അന്യരാജ്യത്തെ ആശ്രയിക്കുക അഭിമാനമുള്ളവർക്കു മർമ്മഭേദകമായിരിക്കും. വ്യാവസായികമായി പുരോഗമിക്കുന്ന നമ്മുടെ തിരുവിതാംകൂർ ഇക്കാര്യത്തിൽ ഒട്ടുംതന്നെ പിന്നണിയിലല്ലെന്നുവേണം പറയാൻ. പ്രകൃതിദേവിയാൽ അനുഗൃഹീതയായ തിരുവിതാംകൂറിൽ ഗ്ലാസ്നിർമ്മാണത്തിനു അത്യാവശ്യമായ ഒന്നാംതരം മണൽ (Silica) കക്ക (shell lime) മുതലായവ സമൃദ്ധിയായിട്ടുണ്ടു്. ഇവ ഉപയോഗിച്ചാണു് ആലുവായിലെ വ്യവസായശാലയിൽ ഗ്ലാസ്നിർമ്മാണം നടത്തിവരുന്നതു്.

ഗ്ലാസിനെ സ്ഫടികം എന്നും കണ്ണാടി എന്നും പറഞ്ഞുവരുന്നു. ഗ്ലാസിൻെറ പ്രത്യേകത അതിൻെറ സുതാര്യത (Transparency) ആണല്ലോ. ഗ്ലാസിൻെറ ഒരു ഭാഗം പെട്ടെന്നു ചൂടാക്കുകയോ തണുപ്പിക്കുകയോ ചെയ്താൽ അതു് പൊട്ടിപ്പോകുന്നു. കൂടുതൽചൂടാക്കുമ്പോൾ അതു് ഉരുകിത്തുടങ്ങും. ഇങ്ങനെ ഉരുകിവരുന്ന നിലയിൽ ഏതു തരത്തിലും അതിനെ രൂപാന്തരപ്പെടുത്താം. ഹൈഡ്രോഫ്ളൂറിക്ക്ആസിഡ് (Hydrofluric acid)നു് ഗ്ലാസിനെ ദ്രവിപ്പിക്കുവാൻ ശക്തിയുള്ളതിനാൽ പ്രസ്തുത ആസിഡ് ഉപയോഗിച്ചു് വിവിധങ്ങളും മനോഹരങ്ങളുമായ ചിത്രവേലകൾ ചെയ്യാവുന്നതാണു്.

ഗ്ലാസിനെ നാലുവകുപ്പായി വിഭജിക്കാം:—

A. സോഡാഗ്ലാസ് എന്നു സാധാരണ അറിയുന്നതിൽ പ്രധാനമായി സോഡാക്കാരംചേർന്നിരിക്കുന്നു. ഇവ ജനൽകണ്ണാടികൾ, കുപ്പികൾ, ടംബ്ളർകൾ മുതലായവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.

B. പൊട്ടാഷ്‌ലയിംഗ്ലാസ് അഥവാ ബൊഹീമിയൻഗ്ലാസ്, ഇതിൽ സോഡാകാരത്തിനുപകരം പൊട്ടാഷ് എന്ന പദാർത്ഥം ഉപയോഗിച്ചിരിക്കുന്നു.

C. പൊട്ടാഷ്‌ലെഡ്ഗ്ലാസ് അഥവാ ഫ്ളിൻറ്ഗ്ലാസ്, ക്രിസ്റ്റൽഗ്ലാസ് ഇതിൽ സോഡാക്കാരത്തിനുപകരം പൊട്ടാഷും ലെഡ്ഓക്സയിഡും ഉപയോഗിക്കുന്നു.

D. നാലാമതുതരം ബോറാക്സ്ഗ്ലാസ്. ഇതിൽ ബോറാക്സ് എന്ന സാധനം കൂടുതൽ ഉപയോഗിക്കുന്നു.

ഗ്ലാസിനു് വേണ്ടനിറം കൊടുക്കുന്നതു് പല ലോഹവസ്തുക്കളും ഉപയോഗിച്ചിട്ടാണു്. ഇതു് ആദ്യം മസാല (സെലിക്ക, സോഡാ, ലയിം മുതലായവ കൂട്ടിക്കലർത്തിയതു്)യിൽ ചേർക്കുകയാണു് ചെയ്യുന്നതു്. ഉദാഹരണമായി നീലം, മേഘനീലം മുതലായ നിറങ്ങൾക്കു്, കോബാൾട്ട്ഓക്സയിഡ്, കോപ്പർഓക്സയിഡ് മുതലായവ ചേർക്കുന്നു. സാധാരണയായി സിലിക്ക, സോഡാ, ലയിം ഇവ ൧൦൦-൩൭-൧൫ എന്ന കണക്കിൽ കൂട്ടിക്കലർത്തിയാണു് ഉരുക്കുക. ഉരുകിക്കിടക്കുമ്പോൾ ഏകദേശം ശർക്കരപ്പാവിനേക്കാൾ അല്പം മുറുകിയിരിക്കും. ഈ നിലയിൽ നാലഞ്ചടി നീളമുള്ള പൈപ്പിൻെറ ഒററത്തു വേണ്ടിടത്തോളം ദ്രവം എടുത്തു് മറെറഅററത്തുകൂടി ഊതിവീർപ്പിച്ചു്, ഇരുമ്പച്ചിനകത്തുവച്ചു വീണ്ടും ഊതുന്നു. ഇപ്രകാരം ഊതി തീർന്നതു് പുറത്തെടുക്കുമ്പോൾ അച്ചിൻെറ ആകൃതിയിലുള്ള ഗ്ലാസ്സാധനമായിരിക്കും.

സോഡാ (Sodium Carbonate) ലയിം (Lime) സിലിക്ക (Sand) എന്നീ മൂന്നുസാധനങ്ങൾക്കുപുറമെ നയിററർ (Nitre) ഫെൽസ്പർ (Felspor) ബോറാക്സ് (Borax) ആർസനിക്ക് (Arsenic) മാൻഗനീസ് (Manganese) മുതലായ പദാർത്ഥങ്ങളും ആവശ്യം വേണ്ടതാണു്. എന്നാൽ ഇതിനെല്ലാം ഉപരിയായി ഈ വ്യവസായത്തിൻെറ വിജയം ഇവ ഉരുകിക്കിട്ടാൻ വേണ്ട ചൂടിനെയും ഉരുക്കുന്ന ഗ്ലാസിനെ യഥാവിധി നിർത്തുന്നതിനു പററിയ ഫർണസ് (Furnace) അഥവാ ചൂളയേയും ആശ്രയിച്ചിരിക്കുന്നു. ചൂള പണിചെയ്യുന്നതിനു നല്ലറിഫ്റാക്ടറി (Refractories) (ഉഷ്ണപ്രതിരോധകസാധനങ്ങൾ) വേണ്ടതാണു്. ഈ റിഫ്രാക്ടറി എന്നുപറയുന്നതു പ്രത്യേകതരത്തിലുള്ള ചെളികൊണ്ടു് നിർമ്മിച്ചിട്ടുള്ള ഇഷ്ടികകളും കട്ടകളുമാകുന്നു. ഇത്തരത്തിലുള്ള റിഫ്രാക്ടറിക്കുമാത്രമേ നല്ല ചൂടിനേയും ഉരുകിയ ഗ്ലാസിനേയും താങ്ങാനുള്ള ശക്തിയുള്ളു.

സാധാരണയായി രണ്ടുതരം ചൂളയാണു് ഇപ്പോൾ ഉപയോഗിച്ചുവരുന്നതു്. ഒന്നു്

പോട്ട്ഫർണസും (Pot Furnace) മറ്റേതു് ടാങ്ക്ഫർണസും (Tank Furnace) ആകുന്നു. പോട്ടുഫർണസിൽ അനവധി പോട്ടുകൾ (Pots) അഥവാ ചട്ടികൾ ഉണ്ടായിരിക്കും. സാധാരണയായി എട്ടുമുതൽ പതിന്നാലുവരെ ചട്ടികൾ കാണും. ഓരോ ചട്ടിയിലും ഏകദേശം അറുനൂറുമുതൽ ആയിരത്തി ഇരുനൂറുവരെ റാത്തൽ ഗ്ലാസ് ഉരുക്കാവുന്നതാകുന്നു. ഈ ചട്ടികളിൽ മസാല (Batch) ഇടുമ്പോൾ ചട്ടികളുടെ നാലുവശവും അഗ്നി ജ്വലിച്ചുകൊണ്ടിരിക്കുന്നതും ക്രമേണ ഉരുകി ദ്രവമായിത്തീരുന്നതുമാണു്. ഇതിൽ മസാലയുമായി അഗ്നി നേരിട്ടുള്ള സമ്പർക്കത്തിലല്ല വർത്തിക്കുന്നതു്. നേരെമറിച്ചാണു് ടാങ്ക്ഫർണസിൽ. ടാങ്കുഫർണസിൽ ഒരേതരംവർണ്ണത്തിലുള്ള ഗ്ലാസുമാത്രമേ ഒരുപ്രാവശ്യം നിർമ്മിക്കാൻ സാധിക്കയുള്ളു. പോട്ടുഫർണസിൽ ഒരേസമയം പല വർണ്ണങ്ങളിലുള്ള ഗ്ലാസ് ഉരുക്കാവുന്നതുമാകുന്നു. അതും വിറകു ഉപയോഗിച്ചു ഉരുക്കാവുന്നതാണു്. ഇപ്പോൾ വിറകിന്റെസ്ഥാനം കല്ക്കരിയും കരിഗ്യാസും കൈവശപ്പെടുത്തിക്കഴിഞ്ഞു. പ്രസ്തുത സ്ഥാനം ഇപ്പോൾ ക്രൂഡോയിലും വിദ്യുച്ഛക്തിയും സ്വാധീനമാക്കിവരുന്നു. എന്നാൽ മിക്കവാറും സ്ഥലങ്ങളിൽ കല്ക്കരിയും കരിഗ്യാസുമാണു് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. ഇപ്പോഴത്തെ ഇന്ത്യൻ ഗ്ലാസ്‌വ്യവസായത്തിനു ഏകദേശം അൻപതുകൊല്ലത്തെ പഴക്കമേയുള്ളു. യാതൊരുപുരോഗതിയും ഫൻഫർ വരെ ഈ വ്യവസായത്തിനുണ്ടായിട്ടില്ലെന്നു വേണം പറയാൻ. ഒന്നാംലോകമഹായുദ്ധത്തിനും രണ്ടാംലോകമഹായുദ്ധത്തിനുമിടയ്ക്കു പ്രസ്തുത വ്യവസായം വളരെ വിഷമതകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. ഇപ്പോൾ ഏകദേശം ഒരുനൂററിഅൻപതു ഫാക്‌ടറികൾ പ്രസ്തുത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഫാക്‌ടറികളുടെ ആകെ മൂലധനം ഏകദേശം നാലുകോടിരൂപയാണു്. ഗ്ലാസ്‌വ്യവസായത്തിനു അവശ്യം ആവശ്യമായ യന്ത്രോപകരണങ്ങളോ വേണ്ടത്ര പ്രായോഗികപരിജ്ഞാനമോ ഇന്ത്യയിൽ ഇല്ലെന്നുതന്നെ പറയാം. നാം ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിദേശസാധനങ്ങളുമായി കിടപിടിക്കുന്നവയായിരുന്നാൽമാത്രമേ ഈ വ്യവസായം അഭിവൃദ്ധി പ്രാപിക്കുകയുള്ളു. ഇപ്രകാരമുള്ള അഭിവൃദ്ധിക്കായി ഗവമ്മേണ്ടും ഗ്ലാസ്‌വ്യവസായികളും ഒത്തൊരുമിച്ചു പ്രവർത്തിക്കതന്നെ വേണ്ടിയിരിക്കുന്നു.

ഉത്തരഇന്ത്യയെ അപേക്ഷിച്ചു ദക്ഷിണേന്ത്യയിൽ ഗ്ലാസ്‌നിർമ്മാണശാലകൾ വളരെ ചുരുക്കമാണു്. കഷ്ടിച്ചു പത്തു വ്യവസായശാല കണ്ടെന്നുവരാം. ഈ പത്തെണ്ണത്തിൽ ഒന്നു നമ്മുടെ തിരുവിതാംകൂറിൽആണെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്. തിരുവിതാംകൂറിലെ ഫാക്‌ടറി ഇന്ത്യൻഫാക്ടറികളുടെ ഇടയിൽ സമുന്നതമായ ഒരുസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. തിരുവിതാംകൂർ ഫാക്ടറിയുടെ ഭരണച്ചുമതല വഹിക്കുന്ന പ്രശസ്തരായ ഒഗലെസഹോദരന്മാർ (Messrs Ogale Brothers Ltd.) ആസൂത്രണംചെയ്തിട്ടുള്ളതുപോലുള്ള ഷീററു് ഗ്ലാസ്‌നിർമ്മാണപദ്ധതിയുംകൂടെ നടപ്പിൽ വരുമ്പോൾ, നമ്മുടെ ഫാക്‌ടറി ഇന്ത്യൻ ഗ്ലാസ്‌ഫാക്‌ടറികളുടെ മുന്നണിയിൽ ഒരു പ്രധാനസ്ഥാനം കൈക്കലാക്കുമെന്നുള്ളതിൽ വിവാദമില്ല.

# തിരുവനന്തപുരം സൎട്ടിഫൈഡ് സ്കൂൾ

കലവറ പി. വാസുദേവൻപിള്ള ബി. ഏ., എൽ. റ്റി.

സാഹചര്യങ്ങളുടെ സ്വഭാവം, പരിതഃസ്ഥിതികളുടെ പ്രാതികൂല്യം, നൈസൎഗ്ഗികമായ ദുൎവ്വാസനകൾ ഇവയുടെ സംയുക്തപ്രേരണാഫലമായി സന്മാൎഗ്ഗഭ്രംശംവന്നുപോകുന്ന ബാലന്മാരെ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും, അവരെ തന്റേടമുള്ള പൗരന്മാരാക്കിത്തീൎക്കുന്നതിനും ആയിട്ടു് ഈ സ്ഥാപനം നിലകൊള്ളുന്നു. ഏതാണ്ടു് അമ്പത്തിയൊന്നുവൎഷത്തെ പഴക്കമുള്ള ഈ വിദ്യാലയം തെക്കേ ഇൻഡ്യയിലുള്ള ഏതാദൃശമായ ഏകസ്ഥാപനവുമാണു്.

ബാല്യംകഴിഞ്ഞു്, കൗമാരത്തിലേക്കു കാലൂന്നിത്തുടങ്ങുന്ന ഇളംപ്രായത്തിൽ വികാരസംയമനത്തിനുള്ള അശക്തതനിമിത്തം, കൊലപാതകംവരെ ചെയ്തുപോകുന്ന അവിവേകികളും; ബാല്യംമുതൽക്കുതന്നെ സ്വന്തമാതാപിതാക്കന്മാരിൽനിന്നോ, സമപ്രായക്കാരിൽനിന്നോ, അസാന്മാൎഗ്ഗികമായ പല അനാശാസ്യനടപടികളും പഠിച്ചു താന്തോന്നികളായിത്തീൎന്നു്, മോഷണം, ചതി വഞ്ചന മുതലായവ നടത്തി പതിതരായിപ്പോകുന്ന ഭാഗ്യംകെട്ടവരും ഈ സ്കൂളിലെ വിദ്യാൎത്ഥികളായി വന്നുചേരുന്നു എന്നു പറഞ്ഞാൽ ഇതര വിദ്യാൎത്ഥികളെപ്പോലെ ഒരു സുപ്രഭാതത്തിൽ ശുഭ്രവസ്ത്രങ്ങളും ധരിച്ചു രക്ഷകത്താവിനോടൊന്നിച്ചു് ആഹ്ലാദപൂൎവ്വം മന്ദസ്മിതംചെയ്തുകൊണ്ടു സ്കൂളിൽ വന്നുചേരുകയാണെന്നു ധരിക്കരുതു്. ചെയ്തുപോയ കുററങ്ങളെക്കുറിച്ചു് ഒന്നാംക്ലാസ്സു്മജിസ്ത്രേട്ടധികാരമുള്ള ഒരു ന്യായാധിപന്റെമുമ്പിൽ വിചാരണകഴിഞ്ഞു സ്വഭാവശുദ്ധീകരണത്തിനായി അദ്ദേഹത്തിന്റെ ഉത്തരവുസഹിതം, പോലീസുകമ്പടിയോടുകൂടി സ്കൂളിൽ പ്രവേശിപ്പിക്കുകയെന്നതാണു യഥാൎത്ഥത്തിൽ സംഭവിക്കുന്നതു്. തെരുവീഥികളിൽ അലഞ്ഞുതിരിഞ്ഞു്, മോഷണം, അടിപിടി ഇവ നിത്യത്തൊഴിലുകളാക്കി, സ്വതന്ത്രരായി വിഹരിച്ചുവന്നവരായിരിക്കും ഇവരിൽ അധികംപേരും. ബാല്യത്തിൽത്തന്നെ ഉദരപൂരണത്തിനായി കണ്ടവന്റെ ദാസ്യവൃത്തിയിലേപ്പെട്ടു്, അടിയും അൎദ്ധപ്പട്ടിണിയും ആയി കഴിയാൻ നിൎബന്ധിതരാകുന്ന 'Domestic Servants' ആണു് ഇനിയൊരുകൂട്ടർ. അതാതു ഗൃഹങ്ങളിൽ സംഭരിക്കപ്പെടുന്ന മധുരപലഹാരങ്ങൾ, ലഹരിസാധനങ്ങൾ, മററു സുഖാനുഭോഗങ്ങൾ ഇവ വേലയ്ക്കുനിൽക്കുന്ന "ചെറുക്കനു്" സ്പൎശിക്കാൻപോലും നൽകാതെ പ്രശസ്താതിഥികളും, ധനികസന്താനങ്ങളുംമാത്രം അനുഭവിക്കുന്നതുകണ്ടു നാക്കിൽ വെള്ളമൂറി സഹിക്കവയ്യാതാകുമ്പോൾ മോഷ്ടിച്ചു തിന്നുതുടങ്ങുന്നവരാണു്, ഈ "വേലക്കാരൻ ചെറുക്ക"ന്മാരിലധികവും. അഥവാ പലഹാരങ്ങൾ മുതലായവ മോഷ്ടിക്കാൻ സാദ്ധ്യമല്ലാതെ വന്നാൽ അവ വാങ്ങിത്തിന്നാനുള്ള പണമോ, പണമല്ലെങ്കിൽ പണ്ടമോ, മോഷ്ടിക്കുന്നതിനായിരിക്കും അവരുടെ അടുത്ത ശ്രമം. ഈ കൂട്ടരെ ചീത്തയാക്കുന്നതു പരിതഃസ്ഥിതികളാണെന്നുള്ളതു സ്പഷ്ടമാണല്ലോ. പാൽ, പലഹാരം മുതലായവയുടെ സ്വാദു് ഭൃത്യഗണങ്ങളിൽ ആരെങ്കിലും ഒരിക്കൽ അറിഞ്ഞുപോയാൽ പിന്നീടൊഴിച്ചുകൂ

വൻ കൊതിമൂത്തു മോഷണം തുടങ്ങുമെന്നുള്ള കാരണത്താൽ വല്ലപ്പോഴും ഈ വിശിഷ്ടസാധനങ്ങൾ അധികം വന്നാൽതന്നെയും, കുഴിച്ചുമൂടുകയോ, നശിപ്പിച്ചുകളകയോ ചെയ്യുന്ന ഗൃഹനായികമാരും വിരളമല്ല.

നിസ്സാരമായ കുററങ്ങൾക്കുപോലും മൃഗീയമായ കായികശിക്ഷ നൽകുക, ജീവജന്തുക്കളെ വേലക്കാരായകുട്ടികളെക്കൊണ്ടു കൊല്ലിക്കുക, തൊട്ടതിനും, പിടിച്ചതിനും ക്കൈആഭാസമായി അവരെ ശകാരിക്കുക ഇങ്ങനെ പല അനുഭവങ്ങളാണു്, ക്രൂരത, അധികാരികളോടുള്ള വെറുപ്പു്, എന്തും പറയുന്നതിനും പ്രവൎത്തിക്കുന്നതിനുമുള്ള സന്നദ്ധത തുടങ്ങിയ സ്വഭാവവൈകല്യങ്ങൾ ഈ കുട്ടികൾക്കു സമ്പാദിച്ചുകൊടുക്കുന്നതു്.

ഇപ്രകാരം കായികമായും മാനസികമായും വളരെ അധഃപതിച്ചുപോയ കുട്ടികളെ പോലീസ് ലാക്കപ്പിൻെറ അനുഭവങ്ങൾക്കൂടി പഠിപ്പിച്ചുകഴിഞ്ഞാണു്, ഈ സ്ഥാപനത്തിലേക്കു കൊണ്ടുവരുന്നതു്. പന്ത്രണ്ടു വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണു് ഇങ്ങോട്ടയയ്ക്കുന്നതു്. ഇവിടെ വന്നുചേൎന്നാൽ കുറഞ്ഞതു മൂന്നു വൎഷമെങ്കിലും, ഒരു കുട്ടി ഇവിടെ പഠിക്കണമെന്നതു നിയമം അനുശാസിക്കുന്ന ഒന്നാണു്.

ഒരു ചുമടു ദുശ്ശീലങ്ങളും, അശ്ലീലങ്ങളായ സംഭാഷണശൈലികളും, ആരുടെ മുതലും തൻേറതാക്കുന്നതിനെന്തുമാൎഗ്ഗവും സ്വീകാൎയ്യമാണെന്നും മററുമുള്ള പല നൂതന 'ഇസ'ങ്ങളുടെ സിദ്ധാന്തബോധവും, കൈക്കൊണ്ടു് ഒരുമാതിരി ഭയങ്കരന്മാരായിത്തീൎന്നതിനുശേഷമാണു്, ഈ സമുദായഭ്രഷ്ടർ ഇവിടെ എത്തുന്നതു്. ഇവിടെ വന്നുചേൎന്നാൽ ഒരു പത്തുദിവസത്തേക്കെങ്കിലും, അവനെ പ്രത്യേകം സൂക്ഷിക്കയാണു പതിവു്. മെഡിക്കലാഫീസരുടെ നിൎദ്ദേശാനുസരണം, ... ന്നുകളെയെല്ലാം ഔഷധങ്ങൾകൊണ്ടും, പരിചരണംകൊണ്ടും, നശിപ്പിച്ചു്, സാംക്രമികരോഗാണുക്കൾ ഒന്നും അവനിൽ ശേഷിക്കുന്നില്ലെന്നു ബോധമായതിനുശേഷമേ, അവനെ മററു കുട്ടികളോടൊന്നിച്ചു പെരുമാറാൻ അനുവദിക്കാറുള്ളു.

മുമ്പു് "റഫർമെററി സ്ക്കൂൾ" എന്നറിഞ്ഞുവന്ന ഈ സ്ഥാപനത്തിൻെറ ഇന്നത്തെ നാമധേയം "സർട്ടിഫൈഡ് സ്ക്കൂൾ" എന്നാണു്. Reformatory എന്നുള്ള പദത്തിൽ ചീത്തസ്വഭാവക്കാരാണു് സ്ക്കൂളിലെ അന്തേവാസികളെന്നു് ഒരു ധ്വനിയുണ്ടെന്നും, കുററക്കാരെന്നോ സ്വഭാവദൂഷ്യം ഭവിച്ചവരെന്നോ ഉള്ള ധ്വനിപോലും അവരുടെ സംസ്കരണത്തിനും, സ്വഭാവശുദ്ധീകരണത്തിനും, ബാധകമായേക്കാമെന്നുമുള്ള വിദഗ്ദ്ധാഭിപ്രായഫലമായിട്ടാണു്, സ്ക്കൂളിൻെറ പേരുപോലും നിയമംമൂലം മാററിക്കളഞ്ഞതു്. ഇതിൽനിന്നും ഒരു സംഗതി വ്യക്തമാണല്ലോ. എന്തു കുററംചെയ്തവനായാലും, പ്രായപൂൎത്തിവരാത്ത ഒരു കുട്ടിയെ കുററക്കാരനായി ഗണിക്കാൻ പാടില്ലെന്നും, അവനെ കുററങ്ങൾക്കു പ്രേരിപ്പിച്ച വ്യവസ്ഥിതിയും ചുററുപാടുകളുമാണു് അവഹേളനത്തെ അർഹിക്കുന്നതെന്നുമുള്ള നവീനസിദ്ധാന്തം, ആധുനികലോകം അംഗീകരിച്ചിരിക്കുന്നു എന്നുള്ളതാണു് ആ സംഗതി. ഇവിടെവന്നുചേരുന്ന കുട്ടികളുടെ സ്വഭാവശുദ്ധീകരണത്തിനും, വിദ്യാഭ്യാസത്തിനും, അവരിൽ ഓരോരുത്തനെയും 'തനിക്കുതാൻ പോരുന്നവനാക്കി'ത്തീൎക്കുന്നതിനും ഈ സ്ഥാപനത്തിൽ ചെയ്തിട്ടുള്ള ഏൎപ്പാടുകളെക്കുറിച്ചു സമഷ്ടിയായി പ്രതിപാദിച്ചുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കാം.

വെളുപ്പിനു് ഒഞ്ചു മണിക്കു കുട്ടികളെ മുറികൾ തുറന്നു വെളിയിൽ കൊണ്ടുവരും. പ്രാൎത്ഥനയ്ക്കുശേഷം ദിനചൎയ്യകൾക്കായി അവർ പോകുന്നു. പരിഷ്കൃതവും ആരോ

ഗൃകരവുമായി പണിയിച്ചിട്ടുള്ള **Flush outs**-ം, **shower baths**-ം ആണു് അവരുടെ ഉപയോഗത്തിനു സജ്ജമാക്കിയിട്ടുള്ളതു്. ഇവയുടെ ശുദ്ധീകരണത്തിനായി പ്രത്യേകം ഒരു തോട്ടിയേയും നിയമിച്ചിട്ടുണ്ടു്.

ന്ന മണിക്കു കഞ്ഞിയും ചെറുപയറും ആഹാരമായി നൽകുന്നു. പിന്നീടു് ൻൽ മണിവരെ തോട്ടത്തിൽ എല്ലാ വിദ്യാർത്ഥികളും ജോലിചെയ്യണമെന്നുള്ളതു നിർബ്ബന്ധമാണു്. സ്കൂൾകെട്ടിടവും പരിസരങ്ങളും ത്തുത്ത വൃത്തിയാക്കുന്ന ജോലിയും അവർ തന്നെയാണു ചെയ്യേണ്ടതു്. ഏകദേശം, വ്യ-ഏക്കർ സ്ഥലത്തോളം സ്ഥാപനത്തിന്റെവക കൃഷിസ്ഥലമായുണ്ടു്. ഇവയിൽ കുറെ സ്ഥലം ഓരോ പ്ലാട്ടുകളായിത്തിരിച്ചു് ഓരോ വിദ്യാർത്ഥിക്കായി വഴുതന, വെണ്ട മുതലായവ കൃഷികൾചെയ്യുന്നതിനു വിട്ടുകൊടുത്തിരിക്കുന്നു. ബാക്കിസ്ഥലത്തു് തെങ്ങു്, വാഴ, മരച്ചീനി മുതലായവ കൃഷിചെയ്യുന്നു. പ്രസ്തുത ജോലി എല്ലാവരുംകൂടി ആണു ചെയ്യുന്നതു്. കൃഷി ശാസ്ത്രീയരീതിയിൽ അഭ്യസിപ്പിക്കുന്നതിനു് ഒരു അദ്ധ്യാപകൻ ഉണ്ടു്.

കൃഷിജോലികൾ കഴിഞ്ഞുവന്നാൽ എല്ലാവരും എണ്ണതേച്ചു കുളിക്കുന്നു. പത്തു മണിക്കു് ഊണുകൊടുക്കും. ശരീരത്തിനാവശ്യമായ എല്ലാ ജീവകങ്ങളും ലഭിക്കത്തക്കരീതിയിലും, അളവിലും, സസ്യം, മത്സ്യം മുട്ട, മാംസം ഇവ മാറിമാറി ഊണിനുണ്ടായിരിക്കും. വലിയ വയറന്മാർക്കു നല്ലതുപോലെ നിറയുന്ന കാര്യം കുറച്ചു വിഷമമാണെങ്കിലും, സാധാരണക്കാരന്റെ വളർച്ചയ്ക്കും ആരോഗ്യത്തിനും പററിയതാണു് ആഹാരക്രമം.

ഊണുകഴിഞ്ഞാൽ വിദ്യാർത്ഥികളെ രണ്ടു സെറവുകളായിത്തിരിക്കുന്നു. ഒരു കൂട്ടർ അവരുടെ നിർദ്ദിഷ്ടക്ലാസ്സുകളിലേക്കു സാധാരണവിദ്യാഭ്യാസത്തിനും, മററവർ അവരവരുടെ അഭിരുചിയനുസരിച്ചു്, തെരഞ്ഞെടുത്തിട്ടുള്ള സാങ്കേതികവിഷയം പഠിക്കുന്നതിനായി അതാതിനു സജ്ജമാക്കിയിട്ടുള്ള പ്രത്യേകശാലകളിലേക്കും പോകുന്നു. നെയ്ത്തു്, അച്ചടി, ബയൻറിംഗ്, ആശാരിപ്പണി ഇവയാണു് ഇപ്രകാരം പ്രത്യേകം പഠിപ്പിക്കുന്ന സാങ്കേതികവിഷയങ്ങൾ. ഇവയിൽ ഓരോന്നും പഠിപ്പിക്കുന്നതിനു വിദഗ്ദ്ധന്മാരായ അദ്ധ്യാപകന്മാരും ആധുനികസജ്ജീകരണങ്ങളടങ്ങിയ തൊഴിൽശാലകളുമുണ്ടു്.

ഒരുമണിക്കു് ലഘുഭക്ഷണം നല്കുന്നു. അതിനുശേഷം ആദ്യം ക്ലാസ്സുകളിൽ പോയവർ തൊഴിൽശാലയിലേക്കും, ആദ്യം തൊഴിൽശാലയിലേക്കു പോയവർ ക്ലാസ്സുകളിലേക്കും പോകുന്നു. ക്ലാസ്സദ്ധ്യാപനത്തിനു്, പ്രൈമറിക്ലാസ്സുകളുള്ള ഒരു മിഡിൽസ്കൂളാണുള്ളതു്. ഇപ്രകാരം സ്കൂളിലും തൊഴിൽശാലകളിലും ഒരു **shift** രീതിപ്രകാരം എല്ലാ കുട്ടികൾക്കും അഭ്യസനം ലഭിക്കുന്നു. കഴിഞ്ഞവർഷം ഈ സ്കൂളിൽ നിന്നും മിഡിൽസ്കൂൾപരീക്ഷയ്ക്കു ചേന്നിരുന്ന രണ്ടു വിദ്യാർത്ഥികളും വിജയികളായി. ഇവരുടെ രണ്ടുപേരുടേയും പഠിത്തത്തിലുള്ള ജാഗ്രതയും സ്വഭാവപുരോഗതിയും പരിഗണിച്ചു്, അവരുടെ കാലാവധിക്കുമുമ്പുതന്നെ അവരെ ഗവമ്മെൻറനുവാദപ്രകാരം സ്വതന്ത്രരാക്കി വിടുകയും ചെയ്തു.

വൈകിട്ടു ർൽ മണിമുതൽ ൬ൽ മണിവരെ വീണ്ടും തോട്ടത്തിൽ വെള്ളംകോരുക മുതലായ ജോലികൾ ചെയ്യണം. ൬ൽ മണിക്കു ദേഹശുദ്ധിവരുത്തി ഭക്ഷണംകഴിക്കുന്നു. പ്രാർത്ഥനയ്ക്കുശേഷം ന്ന മണിക്കു് വിദ്യാർത്ഥികളെ മുറികളിലാക്കി പൂട്ടുന്നു. വിശാലവും, വൃത്തിയുമുള്ള മുറികളിൽ, എല്ലാജനലുകളും തുറന്നിട്ടു്, ആലക്തികദീപങ്ങളുടെ കീഴിലിരുന്നു് വായിച്ചും കഥപറഞ്ഞും, വ്യൾ മണിവരെ അവർ കഴിച്ചുകൂ

ട്ടുന്നു. പിന്നീട്ട് അവരുടെ പായും, പുതപ്പും വിരിച്ച് സുഖമായുറങ്ങുന്നു.

സ്ഥാപനത്തിനുവെളിയിൽ പോകുന്ന എല്ലാഅവസരത്തിലും, മേൽനോട്ടത്തിന് ഗാർഡന്മാർ ഉണ്ടായിരിക്കുമെന്നുള്ളതൊഴിച്ചാൽ ഒരു തടവുജീവിതത്തിന്റെ യാതൊരു ലാഞ്ഛനയും ഇല്ലാതിരിക്കാൻ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. അബദ്ധത്തിൽ കുമാർഗ്ഗങ്ങളിലേക്കു തിരിഞ്ഞുപോയ കുട്ടികളെ സന്മാർഗ്ഗബോധമുള്ള പൗരന്മാരാക്കിത്തീർക്കാൻ കഴിയുമെന്നുള്ള വിശ്വാസത്തോടുകൂടിയാണ്, സ്ഥാപനത്തിലെ അധികൃതന്മാർ പ്രവർത്തിക്കുന്നതു്. സാധാരണവിദ്യാലയങ്ങളിലെ ശിക്ഷാക്രമങ്ങളിൽ കവിഞ്ഞുള്ള യാതൊന്നിനും, ഈ സ്ഥാപനത്തിലും സ്ഥാനമില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്.

സംഗീതത്തിൽ വാസനയുള്ളവർക്ക് അഭ്യസനംനൽകുന്നതിന്, ഒരു Part-time ഭാഗവതരുണ്ടെന്നുള്ളതും, ഈ വിദ്യാലയത്തിലെ അന്തേവാസികൾക്കെല്ലാവർക്കും സ്കൗട്ടുപരിശീലനം നിർബ്ബന്ധിതമാണെന്നുള്ളതും, സ്ഥാപനത്തിന്റെ സ്തുത്യർഹങ്ങളായ പ്രത്യേകതകളാണല്ലോ.

ഈ വിദ്യാലയഭരണം വിദ്യാഭ്യാസഡയറക്ടർഅവർകളാണു നടത്തുന്നതു്. എന്നാൽ ഇതിന്റെ പ്രവർത്തനങ്ങളെ നിരീക്ഷണബുദ്ധ്യാ പരിശോധിച്ച്, അപ്പോഴപ്പോൾ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന്, ബഹു: ചീഫ്ജസ്റ്റീസിന്റെ അദ്ധ്യക്ഷതയിൽ, ഒരുപദേശകസമിതിയുണ്ട്. ഹൈക്കോടതിയിലെ ഒരു ജഡ്ജി, ഡിസ്ട്രിക്ടുമജിസ്ട്രേട്ട്, സർജിയൻജനറൽ, ഗവമ്മെൻറു നോമിനേററുചെയ്യുന്ന രണ്ടു അനുദ്യോഗസ്ഥമെമ്പറന്മാർ ഇവരടങ്ങിയ പ്രസ്തുത സന്ദർശകസമിതിയുടെ ഓണററി സെക്രട്ടറി ഡയറക്ടർ ആകുന്നു.

വഴിതെററിപ്പോകുന്ന കുഞ്ഞുങ്ങളെ സന്മാർഗ്ഗപഥത്തിലേക്കു കൊണ്ടുവന്ന്, അവർക്ക്, വിദ്യാഭ്യാസവും, സാങ്കേതികപരിശീലനവും നൽകുന്നതിന്, ഗവമ്മെൻറിന്റെ പരിപൂർണ്ണചെലവിലും, രാജ്യത്തിലെ പ്രശസ്തന്മാരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിലും നടത്തിവരുന്ന ഈ സ്ഥാപനത്തിൽ, തങ്ങളുടെ നിയന്ത്രണത്തിനധീനമാകാത്ത കുട്ടികളെ രക്ഷകർത്താക്കൾതന്നെ കോടതിയിലപേക്ഷ കൊടുത്തു്, പ്രവേശിപ്പിക്കുന്നതും, അപ്രകാരം പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾ, മൂന്നോ നാലോ വർഷങ്ങൾകൊണ്ട് സൽസ്വഭാവികളായി പരീക്ഷകളും ജയിച്ച് വെളിയിൽപോകുന്നതും, അസാധാരണസംഭവങ്ങളല്ലാതായിത്തീർന്നിട്ടുണ്ട്.

ഈ സ്ഥാപനത്തിന്റെ ഭരണത്തിലും, കുട്ടികളും അധികൃതന്മാരുമായുള്ള പെരുമാററത്തിലും, അന്യൂനമായി പാലിക്കപ്പെടുന്ന അച്ചടക്കവും പരസ്പരസഹായസന്നദ്ധതയും അന്യാദൃശങ്ങളെന്നുതന്നെപറയാം. കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതോടൊപ്പം, അവരുടെ സ്വഭാവരൂപവൽക്കരണത്തിൽ അതിസൂക്ഷ്മമായി ശ്രദ്ധിക്കുന്നതിനും, ജീവിതായോധനത്തിനുപകരിക്കുന്ന ഏതെങ്കിലുമൊരുതൊഴിൽകൂടി അവരെ പഠിപ്പിക്കുന്നതിനും സാധിക്കുന്നതാണെന്ന് ഈ സ്ഥാപനം നിസ്സന്ദേഹമായി തെളിയിക്കുന്നുണ്ട്.

# "ഞാൻ"

നാഗവള്ളിൽ, ആർ. എസ്. കുറുപ്പ്.

[നൂററാണ്ടുകളിലൂടെയുള്ള മനുഷ്യൻെറ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയപുരോഗതിയുടെ സമഗ്രമായ ഒരു ചിത്രം ആത്മകഥാകഥനരീതിയിൽ നല്കുന്ന ഒരു ലേഖനപരമ്പരയിലെ പ്രഥമലേഖനമാണിതു്. നരവംശചരിത്രം ലളിതമായ രീതിയിൽ കലാസുഭഗതയോടെ ചിത്രീകരിക്കുവാനുള്ള ഈ ശ്രമം വിദ്യാർത്ഥികൾക്കും പ്രായമായവർക്കും ഒരുപോലെ രസപ്രദമായിരിക്കുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ ഈ ലേഖനപരമ്പര തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നു. പത്രാധിപർ]

## പ്രാരംഭം

ഞാൻ! —ഞാനാരാണെന്നറിയാമോ? അനന്തശക്തികളുടെ സമാഹാരമാണു്! സൃഷ്ടിയുടെ വിജയവൈജയന്തിയാണു്; നൂററാണ്ടിലൂടെയുള്ള ലോകപുരോഗതിയുടെ ചിഹ്നമാണു്. ലോകത്തിലെ മഹാത്ഭുതമായ മനുഷ്യനാണു്! എൻെറ ആകാരം കാഴ്ചയിൽ ലഘുവെങ്കിലും യഥാർത്ഥത്തിൽ ഗുരു തന്നെയാണു്. ഭീമാകാരമുള്ള മററു മൃഗങ്ങളെ വെല്ലത്തക്ക വീര്യവും കഴിവും അതിനുള്ളിൽ അടങ്ങിയിട്ടുണ്ടു്. ആനയെ നെഞ്ചത്തുകയററിയിറക്കുവാനും സിംഹവുമായി മല്ലടിച്ചു ജയിക്കുവാനും എനിക്കു കഴിയും; കഴിഞ്ഞിട്ടുണ്ടു്. മണിക്കൂറിൽ നാലൂറുമൈൽവേഗത്തിൽ പായുന്ന തീവണ്ടിയും മോട്ടോർകാറും പിടിച്ചുനിർത്തുവാൻ എൻെറ കരങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്. കാരിരുമ്പിൻചങ്ങലകളുടെ ബന്ധനം തകർക്കുവാനും, ഉരുക്കുരുക്കുന്ന തൈലങ്ങളുടെ നശീകരണശക്തിയെ ചെറുത്തുനില്ക്കുവാനും എൻെറ ശരീരത്തിനു സാധിക്കും. എന്തിനേറെ? കായികബലത്തിൻെറ പരകോടിയെ പ്രാപിക്കുവാനുള്ള കഴിവു് എൻെറ ശരീരത്തിനുണ്ടു്. എന്നാൽഅതല്ല എൻെറ മഹത്വം. വിശ്വത്തെ മുഴുവൻ വെല്ലുവിളിക്കുവാനുള്ള ശക്തി എനിക്കു നല്കുന്നതു് എൻെറ ശരീരമല്ല; മനസ്സാണു്. മനസ്സു്! മറെറാരു ജീവിക്കും ലഭിച്ചിട്ടില്ലാത്ത ആ മഹാസിദ്ധി! അതു് എന്തെന്തു സാധിച്ചിട്ടില്ല!

സ്രഷ്ടാവും സംഹർത്താവുമാണതു്. ആഴിയുടെ ആഴത്തിലേയ്ക്കിറങ്ങുവാനും അംബരദേശത്തിലൂടെ സവാരിചെയ്യുവാനും ആയിരമായിരം മൈലുകൾക്കപ്പുറത്തുള്ളവരുമായി സ്വൈരസല്ലാപത്തിലേർപ്പെടുവാനുമുള്ള സൗകര്യം അതെനിക്കു നല്കി. കാലദേശാതിർത്തികളെ കവച്ചുവെയ്ക്കുവാനുള്ള കരുക്കൾ എനിക്കു നല്കി. മാത്രമോ? പ്രപഞ്ചസൗന്ദര്യത്തെ വെല്ലുവിളിക്കുന്ന സുന്ദരവസ്തുക്കൾ സൃഷ്ടിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. പഞ്ചമംപാടുന്ന കുയിലിനോടു കിടപിടിക്കത്തക്ക സംഗീതവും പ്രകൃതിയിലെ വർണ്ണവിശേഷങ്ങളെ വെല്ലുവിളിക്കുന്ന ചിത്രകലയും ഇളംകാററിലാടുന്ന ലതകളുടെ ചലനസൗന്ദര്യത്തോടുതുല്യമായ ലാസ്യവും മനമിളക്കുന്ന അനുഭൂതികളുടെ ആകെത്തുകയായ സാഹിത്യവും എല്ലാം എൻെറ മനസ്സിൻെറ മഹാസൃഷ്ടികളാണു്. നശ്വരമായ ഈ പ്രപഞ്ചത്തിലെ പലതും എൻെറ കലയിലൂടെ അനശ്വരത്വം വരിക്കുന്നു. നിമിഷാർദ്ധത്തിനിടയിൽ പ്രത്യക്ഷപ്പെട്ടു് അന്തർദ്ധാനംചെയ്യുന്ന കൊള്ളിയാനും, അല്പസമയത്തിനുള്ളിൽ നിശയുടെ കൂരിരുളിൽ

# മച്ചിപ്പശു

പൊൻകുന്നം വർക്കി

യാതനകളിൽക്കൂടി ആ കൂട്ടുകുടുംബം മുമ്പോട്ടു പോയി. അന്യരുടെ പ്രയത്നഫലം വെറുതേയിരുന്നു തിന്നുതീർക്കുന്ന കാരണവർ; അംഗങ്ങളെ തമ്മിത്തല്ലിച്ചു ആദായം അപഹരിച്ചുകൊണ്ടിരുന്ന കാര്യസ്ഥൻ; കുടുംബത്തോടു കൂറില്ലാതെ കാര്യസ്ഥനു കോടാലിക്കൈകളായിത്തീർന്നുകൊണ്ടിരുന്ന കുറെ ഉദ്യോഗജീവികൾ; അവരുടെ വിശപ്പടക്കുവാൻ അറുതിയില്ലാതെ പാടുപെട്ടുകൊണ്ടിരുന്ന കൃഷീകൻ; അദ്ധ്വാനശീലനായ തൊഴിലാളി—ഇതായിരുന്നു ആ കുടുംബം.

കിഴക്കൻമലകളുടെ മുകളിൽ കതിരോൻ ഉയർന്നുതുടങ്ങുമ്പോൾ കൃഷീകൻ വയലിലായിരിക്കും. ഭൂമിയുടെ വിരിമാറിൽ മരതകപ്പച്ച വച്ചുപിടിപ്പിക്കുന്ന യാഗത്തിൽ വിയർപ്പൊഴുകുന്ന ശരീരത്തോടുകൂടി ആ ഹോതാവിനെ അവിടെ കാണാറാകും. മൊട്ടിട്ടുനില്ക്കുന്ന ചെടികളുമായി അയാൾ അഭിമുഖസംഭാഷണം നടത്തും. പൂക്കളിൽനിന്നു മൂളിപ്പറക്കുന്ന വണ്ടുകളിൽക്കൂടി അയാളുടെ കണ്ണുകൾ ആകാശത്തേക്കുയരും. ചൂടാറുന്നതിനുള്ള ജലഭാരത്തോടുകൂടി ഗർജ്ജിച്ചടുക്കുന്ന മേഘനിരകളെക്കണ്ടു മയിലിനെ

---

മറഞ്ഞുപോകുന്ന സന്ധ്യയുടെ തുടുത്ത മുഖവും, ബാലഭാസ്കരന്റെ ആഗമനത്തിനായി വിരിച്ചിട്ട പീതവസ്ത്രമെന്നോണം പൂർവ്വദിക്കിൽ പ്രത്യക്ഷപ്പെടുന്ന വർണ്ണവിശേഷവും എല്ലാം അനശ്വരമാക്കുവാൻ എനിക്കുമാത്രമേ കഴിയൂ.

ഇതെല്ലാം എന്റെ മനസ്സിന്റെ സൃഷ്ടിശക്തിയുടെ മഹാലക്ഷ്യങ്ങളാണു്. എന്നാൽ അതേസമയത്തുതന്നെ മഹാനഗരങ്ങളെ ഞൊടിയിടയിൽ ചുട്ടു ചാമ്പലാക്കുവാനും ലക്ഷോപലക്ഷം ജീവരാശികളെ നിമിഷാർദ്ധംകൊണ്ടു് നിശ്ശേഷം നശിപ്പിക്കുവാനുമുള്ള മാർഗ്ഗങ്ങളും അതു കണ്ടുപിടിച്ചിട്ടുണ്ടു്. പടിഞ്ഞാട്ടോ കിഴക്കോട്ടോ തെക്കോട്ടോ, വടക്കോട്ടോ നോക്കൂ! തകർന്നു തരിപ്പണമായ സാമ്രാജ്യങ്ങൾ, നിലംപററിപ്പോയ മഹാനഗരങ്ങൾ, കൂമ്പാരം കൂടിക്കിടക്കുന്ന കബന്ധങ്ങൾ, എല്ലാം എന്റെ നശീകരണസാമർത്ഥ്യത്തിന്റെ നശിക്കാത്ത ലക്ഷ്യങ്ങളാണു്! അതാണു് ഇന്നത്തെ ഞാൻ! സൃഷ്ടിയുടേയും സംഹാരത്തിന്റേയും സമ്മിളിതപ്രാഭവത്തോടുകൂടിയവൻ. ദേവന്റേയും രാക്ഷസന്റേയും സംയോജനഫലം! പക്ഷേ ഞാനീനിലയിലെത്തുന്നതിനു് നിരവധി നൂററാണ്ടുകളിലൂടെയുള്ള അനസ്യൂതമായ പുരോഗതി വേണ്ടിവന്നു. അതൊരു മഹാചരിത്രമാണു്. അത്യത്ഭുതമായ ഒരു നീണ്ട കഥ! വിയർപ്പിലും രക്തത്തിലും കണ്ണീരിലും കുതിർന്ന ഒരു കഥ. ലോകത്തിലെ ഏററവും വലിയ കഥ.

അതു സവിസ്തരം പറയുകയെന്നതു് ലഘുവായൊരു കാര്യമല്ല. എങ്കിലും അതിലെ പ്രധാനസംഭവങ്ങൾ, ഞാൻ കടന്നുപോന്നിട്ടുള്ള വിവിധദശകൾ വിവരിക്കുവാൻ ഞാൻ ശ്രമിക്കാം.

പോലെ ആ നിർമ്മലഹൃദയം പുളകമണിയും. ശരീരത്തിന്റെ വിയർപ്പുകൊണ്ടു് ആ ത്യാഗശീലൻ വരണ്ട ഭൂമിയുടെ ദാഹം കെടുത്തും. നഖക്ഷതത്താൽ ഒരു കന്യകയോടെന്നപോലെ ആ ഏകാന്തകാമുകൻ ദേവതയുമായി പ്രേമലീല ആചരിക്കും. അയാളുടെ രക്തബന്ധമുള്ള സഹോദരനായ തൊഴിലാളിയാകട്ടെ അപ്പോൾ തന്റെ ഈടുററ കരങ്ങൾകൊണ്ടു് യന്ത്രങ്ങൾ കറക്കിക്കൊണ്ടിരിക്കയായിരിക്കും. ആ വയർ കത്തിക്കാളുന്നുണ്ടായിരിക്കും. വെള്ളമില്ലാത്ത ആ നാവു് വരളുന്നുണ്ടാവും. ചപലയായ ലക്ഷ്മിയെ പിടിച്ചുകെട്ടുവാൻ ഇടത്തും വലത്തുംനിന്നു അവർ പാടുപെടുകയാണു്. തഴമ്പേറുന്ന ആ കരങ്ങൾകൊണ്ടു പിടിച്ചാൽ അമരാത്ത ശക്തിയില്ല. പക്ഷേ എന്തുചെയ്യാം; അവർ വേദനിക്കാത്ത നാഴികയില്ല, കൊള്ളാത്ത വെയിലില്ല, ഏല്ക്കാത്ത മുള്ളില്ല, തുഴയാത്ത പുഴയില്ല, കയറാത്ത മലയില്ല, കരയാത്ത ദിവസങ്ങളുമില്ല.

ആ സഹോദരന്മാർ വയലിലും ഫാക്ടറിയിലുംനിന്നു പാടുപെടുമ്പോൾ മററവർ ചീട്ടുകളി തുടങ്ങും. റാണിക്കും രാജാവിനും തുറുപ്പുകളിൽ പ്രാഥമ്യമുള്ള ഒരുതരം കളി. ആ കളിയിൽ ഒരു റാണിക്കു എത്രയേറെ ഗുലാനെ വെട്ടിത്തള്ളാൻ കഴിയും. അവർ മടുത്തു. എത്രമാത്രം ക്ഷമിച്ചിട്ടും ആ നാടകം തീരുന്നമട്ടു കണ്ടില്ല. എത്രമാത്രം പാടുപെട്ടിട്ടും ആ കുടുംബത്തിനു് ഐശ്വര്യത്തിന്റെ ഉദയം കാണാൻ കഴിഞ്ഞില്ല.

പെട്ടെന്നു് ചൂടുപിടിക്കുന്നതു് പെട്ടെന്നു തണുത്തുപോകും. വളരെത്താമസിച്ചു ചൂടുപിടിക്കുന്ന ഘടകങ്ങളായിരുന്നു ആ കൃഷകനും തൊഴിലാളിയും. അവർക്കു ചൂടുപിടിച്ചു. നല്ല ഒരു വെട്ടു് സമ്മാനമായി വാങ്ങിക്കൊണ്ടു് ഒരുദിവസം പ്രഭാതത്തിൽ ആരുമറിയാതെ കാര്യസ്ഥൻ സ്ഥലംവിട്ടു. കാർണവർ വിളിച്ചുപറഞ്ഞു. നിങ്ങളുടെ ഇഷ്ടം എന്തു് അതുതന്നെ എന്റെയും ഇഷ്ടം. നിങ്ങൾ എന്തായിരിക്കുന്നോ, ഞാനും അതായിത്തീർന്നിരിക്കുന്നു. ശക്തിയും മഹത്വവും നിങ്ങൾക്കുതന്നെ.

തെങ്ങിൽ, കരിക്കിൻകുലകളുടെ മുകളിലിരുന്നു് ഉപ്പൻ ശംഖനാദമുയർത്തി. അരുവികൾ കുരവയിട്ടു. യഥാർത്ഥത്യാഗികളുടെ വിജയവാർത്ത അറിഞ്ഞ ആഹ്ലാദത്താൽ ചെടികൾ തളിർത്തുപോയി.

അവർ ഒരു കറവപ്പശുവിനെ വാങ്ങി. നന്ദിനി. ആ വിലയിലെ ഓരോ കാശും കൃഷകന്റെയും തൊഴിലാളിയുടെയും പ്രയത്നഫലമായിരുന്നു. അവരുടെ വിയർപ്പിന്റെയും രക്തത്തിന്റെയും പരിണതഫലമായിരുന്നു. വയലുകളിൽ മേയുന്നതിനും, അരുവിയിൽനിന്നു ദാഹംതീർക്കുന്നതിനും നന്ദിനിക്കു സൗകര്യമുണ്ടായിരുന്നു. ഐശ്വര്യദേവതയായ ആ പശുവിനുചുററും ആളുകൾ കൂടി. അവർ അഭിനന്ദിച്ചു. പണക്കാരിൽ ചിലർ മുമ്പോട്ടുവന്നു. അവർ ആ പശുവിന്റെ കഴുത്തിൽ മാലകൾ ചാർത്തി. വീടിന്റെയും ദേവാലയത്തിന്റെയും യോഗശാലയുടെയും നടവാതുക്കൽനിന്നു് അവർ അതിനെ എതിരേററു.

“സ്നേഹിതന്മാരെ” അവർ അറിയിച്ചു. “നിങ്ങൾ ക്ലേശിക്കണമെന്നില്ല. നിങ്ങൾ വയലിലേക്കും ഫാക്ടറിയിലേക്കും പൊയ്ക്കൊൾക. നന്ദിനിയെ ഞങ്ങൾ നോക്കിക്കൊള്ളാം. മേൽപാടത്തെ പുല്ലും, അരുവിയിലെ ശുദ്ധജലവുംകൊടുത്തു ഞങ്ങൾ തന്നെ അതിനെ ശുശ്രൂഷിച്ചുകൊള്ളാം. നിങ്ങൾ ബുദ്ധിമുട്ടണമെന്നില്ല” നിയമജ്ഞന്മാർ, ബാങ്കുകാർ, ഡോക്ടറന്മാർ, എല്ലാവരും അവരിൽ ഉണ്ടായിരുന്നു.

കൃഷകൻ വയലിലേക്കുപോയി, തൊഴിലാളി ഫാക്ടറിയിലേക്കും. ഉദയാസ്തമയങ്ങളാകുന്ന ചിറകുകളിൽക്കൂടി കാലമാകുന്ന

# ആദർശമണ്ഡപം അഥവാ മോഹിനീഭാസ്കരൻ

ഗ്രന്ഥകർത്താ, ആർ. കെ പിള്ള, കച്ചേരിക്കുസമീപം, കൊല്ലം.

വില രൂ൦ ൧ ഫ—ഫർ—ർ.

പതിന്നാല് അദ്ധ്യായങ്ങളുള്ള ഒരു ചെറിയ നോവലാണ് ആദർശമണ്ഡപം. ഉത്തമമായ ലൗകികവിജയത്തിന്ന് ആത്മീയശക്തി അത്യന്താപേക്ഷിതമാണെന്നു ഗ്രന്ഥകർത്താവ് അഭിപ്രായപ്പെടുകയും ഗീതയേയുംമററും ആ മാർഗ്ഗത്തിൽക്കൂടി വ്യാഖ്യാനിച്ച്, അതു സാധൂകരിക്കയും ചെയ്യുന്നു. "മനുഷ്യൻ മൃഗമായിത്തീർന്നു എന്നു പറഞ്ഞാൽ മൃഗങ്ങൾകൂടി ലജ്ജിക്കും" എന്നു ശ്രീ: ജവഹരിലാൽനെഹ്റുവിനെക്കൊണ്ടു പോലും അഭിപ്രായപ്പെടുവിക്കത്തക്കവണ്ണം അത്രമാത്രം അധഃപതിച്ച ഈ ലോകത്തിലെ ദുരവസ്ഥയ്ക്കു പ്രധാനകാരണം ആത്മീയജ്ഞാനത്തിന്റെ അഭാവമാണെന്നു ഗ്രന്ഥകാരൻ അനുമാനിക്കയും അതിനു പരിഹാരമുണ്ടാക്കാതെ ഇതിൽനിന്നു കരകയറാൻ സാദ്ധ്യമല്ലെന്നു നിർദ്ദേശിക്കയും ചെയ്യുന്നുണ്ടു്. എവിടെയാണോ കൃഷ്ണാർജ്ജുനന്മാർ സമ്മേളിക്കുന്നതു് അവിടെയാണു് വിജയം സ്ഥിതിചെയ്യുന്നതു്. അതായതു് ആത്മീയജ്ഞാനവും ലൗകികജ്ഞാനവും എവിടെ ഏകീകരിക്കുന്നുവോ അവിടെ വിജയകേന്ദ്രം എന്നർത്ഥം. ഈ തത്വത്തിന്മേലാണു് ഭാസ്കരന്റെ ഗതി.

വർണ്ണാശ്രമധർമ്മപ്രകാരം മനുഷ്യസമുദായത്തെ നാലായിട്ടാണല്ലോ വിഭജിച്ചിരിക്കുന്നതു്. ഇതിൽ ഒന്നും രണ്ടും വിഭാഗക്കാരുടെപക്കൽ ലോകാധിപത്യം ഇരുന്നിരുന്നതായി ചരിത്രം സാക്ഷ്യംവഹിക്കുന്നു. മൂന്നാംവിഭാഗക്കാരായ വൈശ്യരുടെ (വ്യവസായികളുടെ) പക്കലാണു് ഇന്നു ലോകാധിപത്യം സ്ഥിതിചെയ്യുന്നതു്. അവരുടെപക്കൽനിന്നു് ശൂദ്രരുടെഅഥവാ തൊഴിലാളികളുടെപക്കലേക്കു ലോകം കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്നു. അതിന്റെ മാററൊലികളും മരണഗോഷ്ടികളുമാണു് ഇക്കാണുന്നതും, കേൾക്കുന്നതും. അവരുടെ പക്കലും ആധിപത്യം കുറേക്കാലം സ്ഥിതി

---

പക്ഷി മുമ്പോട്ടു പറന്നു. വയലിലിറക്കാൻ വിത്തില്ല, വളമില്ല, കലപ്പഎടുക്കാൻ മൂരികളില്ല; നിസ്സഹായനായ കർഷകൻ സ്തംഭിച്ചുപോയി. അയാളുടെ സഹോദരനാകട്ടെ ഫാക്ടറിയിൽ പണിയില്ല. പണിയുണ്ടെങ്കിൽതന്നെ കൂലിഇല്ല. വാറണ്ടും വിലങ്ങുമായി പോലീസുകാർ റോഡുനീളെ കറങ്ങുന്നു.

അവർ നന്ദിനിയുടെ അടുക്കൽചെന്നു. തിന്നുകൊഴുത്തു് അതു മച്ചിപ്പശുവായിത്തീർന്നു. പ്രസവത്തിനായി അതിനെ പണക്കാർ കൂട്ടമാററിക്കെട്ടിക്കൊണ്ടിരുന്നു. പുതിയ ഒരു കൂട്ടിൽ കെട്ടിനിർത്തിയശേഷം അവർ വിളിച്ചുപറഞ്ഞു: നിങ്ങൾ സംശയിക്കണമെന്നില്ല. ഇതു് അടുത്തദിവസംതന്നെ പ്രസവിക്കും.

ചെയ്യും. അതോടുകൂടി നേതൃത്വത്തിനു വേണ്ടിയുള്ള വടംവലികളും, ക്രമാതീതമായ ജനസംഖ്യാബാഹുല്യവും, മനുഷ്യനിൽ മൃഗീയതയുടെ വികാസവും, ദാരിദ്ര്യം രോഗം തുടങ്ങിയ വൈഷമ്യങ്ങളും, പ്രകൃതിയുടെ മാററവും മററുംകൊണ്ടു് സ്വൈരതയ്ക്കു വിഘാതം വന്നുകൊണ്ടിരിക്കും. അതിനും പുറമെ കാലപുരുഷൻെറ ഉത്തമാംഗം ബ്രാഹ്മണനും, പാദം ശൂദ്രനുമാണു്. മനനശീലം, ബുദ്ധി ഇവയുടെ ഇരിപ്പിടം തലയുമാണല്ലോ. പാദം തലയെ ഭരിക്കുന്നസമയം തലയ്ക്കു് ഉണർവുണ്ടായി പാദത്തിൽനിന്നു് ആധിപത്യം സ്വീകരിച്ചുകൊള്ളും. ശൂദ്രവാഴ്ച കഴിഞ്ഞാൽ പരിവർത്തനക്രമം അനുസരിച്ചു് ബ്രാഹ്മണനാണു് ഭരിക്കേണ്ട അവകാശിയും. ആ വാഴ്ചക്കാലത്തെയാണു് ഈ പുസ്തകത്തിൽ അധികവും ചിത്രീകരിച്ചിട്ടുള്ളതു്. മഹാത്മാഗാന്ധിയും, ജവഹരിലാലുംമററും ചിത്രീകരിക്കുന്നതും ഇപ്രകാരമുള്ള ഒരു ലോകവ്യവസ്ഥിതിയെയാണു്. അണ്ണാമലരമണമഹർഷികളും, ശ്രീ: അരവിന്ദഘോഷിനും, നേതൃത്വംകൊടുക്കണമെന്നു് ശ്രീ ജയപ്രകാശനാരായൺ അഭിപ്രായപ്പെട്ടിട്ടുള്ളതും ഇവിടെ അർത്ഥവത്താണു്. നേതൃത്വത്തിനുവേണ്ടി വെമ്പൽകൊണ്ടു് ഏതു നീചമാർഗ്ഗങ്ങളിൽകൂടിയും ആയതു കൈക്കലാക്കി മനുഷ്യരാശിയെ മർദ്ദിക്കുന്ന നേതാക്കന്മാരിൽനിന്നു് ലോകം ഒന്നുംതന്നെ പ്രതീക്ഷിക്കേണ്ടതായിട്ടില്ല. നിഷ്കാമകർമ്മികളും ത്യാഗിവര്യന്മാരും, ബ്രഹ്മചാരികളുമായ, നേതാക്കന്മാരെക്കൊണ്ടുമാത്രമേ ലോകത്തിനു് ആശ്വാസം ലഭിക്കുന്നതിനിടയുള്ളൂ. അതിനാലാണു് ആ മാർഗ്ഗങ്ങളിൽകൂടി ഭാസ്കരനെ ഗ്രന്ഥകർത്താവു നയിക്കുന്നതു്.

ഈശ്വരൻ പ്രകൃതിയിൽ അന്തർലീനമായിരിക്കുന്നു. അതിനാൽ പ്രകൃതിസേവ, സാധുജനസംരക്ഷണം, മാതൃഭൂമിയുടെ ഉദ്ധാരണം ഇവയൊക്കെയാണു് ഈശ്വരപൂജ എന്നു ഗ്രന്ഥകർത്താവു വ്യക്തമാക്കുന്നുണ്ടു്. രാഷ്ട്രീയകാര്യങ്ങളിൽകൂടി ആത്മീയനിർവ്വതിവരുത്താമെന്നാണു് ഗ്രന്ഥകാരൻ വേറൊരുവിധത്തിൽ നമ്മെ കാണിച്ചുതരുന്നതു്. അതിനു മകുടോദാഹരണം മഹാത്മജിതന്നെയാണല്ലോ.

ഭാസ്കരൻ, ഇന്നു ലോകചിന്തകന്മാരുടേയും രാഷ്ട്രമീമാംസാപടുക്കളുടേയും മസ്തിഷ്കത്തെ ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കുന്ന ഏകലോകവുംമററും സൃഷ്ടിച്ചു് അതിൻെറ അഗ്രാസനാധിപത്യത്തിൽ ഉപവിഷ്ടനായി ലോകസേവചെയ്യുന്നു. അവിടെ ജാതിമതഭേദങ്ങൾ ഒന്നുംതന്നെയില്ലെങ്കിലും ഭാവിക്ഷേമം ആശിച്ചു് എല്ലാ മതങ്ങളുടേയും സത്തായ ഭാഗങ്ങൾ കോർത്തിണക്കി, സത്യത്തിൽ അധിഷ്ഠിതമായ "സത്യമതം" എന്ന ഒരു നവീനമതം സൃഷ്ടിച്ചു് ഈശ്വരനെ ആരാധിക്കുന്നതിനു പഠിപ്പിച്ചു.

സത്യധർമ്മാദികൾ നിലനിന്നകാലത്തു ധനവാൻ ധനഹീനനെ സഹായിക്കണമെന്ന തത്വം ധർമ്മമായി അംഗീകരിച്ചിരുന്നു. മഹാത്മജി ആവശ്യപ്പെട്ടതുപോലെ ഒരു "ട്രസ്റ്റി" എന്ന നിലയ്ക്കാണു് ധനവാൻ ധനത്തെ സംരക്ഷിച്ചിരുന്നതു്. കൂട്ടുകൃഷിയും പഞ്ചായത്തും പണ്ടുതന്നെ ഗ്രാമങ്ങളിൽ നടപ്പുണ്ടായിരുന്നു. "പരോപകാരം പുണ്യം പാപം പരപീഡനം" എന്നു ആപ്തവാക്യം സകല പുരാണേതിഹാസങ്ങളും മുഴക്കിയിരുന്നു. അവയുടെ ലംഘനമാണു് ഈ ദുരവസ്ഥയ്ക്കു നിദാനം. ആ പഴയതുകൾ നിയമത്തിൻെറപേരിൽ അടിച്ചേല്പിക്കാനാണു് ആധുനികലോകം വെമ്പൽകൊള്ളുന്നതു്.

നായകനും നായികയും ഭാര്യാഭർത്തൃബന്ധത്തിലല്ലാ, സഹോദരീസഹോദരബന്ധത്തിലാണു് ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതെന്നൊരു വിശേഷത ഇതിനുണ്ടു്. ഭാസ്കരനും മോഹിനിയും ആദർശപരമായി ജീവിച്ചു ലൌകികത്തിലും ആത്മീയത്തിലും പരമോന്നതമായ നില

യിൽ എത്തിച്ചേരുന്നു. പുസ്തകത്തിലെ ഭാഷാരീതിയും ചെറിയ വാചകങ്ങളും ആശയങ്ങളും നന്നായിട്ടുണ്ട്. കഥാപാത്രങ്ങളുടെ പേരുകൾക്ക് ആത്മീയമായ വ്യംഗ്യാർത്ഥംകൂടിയുണ്ടെന്നു കാണാൻകഴിയും. ഭാവിയിൽ ആവിർഭവിക്കുമെന്നു വിശ്വസിക്കുന്ന സമത്വസുന്ദരമായ ആ ലോകത്തിൽനിന്നു വീക്ഷിക്കുമ്പോൾ ഇതിലെ ആശയങ്ങളുടെ യാഥാർത്ഥ്യം സാധാരണക്കാർക്കു കൂടുതൽ വ്യക്തമാകുന്നതാണു്. നൂതനമായ ഏതൊരാശയവും ആരംഭത്തിൽ വെറുപ്പും നിസ്സാരതയും ആവിർഭവിപ്പിച്ചിട്ടുള്ളതാണല്ലൊ. ആദർശമണ്ഡപത്തിലെ ആശയങ്ങൾ ഭാവിലോകത്തിനു വഴി തെളിക്കട്ടെ!

—:*:—

# അഹല്യ

ഗദ്യനാടകം

## ദ്വിജേന്ദ്രലാൽ റായി

വിവർത്തനം:–

ലേഡീവിദ്വാൻ മുതുകുളം പാർവ്വതിഅമ്മ.

പുരാണകഥകളിൽ വിശദമാകാതെ കിടക്കുന്ന തത്വങ്ങളെ ആധുനികചിന്താഗതി അനുസരിച്ചു വ്യാഖ്യാനിച്ചു് കവിയുടെ സ്വന്തം അഭിപ്രായങ്ങൾകൂടി കൂട്ടിക്കലർത്തി കാവ്യനിർമ്മാണംചെയ്യുന്ന പ്രസ്ഥാനത്തിൽ സുപ്രസിദ്ധവംഗസാഹിത്യകാരനായ ഡി. എൽ. റായി നിർമ്മിച്ചിട്ടുള്ള ഒരു ഗദ്യനാടകത്തിന്റെ വിവർത്തനമാണു് അഹല്യ. കഥാഗതിയിൽ അവസരോചിതമായ മാററങ്ങൾ നാടകകർത്താവു ചെയ്യുന്നുണ്ടു്. റായിയുടെ ഭാവനയിൽകൂടി കടന്നു പുറത്തുവരുന്ന പുരാണപാത്രങ്ങൾ ബാഹ്യഭാവത്തിൽ മാത്രമല്ല അന്തർഘടനയിലും മൂലപാത്രങ്ങളിൽനിന്നു വളരെദൂരം അകന്നുനില്ക്കുന്നു. സർവ്വാരാദ്ധ്യനും ബ്രഹ്മതേജോബലസമ്പന്നനുമായ പുരാണത്തിലെ ഗൗതമമഹർഷി ഒരു മദ്ധ്യാഹ്നസൂർയ്യനാണെങ്കിൽ നാടകത്തിൽ അദ്ദേഹം സാത്വികഗുണശീതളനായ ഒരു പൂർണ്ണചന്ദ്രനാണു്. അദ്ദേഹം ഒരു വൃദ്ധബ്രാഹ്മണൻ. സദാ ഈശ്വരധ്യാനത്തിൽ മുഴുകി ആർക്കും ഒരു ശല്യവും ചെയ്യാതെ ശത്രുവിനെപ്പോലും സ്നേഹിച്ചു അങ്ങനെ ആശ്രമത്തിൽ ജീവിക്കുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ അദ്ദേഹത്തെത്തന്നെ ഒരിക്കൽ ആക്രമിക്കാൻ ശ്രമിച്ച ഒരു കൊള്ളക്കാരനാണു്. ഗൗതമനെത്തന്നെ ഒരിക്കൽ കണിവെച്ചുപിടിക്കാൻ മുതിന്നു മിഥിലയിലെ ഒരു വാരസുന്ദരിയെ കൂട്ടിക്കൊണ്ടുവന്നു കൊള്ളക്കാരൻ ശിഷ്യന്റെ സഹധർമ്മിണിയായി ആശ്രമത്തിൽ താമസിപ്പിക്കുന്നു. കാലക്രമേണ അവരെ സംസ്കരിച്ചു മഹർഷി മനുഷ്യരാക്കിത്തീർക്കുന്നു. ഇത്ര ദയാലുവായ ഗൗതമനേയും വിധി വെറുതേവിടുന്നില്ല. അദ്ദേഹത്തിനു വയസ്സുകാലം. മദം പൊട്ടാറായിനില്ക്കുന്ന ആനയെപ്പോലെ നിയമശൃംഖലകളെപ്പൊട്ടിക്കാൻ തയാറെടുത്തുനില്ക്കുന്ന ഭാര്യ, ഒരു മത്തകാശിനി, അദ്ദേഹത്തെ സർവ്വദാ അലട്ടിക്കൊണ്ടിരിക്കുന്നു. "അങ്ങയുടെ ഈ ശിഥിലവും ജീർണ്ണവുമായ വാർദ്ധക്യത്തോടുകൂടി എന്റെ നവയൗവ്വനത്തെ എന്തിനാണു അങ്ങു വൃഥാ ബന്ധിച്ചുകളഞ്ഞതു്?" എന്നുവരെയായി സഹധർമ്മിണി. "ഞാൻ ഒരു ബ്രാഹ്മണനാണു്. പ്രേയസിയുടെ വസ്ത്രാഞ്ചലത്തിൽ സർവ്വദാ പിടിച്ചുതൂങ്ങിക്കിടക്കാൻ തയാറില്ല. സ്വന്തം കർത്തവ്യം മറക്കാൻ ഒരുക്കവുമില്ല." എന്നായിവൃദ്ധൻ. ഇങ്ങനെയായാൽ സംഭവഗതി എവിടെച്ചെന്നുചാടുമെന്നു ആണായിട്ടോ പെണ്ണായിട്ടോ പിറന്നവർക്കെല്ലാം ഊഹിക്കാവുന്നതാണല്ലോ. പുരാണത്തിലെ ദേവേന്ദ്രൻ ഒരു വിടപ്രഭുവാണു്. അല്പം രസിക്കണമെന്നല്ലാതെ വലിയ കടുംകൈകൾക്കൊ

ന്നിന്നും അദ്ദേഹം തയാറല്ല. മദ്യപാനിയും ഘാതകനും അശ്മഹൃദയനും കൃതഘ്നനും കണ്ണിൽ ചോരയില്ലാത്ത വനിതാദൂഷകനു മായിട്ടാണു് അദ്ദേഹം നാടകത്തിൽ പ്രത്യക്ഷനാകുന്നതു്. ഭൗതികചിന്തകളുടെ ആക്രമണങ്ങളെ ഭയന്നു ഗൗതമൻ കൈലാസത്തിൽപോയി തപസ്സുചെയ്യുന്നു. ഈ സന്ദർഭംനോക്കി ദേവേന്ദ്രൻ അടുത്തുകൂടുന്നു. വസന്തകാലത്തിന്റെ മായപ്പൊടിവിതറി അദ്ദേഹം ഗൗതമാശ്രമത്തെ അലങ്കരിക്കുന്നു. മോങ്ങാനിരുന്ന അഹല്യയുടെ മീതെ അദ്ദേഹം ഒരു മാങ്ങായായിവീഴുന്നു. കാമകോമരമായിത്തീൎന്ന അവൾ ഇന്ദ്രന്റെ പ്രേരണയ്ക്കു വശംവദയായി തന്റെ ഏക സന്താനത്തെ വധിച്ചിട്ടു ജാരനോടുകൂടി ഒളിച്ചോടി കൈലാസത്തിന്റെ മറെറാരു ഭാഗത്തു് ചെന്നുചേൎന്നു സ്വൈരവിഹാരം ചെയ്യുന്നു. ഏതാനുംവർഷങ്ങൾ കഴിഞ്ഞപ്പോൾ അഹല്യയുടെ മാംസപേശികളുടെ നിമ്നോന്നതസ്ഥിതിയിലും വൎണ്ണവൈവിധ്യത്തിലും വിരക്തനായ ഇന്ദ്രൻ അവളെ നീരുവററിയ കരിമ്പിൻചണ്ടിപോലെ ദൂരത്തെറിയുന്നു. കോപാന്ധയായ അഹല്യ കഠാരിഊരി ഇന്ദ്രനെ കുത്തി താഴെത്തള്ളിയിട്ടിട്ടു അവിടെനിന്നുമറയുന്നു. ബോധരഹിതനായിക്കിടക്കുന്ന ഇന്ദ്രനെ യാദൃച്ഛികമായി കാണുവാനിടയായ ഗൗതമൻ അയാളെ എടുപ്പിച്ചു ആശ്രമത്തിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു സുഖപ്പെടുത്തുന്നു. ഒടുവിൽ ഗൗതമനെ മനസ്സിലാക്കിയ ഇന്ദ്രൻ, ഒരു മൂക്കുപിഴിച്ചിലും കണ്ണുതിരുമ്മലുംകൊണ്ടു് പശ്ചാത്താപം അഭിനയിച്ചു ഗൗതമനിൽനിന്നു് മാപ്പുസമ്പാദിച്ചു് ഇതരപുഷ്പങ്ങൾ അന്വേഷിച്ചു ഭ്രമരഭ്രമണം അനുവൎത്തിക്കുന്നു.

ജാരപരിത്യക്തയായ അഹല്യ "മനസ്സാക്ഷി മരവിച്ച ഒരു ശിലാരൂപിണി"യായി പുരുഷദ്വേഷിണിയായി അങ്ങിങ്ങു അലഞ്ഞുതിരിഞ്ഞു വിജനമായ ഗൗതമാശ്രമത്തിൽ എത്തുന്നു. അവിടെവച്ചു രാമലക്ഷ്മണവിശ്വാമിത്രന്മാരെ കാണുന്നു. പന്ത്രണ്ടുവയസ്സുതികയാത്ത ബാലരാമന്റെ ഉപദേശംകേട്ടു ആടിത്തഴമ്പിച്ച അഹല്യയുടെ ശിലാഹൃദയം ദ്രവിച്ചു് അവൾ മനുഷ്യത്വം വീണ്ടെടുക്കുന്നു. രാമനിർദ്ദേശപ്രകാരം അവൾ ഗൗതമനെക്കണ്ടു് മാപ്പു ചോദിക്കുന്നു. പാവനഹൃദയനായ ഗൗതമൻ ഭാൎയ്യാപ്രീണനവിഷയത്തിൽ താൻ അഹല്യയോടു കാണിച്ച കൎത്തവ്യലോപത്തിൽ ഖിന്നനായി "പശ്ചാത്താപവഹ്നിയിൽ പാപക്കറ മുഴുവൻ ദഹിച്ചു് പരിശുദ്ധയായ" അഹല്യയെ പൂൎവ്വാധികം സ്നേഹിക്കുന്നു. ഇതാണുകഥാസാരം.

രാമൻ അഹല്യയെ ശാസിക്കുന്ന ചില ഭാഗങ്ങൾ വായനക്കാൎക്കു് പ്രയോജനപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. രാമൻ പറയുന്നു:—"ബ്രഹ്മാണ്ഡത്തിലെ സകല പ്രതികൂലശക്തികളും ഒരുമിച്ചു എതിരിടാൻവന്നാൽപ്പോലും ഒരു സ്ത്രീ അവളുടെ ജീവിതസർവ്വസ്വമായ വിശുദ്ധചാരിത്ര്യത്തിൽനിന്നു കടുകിടപോലും വ്യതിചലിക്കരുതു്." "പ്രലോഭനത്തിന്റെ കുരുക്കിൽപ്പെട്ടു് വിവേകശൂന്യയായി സ്വയം അധഃപതിച്ചിട്ടു് മററുള്ളവരെ പഴിക്കുന്നതുകൊണ്ടുഫലമെന്തു്? വിഷവൃക്ഷത്തിന്റെ വിത്തുവിതച്ചിട്ടു അതിൽനിന്നു് അമൃതഫലങ്ങൾ ലഭിക്കണമെന്നാശിച്ചാൽ സാധിക്കുന്നതാണോ? അതിനു് വിധിയെ കുററപ്പെടുത്തിയാൽ പ്രയോജനമുണ്ടോ?"

പുരാണസാഹിത്യത്തിലെ ഒരു കീറാമുട്ടിക്കു ആധുനികൎക്കു് സമ്മതമായവിധം വ്യാഖ്യാനംചമച്ചു് രസകരമായ ഒരു നാടകം രചിച്ചുതന്ന ഡി. എൽ. റായിയോടു നാം കൃതജ്ഞരായിരിക്കേണ്ടതാണു്; ഈ നാടകരസം നമുക്കുവേണ്ടി മലയാളത്തിലേക്കു പകൎന്നുതന്ന വിദുഷിയോടും.

കെ. കെ. നാ

## നന്ദിപൂർവ്വം സ്വീകരിച്ചു

## സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

1) ദക്ഷിണഭാരതി — രജതജൂബിലി പ്രസിദ്ധീകരണം
2) ദക്ഷിണഭാരതി ആഴ്ചപ്പതിപ്പുകൾ
3) സിനിമാമാസിക, കോട്ടയം
4) ശിവഗിരിമാസിക, വക്കല
5) കേരളജ്യോതിഷമാസിക, ആലപ്പുഴ
6) കർഷകൻ - മാസിക, കൊട്ടാരക്കര.
7) Vanchi Advertiser, Magazine Karamana, Trivandrum.
8) രസികൻ — മാസിക, ആററങ്ങൽ
9) ചിത്രഭാനു — മാസിക, ഹരിപ്പാട്
10) കലാനിധി — മാസിക, തിരുവനന്തപുരം
11) വിദ്യാഭിവർദ്ധിനി — മാസിക, കൊല്ലം
12) ജനയുഗം — വാരിക, കൊല്ലം
13) ദേശാഭിമാനി - വാരിക, കൊല്ലം
14) Screen Scoop Magazine, Kayamkulam.
15) സ്വരാട് വാരിക, കൊച്ചി
16) പ്രതാപ് വാരിക, കൊച്ചി
17) തിരുവിതാംകൂർ — ദ്വൈവാരികം, ഇൻഫർമേഷൻഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം.
18) അമൃതവാണി — മാസിക, കാലടി, ആലുവാ.
19) ഗ്രാമസ്വരാജ് വാരിക, ചങ്ങനാശേരി
20) വികടൻ — മാസിക, തിരുവനന്തപുരം
21) ആശാൻ — ദ്വൈവാരികം, നീണ്ടകര
22) ഗ്രന്ഥാലോകം — ദ്വൈമാസികം, തിരുവനന്തപുരം
23) ചൈത്രപ്രഭ - ത്രൈമാസികം, ശ്രീചിത്രാ ഹിന്ദുമതഗ്രന്ഥശാല, തിരുവനന്തപുരം
24) വനിതാരാമം മാസിക, കോട്ടയം
25) വിനോദം — മാസിക, തിരുവനന്തപുരം
26) വൈദ്യബന്ധു — മാസിക, കൊല്ലം
27) Sense & Cine — Monthly, Ernakulam.
28) രാജ്യാഭിമാനി — വാരിക, തൊടുപുഴ
29) വജ്രസൂചി — മാസിക, തലശ്ശേരി
30) രാമരാജ്യം - വാരിക, കോട്ടയം
31) പ്രതിദ്ധ്വനി - വാരിക, പുനലൂർ
32) ജനയുഗം — വാരിക, തൃശൂർ

### മനോഹരകലണ്ടറുകൾ

33) ശ്രീവിലാസ് പ്രസ്സ്, തിരുവനന്തപുരം
34) കെ. സി. മാത്യു & കമ്പനി, കോഴഞ്ചേരി
35) ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം
36) ഡാ: കെ. കരുണാകരൻ (സി. ഡി. എസ്.) ഹരിപ്പാട്
37) കാർത്തികപ്പള്ളിതാലൂക്ക് സെൻട്രൽ നോൺക്രെഡിററ് കോഓപ്പറേറീവ് സൊസൈററി, ഹരിപ്പാട്
38) എം. എസ്. & കമ്പനി, കൊല്ലം
39) ഭൂപതി പെൻസിൽ ഫാക്ടറി, കൊല്ലം
40) അശോകാപ്രസ്സ്, കൊല്ലം

# ടാഗോർ

## (സാഹിത്യപ്രധാനമായ മാസിക)

| ചീഫ് എഡിറ്റർ, | മാനേജിംഗ് എഡിറ്റർ, |
| --- | --- |
| ടി. കെ. നാരായണക്കുറുപ്പ് | കലവറ കൃഷ്ണൻനായർ ബി. ഏ. |

ഗുരുദേവന്റെ വിശദവിശാലങ്ങളും പാവനമധുരങ്ങളുമായ ഉൽകൃഷ്ടാശയാദർശങ്ങളെ കേരളത്തിന്റെ മാഹാത്മ്യമേറിയ സംസ്കാരപാരമ്പര്യങ്ങൾക്കു അനുയോജ്യമാംവണ്ണം നിലനിർത്തുന്നതിനുവേണ്ടിയും

ലോകത്തിന്റെ നാനാഭാഗങ്ങളിലും അധിവസിച്ചുപോരുന്ന മലയാളിസഹോദരന്മാരുമായുള്ള നമ്മുടെ ബന്ധം സുദൃഢവും സുന്ദരവും ആക്കുന്നതിനുവേണ്ടിയും

**നടത്തപ്പെടുന്ന ശ്രേഷ്ഠ സാഹിത്യ മാസിക**

വാർഷികവരിസംഖ്യ (എപ്പോഴും മുൻകൂർ.)

അഞ്ചലിൽ രൂ: ൨. പോസ്റ്റിൽ രൂ: ൩. ഇന്ത്യയ്ക്കുപുറമേ രൂ: ൪

**ഒററപ്രതി വില ണ. ൪.**

സമർത്ഥരായ ഏജന്റന്മാരെ കേരളത്തിലും പുറമെയും ചില സ്ഥലങ്ങളിൽക്കൂടി ആവശ്യമുണ്ട്.

പരസ്യക്കാർ, സഹൃദയലോകം ദേശഭേദമെന്യേ പരിലാളിക്കുന്ന ടാഗോർ മാസികയിൽ പരസ്യംചെയ്തു പ്രയോജനം സമാർജ്ജിക്കുക!

വിശദവിവരം അറിയണമെന്നുള്ളവർ ദയവായി എഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

---

മാന്യലേഖകന്മാരോട്:—

ലേഖനങ്ങൾ കടലാസിന്റെ ഒരുവശത്തു മാത്രം കഴിവതും വൃത്തിയായി എഴുതി അയയ്ക്കണമെന്ന് അപേക്ഷ. ചില ലേഖനങ്ങൾ സംസ്കരിക്കേണ്ടിവരുന്നതിനാലും, സ്ഥലപരിമിതിയാലും പ്രസിദ്ധീകരണത്തിന് ചിലപ്പോൾ താമസം നേരിടാം. അതിനു മുമ്പ് അക്ഷമരായി ലേഖനപ്പകർപ്പുകൾ മററു സഹജീവികൾക്ക അയച്ചുകൊടുക്കുന്നവർ ദയവായി ആ വിവരം ഞങ്ങളെ കാലേകൂട്ടി അറിയിക്കണമെന്നപേക്ഷ. സ്വീകാര്യമല്ലാതെ വരുന്ന ലേഖനങ്ങൾ മടക്കി അയയ്ക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സ്റ്റാമ്പുകൂടി ലേഖനത്തോടൊന്നിച്ചു അയച്ചുതരേണ്ടതാണ്.

Reg. No. T. 203.
License No. 433.

# TAGORE

Reg. No. M.
Dated 3-3-1944.


## SREE RAMA VILASAM
## Process Studio
## &
## Type Foundary
### QUILON.

**Halftone, Line, Colour and Label Blocks**
**in**
**Zinc & Copper.**

***Rates Moderate!*** ***Prompt Execution!***

Tri-colour & Cartoon blocks a Speciality !

All sizes and sorts of
Malayalam, Tamil, and English Types and Borders
in good metal are always available for sale
at moderate rates.

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ,
കള്ളർബ്ളാക്കുകൾ, ലേബൽബ്ളാക്കുകൾ മുതലായവ
സിങ്കിലും കാപ്പറിലും മിതമായ നിരക്കിൽ
കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും.

ട്രൈകള്ളർബ്ളാക്കുകളും, കാർട്ടൂൺ ബ്ളാക്കുകളും
ഞങ്ങളുടെ പ്രത്യേകതയാണ്.

ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള
അനവധി ഇനം ടൈപ്പുകളും, അനേകംജാതി
ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണ്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


Printed and published by T. K. Narayana Kurup at the Sree Rama Vilas Press, Quilon.